മേയ് 2008

# പഞ്ചായത്ത് രാജ്

പുസ്തകം 48

ലക്കം 2



## വി.എസ്. മന്ത്രിസഭ മൂന്നാം വർഷത്തിലേക്ക്

## തദ്ദേശസ്വയംഭരണ വകുപ്പ് അഭിമാനത്തോടെ വികസനകുതിപ്പിലേക്ക്...




### ആശ്രയയ്ക്ക് പൊതുഭരണ മികവിനുള്ള ദേശീയ പുരസ്കാരം



### പഞ്ചായത്തീരാജ് ദേശീയ സമ്മേളനം

## ഊടും പാവും

വികസനത്തിന്റെ



# ഗ്രാമസഭയിൽ പങ്കെടുക്കുക!
# അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട്
പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ
പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്


**പഞ്ചായത്ത് രാജ്**

വെബ്സൈറ്റ്
www.lsg.kerala.gov.in

മേയ് 2008
പുസ്തകം 48
ലക്കം 2
വാർഷിക വരിസംഖ്യ 90 രൂപ



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്** , ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**പി. വേണുഗോപാൽ,** ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**ബി.എസ്. പ്രസന്നൻ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ,** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ,** IAS
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
Ph: 0471-2321054

കവർ ഡിസൈൻ
**മനോജ് ട്രയോ ഗ്രാഫിക്സ്**

ലേ ഔട്ട്
**ഐസൻ ജോസ്**



**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**


# പേജുകളിൽ


4 എഡിറ്ററുടെ പേജ്

5 തദ്ദേശസ്വയംഭരണ വകുപ്പ് : അഭിമാനകരമായ നേട്ടങ്ങളുമായി മുന്നോട്ട്
- ജി. ഹരികൃഷ്ണൻ





പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനം 8
- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

12 പഞ്ചായത്തീരാജ് സംബന്ധിച്ച പതിനഞ്ചാം വാർഷികചാർട്ടർ
“കൂട്ടായ ഭരണത്തിലൂടെ കൂട്ടായ വളർച്ച”







അമൃത മഥനം 14

21 അഭിമുഖം
‘സ്ത്രീകൾ ചുറ്റുമതിലുകൾക്കുള്ളിൽ നിന്നും പൊതുധാരയിലേയ്ക്ക്’

23 ഗ്രാമപഞ്ചായത്തും കുടുംബശ്രീയും
- ആർ. പാർവ്വതീദേവി

27 തീരദേശ നിയന്ത്രണനിയമം :
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

30 ദൃശ്യം - കവിത
- തിരുമല ശിവൻകുട്ടി

31 മഴയെത്തും മുമ്പേ - മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ
- വി.കെ. ശ്രീധരൻ

32 പഞ്ചായത്ത് അക്കൗണ്ട്
- ഉദയഭാനു കണ്ടേത്ത്

35 നീർത്തടാധിഷ്ഠിത വികസനവും കാർഷിക, ജലസേചന പ്രവർത്തനങ്ങളും
- വി. സുഭാഷ് ചന്ദ്രബോസ്

37 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ
- റോയ് ചാക്കോ ഇളമണ്ണൂർ

38 വൈറൽ ഹെപ്പറ്റൈറ്റിസ്
- ഡോ. തോമസ് വർഗ്ഗീസ്

# കൂട്ടായ ഭരണത്തിലൂടെ കൂട്ടായ വളർച്ച



എഴുപത്തിമൂന്ന് എഴുപത്തിനാല് ഭരണഘടനാ ഭേദഗതിയുടെ പതിനഞ്ചാം വാർഷികവുമായി ബന്ധപ്പെട്ട് ഏപ്രിൽ 22 മുതൽ 24 വരെ ന്യൂദില്ലിയിൽ നടന്ന ദേശീയ കൺവെൻഷനിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് എത്തിയ എണ്ണായിരത്തിലധികം ജനപ്രതിനിധികൾ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി തയ്യാറാക്കിയ വിലയേറിയ ശുപാർശകൾ അടങ്ങിയ അവകാശരേഖ "കൂട്ടായ ഭരണത്തിലൂടെ കൂട്ടായ വളർച്ച" പ്രധാനമന്ത്രി ഡോ. മൻമോഹൻസിങിന് സമർപ്പിച്ചിരിക്കുകയണ്.

ദേശീയ തലത്തിൽ, പഞ്ചായത്തീരാജ് പ്രതിനിധികളും വിദഗ്ദ്ധരുമടങ്ങുന്ന ഒരു കോർ കമ്മിറ്റി കഴിഞ്ഞ മാർച്ച് മാസത്തിൽ അവകാശരേഖയുടെ കരട് തയ്യാറാക്കിയിരുന്നു. ഇതിലെ വിവാദമായ ചില ശുപാർശകൾ ഒഴിവാക്കിയാണ് ദേശീയ സമ്മേളനം അന്തിമരേഖയ്ക്ക് അംഗീകാരം നൽകിയത്. ഭരണഘടനാപരമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച അധികാരങ്ങളും ചുമതലകളും വിനിയോഗിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും വികസന ഭരണത്തിന്റെ കേന്ദ്രസ്ഥാനത്തേയ്ക്ക് ഉയരുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുകയെന്നതാണ് അവകാശരേഖയുടെ ലക്ഷ്യം. ചുമതലാപരവും സാമ്പത്തികവുമായ ശാക്തീകരണം, കാര്യശേഷി വർദ്ധനവ്, വികേന്ദ്രീകൃത ആസൂത്രണവും നിർവഹണവും, ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂളിനു കീഴിലുള്ള പ്രദേശങ്ങളിലും, 9, 9എ ഭാഗങ്ങളുടെ വ്യവസ്ഥകൾക്ക് കീഴിൽ വരാത്ത പ്രദേശങ്ങളിലെയും വികേന്ദ്രീകരണം, താഴെതട്ടിലെ ജനപങ്കാളിത്തം, ഗ്രാമീണ ബിസിനസ് കേന്ദ്രങ്ങൾ, മെച്ചപ്പെട്ട പ്രകടനത്തിനുള്ള ആനുകൂല്യം തുടങ്ങിയ മേഖലകളിൽ പരിഷ്ക്കരണങ്ങൾ വരുത്തി ഇന്ത്യയിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ശക്തമായ ശുപാർശകളാണ് അവകാശരേഖയിലുള്ളത്.

അധികാരവികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായി, ഭരണഘടനാപദവിയുള്ള സ്ഥാപനങ്ങളെ മറികടന്ന് പ്രവർത്തിക്കുന്ന സമാന്തരസംവിധാനങ്ങളായ ഏജൻസികളുടെയും മിഷനുകളുടെയുമെല്ലാം പൂർണ്ണ നിയന്ത്രണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന ശുപാർശ പ്രാധാന്യമർഹിക്കുന്നു. പഞ്ചായത്തുകളെ സ്വയംഭരണസ്ഥാപനങ്ങളാക്കുന്നതിനുവേണ്ടി ജുഡീഷ്യൽ അധികാരങ്ങൾ, പോലീസ്, റവന്യൂ, നിയന്ത്രണ, വികസന ചുമതലകൾ കൈമാറുക, പഞ്ചായത്തുകൾക്കുള്ള ഫണ്ട് ലഭ്യതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്ഥിരതയും, വ്യക്തതയും ഉറപ്പുവരുത്തുക, പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന കേന്ദ്രസംസ്ഥാന ഫണ്ടുകൾ അത്യാവശ്യമായ ചില മധ്യവർത്തി നടപടി സഹിതം അവയ്ക്ക് നേരിട്ട് ലഭ്യമാക്കുക, സംവരണ സീറ്റുകളുടെ കാലാവധി ദീർഘിപ്പിക്കുക, എം.പി., എം.എൽ.എ ഫണ്ട് പഞ്ചായത്ത് പദ്ധതികളുമായി സംയോജിപ്പിച്ച് വിനിയോഗിക്കുക, തദ്ദേശഭരണ വിദ്യാഭ്യാസം സ്ക്കൂൾ സിലബസിൽ ഉൾപ്പെടുത്തുക തുടങ്ങിയ ശുപാർശകൾ അവകാശരേഖയിൽ അടങ്ങിയിരിക്കുന്നു. ഇവയിൽ പലതും കേരളം നടപ്പാക്കിക്കൊണ്ടിരിക്കുന്നവയാണെന്നത് ശ്രദ്ധേയമാണ്. മാത്രമല്ല, ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം പരിപോഷിപ്പിക്കുന്നതിന് "കുടുംബശ്രീ' പോലുള്ള ശീലങ്ങൾ രാജ്യത്തൊട്ടാകെ പ്രചരിപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രതിനിധികളുടെ ദേശീയ ശൃംഖല രൂപീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതിലൂടെ അനുഭവങ്ങളും മാതൃകാ പ്രവർത്തനങ്ങളും പങ്കുവയ്ക്കുവാനും കൂട്ടായ ശബ്ദം ആർജ്ജിക്കുന്നതിനും അവസരം ലഭിക്കും.

പഞ്ചായത്തീരാജ് സംവിധാനത്തിന് ഭരണഘടനയുടെ പരിരക്ഷ ലഭിച്ചിട്ട് പതിനഞ്ച് വർഷമായെങ്കിലും അത് ആവിഷ്ക്കരിക്കുന്നതിൽ വിരലിലെണ്ണാവുന്ന സംസ്ഥാനങ്ങളിൽ മാത്രമാണ് പുരോഗതി ഉണ്ടായിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക വികസനത്തിന്റെ കേന്ദ്രബിന്ദുക്കളായി പരിവർത്തനപ്പെടുത്തിയാൽ മാത്രമേ ഗ്രാമീണനും നാഗരികനും, ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം ഇല്ലാതാക്കുവാനും ഐശ്വര്യസമൃദ്ധമായ രാഷ്ട്രം കെട്ടിപ്പടുക്കുവാനും കഴിയുകയുള്ളൂ. അവകാശരേഖയിലെ ശുപാർശകൾ കേന്ദ്രം പരിഗണിക്കുമെന്ന പ്രധാനമന്ത്രിയുടെ ഉറപ്പ് ഇന്ത്യയിലെ ഗ്രാമീണർക്ക് പ്രതീക്ഷ നൽകിയിരിക്കുകയാണ്.

**എഡിറ്റർ**



ജി. ഹരികൃഷ്ണൻ



# തദ്ദേശസ്വയംഭരണ വകുപ്പ് അഭിമാനകരമായ നേട്ടങ്ങളുമായി മുന്നോട്ട്

ജനക്ഷേമകരവും വികസനപരവുമായ നിരവധി പദ്ധതികൾ നടപ്പാക്കി മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മൂന്നാം വർഷത്തിലേക്ക് കടന്നു. വികേന്ദ്രീകൃതാസൂത്രണ രംഗത്ത് കഴിഞ്ഞ പത്ത് വർഷത്തെ വികസനാനുഭവങ്ങളുടെ നേട്ടകോട്ട വിശകലനത്തിലൂടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് അഭിമാനകരമായ പ്രവർത്തനമാണ് ഇക്കാലയളവിൽ കാഴ്ചവെച്ചത്.

മന്തിസഭ അധികാരമേറ്റയുടൻ തന്നെ വികസന കാഴ്ചപ്പാട് വ്യക്തമാക്കിക്കൊണ്ട് വകുപ്പുതലത്തിൽ അഴിച്ചുപണി നടത്തിയിരുന്നു. ത്രിതല പഞ്ചായത്തുകളുടെ ഏകോപനവും സ്ഥലപരമായ സംയോജനവും ഉറപ്പുവരുത്തുന്നതിനും പ്രാദേശിക വികസന പദ്ധതികൾക്കൊപ്പം ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ സംയോജനത്തിനും വേണ്ടി ഗ്രാമവികസന വകുപ്പും തദ്ദേശസ്വയംഭരണവകുപ്പും സംയോജിപ്പിച്ച് ഒരു മന്ത്രിയുടെയും ഒരു പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ ശക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് ഏകോപിപ്പിക്കപ്പെട്ടു. പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽ നിന്നും പുനർവിന്യസിച്ച സാങ്കേതിക വിഭാഗം ജീവനക്കാരെയും പഞ്ചായത്ത്, ഗ്രാമ വികസന വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന സാങ്കേതിക ജീവനക്കാരെയും ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ഒരു പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എല്ലാ മരാമത്ത് പണികളുടെയും പദ്ധതി രൂപീകരണം മുതൽ പൂർത്തീകരണം വരെയുള്ള സാങ്കേതിക നടപടി ക്രമങ്ങളുടെ സുഗമമായി നടത്തിപ്പിന് സൗകര്യം ഒരുക്കി.

ഒമ്പതും പത്തും പഞ്ചവത്സരപദ്ധതികളുടെ അനുഭവത്തിലൂടെ നിലവിലുള്ള പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ സംസ്ഥാനത്ത് സുസ്ഥിരമാക്കുന്നതിന് പതിനൊന്നാം പദ്ധതി, ജനകീയാസൂത്രണ പദ്ധതിയായാണ് നടപ്പാക്കുന്നത്. 2007-08 സാമ്പത്തിക വർഷം 87 ശതമാനം പദ്ധതി തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച് അപൂർവ്വ നേട്ടം കൈവരിച്ചതിലൂടെ പതിനൊന്നാം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവാദങ്ങൾ അസ്ഥാനത്തായി. വികേന്ദ്രീകരണത്തിലെ നാളിതുവരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ കണക്കുകൾ ചിട്ടപ്പെടുത്തുന്നതിന് കർക്കശമായ നിലപാട് സ്വീകരിച്ചതിനാൽ കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിൽ 12 എണ്ണം ഒഴികെ മറ്റെല്ലായിടത്തും കണക്കുകൾ പൂർണ്ണമായും ക്രമപ്പെടുത്താൻ കഴിഞ്ഞു. അതുപോലെ തന്നെ സമൂഹത്തിൽ തീരെ അവശത അനുഭവിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ ചെലവഴിക്കാതെയും വകമാറ്റി ചെലവഴിച്ചതോ ആയ തുക സർക്കാരിന്റെ വിട്ടുവീഴ്ചയില്ലാത്ത സമീപനത്തെ തുടർന്ന് പരിഹാരവകയിരുത്തൽ നടത്തുന്നതിന് കഴിഞ്ഞു. 132.95 കോടി രൂപയാണ് ഈ മേഖലയിൽ പരിഹാര വകയിരുത്തൽ നടത്താനായത്.





പഞ്ചവത്സരപദ്ധതി വീണ്ടും ജനകീയാസൂത്രണപദ്ധതി. ഉൽപാദനമേഖലയ്ക്കു മുൻഗണന.

ആശ്രയയ്ക്ക് ദേശീയ പുരസ്കാരം. നിരാലംബരായ കുടുംബങ്ങൾക്കുള്ള ആശ്രയ പദ്ധതി – മുഴുവൻ പഞ്ചായത്തുകളിലും

എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ ഇ. എം. എസ് ഭവന നിർമ്മാണ പദ്ധതി.

നഗരകാര്യവകുപ്പ്, പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള ഊർജ്ജിത പ്രവർത്തനം.

ഉൽപാദന മേഖലയുടെ വളർച്ചയ്ക്ക് കുടുംബശ്രീയുടെ സമഗ്ര പദ്ധതികൾ.

കേരളത്തിന്റെ ശുചീകരണത്തിന് മാലിന്യമുക്ത കേരളം പദ്ധതി. ഖരമാലിന്യ സംസ്ക്കരണത്തിൽ വൻ പുരോഗതി.

കെട്ടിട നികുതിയും ഭവന വായ്പ കുടിശ്ശികയും അടയ്ക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

സാനിറ്റേഷൻ മിഷൻ ക്ലിൻകേരള മിഷനും സംയോജിപ്പിച്ച് ശുചിത്വമിഷന്റെ രൂപീകരണം.



ഓഫീസുകൾ ജനസൗഹൃദമാക്കാൻ ഫ്രണ്ട് ഓഫീസുകൾ

സ്ഥലംമാറ്റങ്ങൾക്ക് മാതൃകാ മാനദണ്ഡം.

കേന്ദ്രപദ്ധതികൾ നേടുന്നതിൽ റെക്കോർഡു നേട്ടം –PMGSY 294 കോടി SGRY 102 കോടി ഹരിയാലി 73 കോടി NREGP 100 കോടി.

ഗ്രാമവികസനം ലക്ഷ്യമാക്കിയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ വൻപുരോഗതി.

സംസ്ഥാനത്തൊട്ടാകെ കനം കുറഞ്ഞ പ്ലാസ്റ്റിക് നിരോധനം. 216 ഗ്രാമപഞ്ചായത്തുകൾക്കും 6 ബ്ലോക്കുകൾക്കും നിർമൽ ദേശീയ പുരസ്കാരം.

കെട്ടിട നിർമ്മാണ ചട്ടം സംസ്ഥാനത്തൊട്ടാകെ ബാധകമാക്കി. അനധികൃത നിർമ്മാണങ്ങൾക്കെതിരെ ശക്തമായ നടപടി.

ദാരിദ്ര്യമേഖലയ്ക്ക് താഴെയുള്ളവരുടെ പട്ടിക തയ്യാറാക്കാൻ പുതിയ മാനദണ്ഡം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കലിൽ കേരളം ദേശീയ മാതൃക. പദ്ധതി നടത്തിപ്പിന് പ്രത്യേക മിഷൻ.

തലസ്ഥാനവികസനത്തിന് വിദേശ നഗരഗതാഗതാസൂത്രണ പദ്ധതി.

നഗരവികസനത്തിന് 3150 കോടിയുടെ പദ്ധതികൾ – KSUDP 1450 കോടി, JNNRUM 714 കോടി, UIDSSMT 577 കോടി, IHSDP 111 കോടി, 298 കോടി.

ജനന മരണ രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരണം.

കുടുംബശ്രീ ചന്തകളിലൂടെ ഗ്രാമീണ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണന സാദ്ധ്യതകൾ.

ന്യൂനപക്ഷ ക്ഷേമത്തിന് പ്രത്യേക സംവിധാനവും ബഡ്ജറ്റ് വിഹിതവും.

കിലയ്ക്ക് ദേശീയ അംഗീകാരം. നഗര ഗ്രാമ വികസന കോർപ്പറേഷൻ ലാഭത്തിൽ.

ആയിരക്കണക്കിനാളുകൾക്ക് ആശ്വാസം മേഖലാ നിയന്ത്രണങ്ങളിൽ മാറ്റം.

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് വികസന അതോറിറ്റികളുടെ പ്രവർത്തനം നഗരസഭകൾക്ക്.



തദ്ദേശസ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് കേഡർ.



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം കൂട്ടാൻ നടപടി. ധനപര കാര്യക്ഷമതയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുരോഗതിയിൽ.

വിദ്യാഭ്യാസ ആരോഗ്യ മേഖലകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി.

ജില്ലാ ആസൂത്രണ സമിതികൾ ശക്തിപ്പെടുത്തി.

സംസ്ഥാനം അഭിമുഖീകരിക്കുന്ന മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി മാലിന്യമുക്ത കേരളം പരിപാടിക്ക് തുടക്കം കുറിച്ചു. ഊർജ്ജിതമായ പ്രവർത്തനം നടത്തിയതിലൂടെ 2007 ൽ 219 ഗ്രാമപഞ്ചായത്തുകൾക്കും 6 ബ്ലോക്ക് പഞ്ചായത്തുകൾക്കും കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിർമ്മൽ ഗ്രാമപുരസ്ക്കാരം ലഭിക്കുകയുണ്ടായി. മാലിന്യമുക്ത കേരളം പരിപാടിയുടെ രണ്ടാംഘട്ടത്തിന്റെ കർമ്മരേഖ രാഷ്ട്രപതി പ്രതിഭാപാട്ടീൽ 2007 നവംബർ 1ന് പ്രകാശനം ചെയ്തിരുന്നു. സംസ്ഥാനത്തെ മാലിന്യമുക്തമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മാലിന്യ നിർമ്മാർജ്ജന രംഗത്ത് ഏറ്റവുമധികം തലവേദന സൃഷ്ടിച്ച പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചു. 30 മൈക്രോണിൽ താഴെയുള്ള വയ്ക്കാണ് സർക്കാർ ആദ്യം നിരോധനം ഏർപ്പെടുത്തിയിരുന്നത്. എന്നാൽ ഇതുകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കാത്തതിനാൽ ഇപ്പോൾ 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗും പ്ലാസ്റ്റിക് കപ്പുകളും ബോട്ടിലുകളും നിരോധിച്ചു കൊണ്ട് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യമുക്ത കേരളം പരിപാടിക്ക് മെച്ചപ്പെട്ട ഫലപ്രാപ്തി ലഭിക്കുന്നതിന് സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിക്കുകയും, പദ്ധതി നടത്തിപ്പിൽ ആവർത്തനങ്ങളും വിഭവങ്ങളുടെ ദുർവിനിയോഗവും ഒഴിവാക്കുകയും ചെയ്തു.

പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും ഒട്ടനവധി പരിഷ്ക്കരണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ടെണ്ടർ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്താവുന്ന പ്രവർത്തികളുടെ അടങ്കൽ തുക നിലവിലുള്ള 50,000/- രൂപയിൽ നിന്നും അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ പഞ്ചായത്തുകളിലെ ജോലി ഭാരം കണക്കിലെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ രണ്ടു ജീവനക്കാരെ വീതം ഓരോ പഞ്ചായത്തിനും നിയമിക്കാൻ അനുമതിയും നൽകിയിരുന്നു. 2008–11 കാലയളവിൽ ഭവനരഹിതരായ എല്ലാ ദരിദ്ര കുടുംബങ്ങൾക്കും വീട് നൽകുന്നതിനും ഭൂരഹിത – ഭവന രഹിതരായ എല്ലാ കുടുംബങ്ങൾക്കും വീട് വയ്ക്കാൻ സ്ഥലമോ വീടോ നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇ.എം.എസ്.പാർപ്പിട പദ്ധതി നടപ്പാക്കാനും ശുചിത്വം, കുടിവെള്ളം തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നൽകി പ്രോജക്ടുകൾ തയ്യാറാക്കാനും ഇവയ്ക്കായി വകയിരുത്തുന്ന തുക മേഖലാ വിഭജന പരിധിയിൽ നിന്നും ഒഴിവാക്കാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. ദേശീയ അംഗീകാരം ലഭിച്ച ആശ്രയപദ്ധതി എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പഞ്ചായത്തുകൾക്ക് മാത്രമായി കെട്ടിട നിർമ്മാണചട്ടം രുപീകരിക്കുന്നതുവരെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കിയതിലൂടെ കെട്ടിട നിർമ്മാണരംഗത്ത് ഏകീകൃതമായി നിയമം നടപ്പാക്കുന്നതിന് കഴിഞ്ഞു. ചട്ടം ബാധകമാക്കിയതിനെ തുടർന്ന് ഉണ്ടായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവർത്തിച്ച് സർക്കുലറുകളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചത് പൊതുജനങ്ങൾക്ക് വളരെയധികം ആശ്വാസമായി. അനധികൃത നിർമ്മാണത്തെ നിരുത്സാഹപ്പെടുത്തുന്ന തരത്തിൽ കർശന നിലപാട് സ്വീകരിച്ചുവരുന്നത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനത്തിലുണ്ടായ ഗണ്യമായ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു. റിവിഷനും അപ്പീലും മുഖേന കെട്ടിട നികുതിയിൽ യഥേഷ്ടം ഇളവ് നൽകാനുള്ള അധികാരം എടുത്തുകളഞ്ഞു. നികുതികളിൽ നിന്ന് പരിധിയില്ലാതെ ഇളവ് അനുവദിക്കുന്നത് നിയന്ത്രിച്ചു. 14 വർഷമായി മാറ്റമില്ലാതെ തുടരുന്ന കെട്ടിട നികുതി അഴിമതിക്കും വിവേചനത്തിനും ഇടവരാത്തവിധം പരിഷ്ക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനസൗഹൃദവുമാക്കി മാറ്റുന്നതിന് നിരവധി നടപടികൾക്ക് ഇതിനോടകം തന്നെ തുടക്കം കുറിച്ചു കഴിഞ്ഞു. പ്രാദേശിക സർക്കാരുകൾക്ക് ഒരു ദിശാബോധം നൽകാനും പുത്തൻ മേഖലകളിലേക്ക് കൈപിടിച്ച് നടത്താനും അവയിൽ പലതിനും കഴിഞ്ഞിട്ടുമുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ അനന്തസാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി ജനസൗഹൃദ സദ്ഭരണത്തിലേക്കുള്ള ഈ മുന്നോട്ട് പോക്ക് വരും നാളുകളിൽ വികസന ക്ഷേമ രംഗങ്ങളിൽ വൻമാറ്റങ്ങൾക്ക് വഴിയൊരുക്കും.



## പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനം

# പഞ്ചായത്തീരാജ് ശാക്തീകരണം: അവകാശരേഖ കൈമാറി

ത്രിതല പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭരണഘടനാ ഭേദഗതിയുടെ പതിനഞ്ചാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനം ഏപ്രിൽ 22 മുതൽ 24 വരെ ന്യൂദില്ലിയിൽ നടന്നു. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും എണ്ണായിരത്തിലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സമാപന ദിവസം പ്രതിനിധികൾ സമ്മേളനത്തിൽ പാസാക്കിയ പഞ്ചായത്തീരാജിന്റെ പതിനഞ്ചാം വാർഷിക അവകാശരേഖ "കൂട്ടായ ഭരണത്തിലൂടെ കൂട്ടായ വളർച്ച" (Inclusive growth through inclusive governance) പ്രധാനമന്ത്രി ഡോ. മൻമോഹൻസിങിന് കൈമാറി.

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിലെ 29 വിഷയത്തിന്റെയും ഉത്തരവാദിത്തം പഞ്ചായത്തുകൾക്ക് വികേന്ദ്രീകരിച്ച് നൽകുക, പഞ്ചായത്തുകളെ സ്വയം ഭരണസ്ഥാപനങ്ങളാക്കുന്നതിനുവേണ്ടി ജുഡീഷ്യൽ അധികാരങ്ങൾ, പോലീസ്, റവന്യൂ, നിയന്ത്രണ, വികസന ചുമതലകൾ എന്നിവ കൈമാറുക തുടങ്ങിയവയാണ് സമ്മേളനം അംഗീകരിച്ച അവകാശരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ.

ഗ്രാമീണവികസന ഏജൻസികൾ, സർവ്വശിക്ഷാ അഭിയാൻ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം, ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ തുടങ്ങിയ സമാന്തര സൊസൈറ്റികളും ഏജൻസികളും കമ്മിറ്റികളും മിഷനുകളും റദ്ദാക്കുകയോ അതല്ലെങ്കിൽ, അവയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന സാങ്കേതികവും അല്ലാത്തതുമായ മനുഷ്യശേഷി പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിൽ ലയിപ്പിക്കുകയോ വേണമെന്നും അവകാശരേഖ ശുപാർശ ചെയ്യുന്നു.

പഞ്ചായത്തുകൾ തയ്യാറാക്കുന്ന പുതുമയുള്ള നിർദ്ദേശത്തിന് ധനസഹായം നൽകാൻ സർക്കാരിതര സംഘടനകൾക്കു ലഭ്യമായിരിക്കുന്ന അതേ രീതിയിൽ കേന്ദ്രത്തിൽ വേറിട്ട ധനസഹായജാലകം ഉണ്ടാകണം, കേന്ദ്രവും സംസ്ഥാനങ്ങളും പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന ഫണ്ടുകൾ അത്യാവശ്യമായ ചില മധ്യവർത്തി നടപടി സഹിതം അവയ്ക്ക് നേരിട്ട് ലഭ്യമാക്കണം എന്നീ നിർദ്ദേശങ്ങളും അവകാശരേഖയിലുണ്ട്. ഇതടക്കമുള്ള അവകാശരേഖയിലെ എല്ലാ ശുപാർശയും കേന്ദ്ര മന്ത്രിസഭയും പഞ്ചായത്തുമന്ത്രിമാരുടെ സമിതിയും ദേശീയ വികസന സമിതിയും പരിഗണിക്കുമെന്ന് സമാപനചടങ്ങിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് പറഞ്ഞു.

രാഷ്ട്രവികസനത്തിന് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയുമെന്ന് ഈ മഹാസമ്മേളനം തെളിയിക്കുന്നതായി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണി ശങ്കർ അയ്യർ പറഞ്ഞു. ഇന്ത്യയിലെ പഞ്ചായത്തംഗങ്ങളായ സ്ത്രീകളുടെ എണ്ണം മറ്റെല്ലാ രാജ്യത്തെയും തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകളുടെ എണ്ണത്തേക്കാൾ കൂടുതലാണെന്നത് അഭിമാനകരമാണെന്ന് സമാപന ചടങ്ങിൽ യുപിഎ അധ്യക്ഷ സോണിയാ ഗാന്ധി പറഞ്ഞു.

'പഞ്ചായത്തുകളുടെ സ്ഥിതി 2007-2008' എന്ന പഠനം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശാന്തകുമാരി പ്രധാനമന്ത്രിക്കു നൽകിയും വനിതാപ്രതിനിധികളെക്കുറിച്ചുള്ള പഠനം ആൻഡമാൻ നിക്കോബാർ ദ്വീപിലെ ജനപ്രതിനിധി മറിയംബീവി സോണിയാഗാന്ധിക്കു നൽകിയും പ്രകാശനം ചെയ്തു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണിശങ്കർ അയ്യർ അധ്യക്ഷനായിരുന്നു. തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടി അടക്കം വിവിധ സംസ്ഥാന മന്ത്രിമാർ സമ്മേളനത്തെ സംബോധന ചെയ്തു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*






## പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനം

# അവകാശരേഖയിലെ ശുപാർശകൾ പരിഗണിക്കും : പ്രധാനമന്ത്രി

*(ന്യൂദില്ലിയിൽ നടന്ന ദേശീയ പഞ്ചായത്തീരാജ് സമ്മേളനത്തിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് നടത്തിയ പ്രസംഗത്തിൽ നിന്ന്)*

ഇന്ന് ചരിത്രദിവസമാണ്. പഞ്ചായത്തീരാജിന്റെ 15-ാം വാർഷികം നാം ആഘോഷിക്കുന്നു. രാജ്യത്തുടനീളമുള്ള ആയിരക്കണക്കിന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് രാജ് ജനപ്രതിനിധികൾ ദില്ലിയിൽ വന്നിരിക്കുന്നു. സാധാരണക്കാരന്റെ ശബ്ദം പഞ്ചായത്തുകളിൽ നിന്നും പ്രധാനമന്ത്രിയിലെത്തിക്കുകയാണ് നമ്മുടെ ലക്ഷ്യം.

കഴിഞ്ഞ നാല് വർഷമായി യു.പി.എ സർക്കാർ ഇന്ത്യയുടെ ഗ്രാമങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ദേശങ്ങളും സമൂഹങ്ങളും തമ്മിൽ വിവേചനമില്ലാത്ത, ഒരു കൂട്ടായ സമൂഹത്തെ കെട്ടിപ്പടുക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. ഗ്രാമവും നഗരവും, ധനികനും ദരിദ്രനും, വിദ്യാഭ്യാസമുള്ളവനും ഇല്ലാത്തവനും, ശക്തനും ദുർബലനും തമ്മിലുള്ള അന്തരം ഇല്ലാതാക്കണം. സ്വാതന്ത്ര്യാനന്തരം പണ്ഡിറ്റ് ജവഹർലാൽ നെഹ്രു തുടക്കം കുറിച്ച ദാരിദ്ര്യത്തിനും, രോഗങ്ങൾക്കും, നിരക്ഷരതയ്ക്കുമെതിരായ പോരാട്ടം ഇന്നും തുടർന്നു വരുന്നു.

യു.പി.എ സർക്കാർ അധികാരമേറിയ ശേഷം, ഗ്രാമപ്രദേശങ്ങളുടെ വികസനത്തിനും ക്ഷേമത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി ചെലവഴിക്കുന്ന തുക നാല് മടങ്ങായി വർദ്ധിപ്പിച്ചിരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ, ഭാരത് നിർമ്മാൺ തുടങ്ങിയ നിരവധി പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം പരിപാടികൾക്കായി, മുൻ കാലങ്ങളിലൊന്നുമുണ്ടാകാത്ത വിധം ചെലവഴിക്കപ്പെടുന്ന തുക, മെച്ചപ്പെട്ട ഫലം നൽകുന്നുവെന്ന് നാം കൂട്ടായി ഉറപ്പുവരുത്തണം. കേന്ദ്രാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പങ്ക് പ്രബലപ്പെടുത്തുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പരിപാടി നടപ്പാക്കുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. പിന്നോക്ക പ്രദേശഗ്രാന്റ് ഫണ്ടിൽ പഞ്ചായത്തുകൾക്ക് അവരുടേതായ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

'എല്ലാവർക്കും വിദ്യാഭ്യാസം' പരിപാടിയിൻ കീഴിൽ പ്രാദേശിക സ്കൂളുകളെ പരിപാലിക്കുന്നതിൽ പഞ്ചായത്തുകൾ പ്രധാന പങ്ക് നിർവഹിക്കുന്നു. ഇത്തരം നടപടികളിലുടെ എല്ലാ ജനവാസ കേന്ദ്രങ്ങളിലും സ്കൂളുകൾ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പോഷകാഹാരപരിപാടിയുടെ നടത്തിപ്പിൽ കൂടുതൽ ശ്രദ്ധ ഉണ്ടാവേണ്ടിയിരിക്കുന്നു. പഞ്ചായത്തുകളെ കൂടി പങ്കെടുപ്പിച്ചു വേണം സംയോജിത ശിശുവികസന പരിപാടി നടപ്പിലാക്കേണ്ടത്.

ഭരണഘടനാപരമായി, കേന്ദ്രം, സംസ്ഥാനം, പഞ്ചായത്ത് എന്നീ മൂന്നു തലങ്ങൾക്കും അവയുടേതായ പങ്ക് നിർവഹിക്കേണ്ടതുണ്ട്. പദ്ധതികളുടെ നിർവഹണം, ഏത് തലത്തിലാണോ ഫലപ്രദമായ രീതിയിൽ നടത്തുവാൻ കഴിയുന്നത് ആ തലത്തിൽ അത് ആവിഷ്ക്കരിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങളിൽ മിക്കതും പ്രാദേശികതലത്തിൽ മികച്ച രീതിയിൽ നിർവഹിക്കപ്പെടാവുന്നതാണ്. അതുകൊണ്ടാണ് വിദ്യാഭ്യാസം, ശുചിത്വം, ആരോഗ്യം തുടങ്ങിയ പരിപാടികളുടെ നടത്തിപ്പിൽ പഞ്ചായത്തുകൾക്ക് നേരിട്ട് പങ്കാളിത്തം നൽകുന്നതിന് പ്രാമുഖ്യം നൽകി വരുന്നത്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാസാക്കിയതാണ് ഗ്രാമവികസന കാര്യത്തിൽ ഈ സർക്കാർ എടുത്ത ചരിത്രപരമായ തീരുമാനം. ഗ്രാമങ്ങളിലെ തൊഴിലന്വേഷകർക്ക് തൊഴിലിനുള്ള അവകാശം ഈ നിയമത്തിലൂടെ ഉറപ്പുവരുത്തുന്നു. 2008 ഏപ്രിൽ 1 മുതൽ രാജ്യത്തൊട്ടാകെ തൊഴി



*"പഞ്ചായത്തുകളുടെ സ്ഥിതി 2007–08" പഠന റിപ്പോർട്ട് പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് പ്രകാശനം ചെയ്യുന്നു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണി ശങ്കർ അയ്യർ, യു.പി.എ അദ്ധ്യക്ഷ സോണിയാഗാന്ധി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശാന്തകുമാരി തുടങ്ങിയവർ സമീപം.*
*(ഫോട്ടോ എസ്. ആർ. രവി നായർ)*

ലുറപ്പ് പദ്ധതി പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. ഗ്രാമങ്ങളിലെ ഭക്ഷ്യ തൊഴിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഇതിനു കഴിയും. പദ്ധതി നിർവഹണത്തിൽ പ്രധാന പങ്കാണ് പഞ്ചായത്തുകൾക്ക് ഉള്ളത്. പഞ്ചായത്തിലെ ജനപ്രതിനിധികൾ പദ്ധതിയുടെ നിർവഹണത്തോടൊപ്പം മോണിറ്ററിംഗും നടത്തണം. കഴിഞ്ഞ 2 വർഷമായി 10000 കോടി രൂപയാണ് തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ചെലവഴിച്ചത്.

പഞ്ചായത്തീരാജ് സംവിധാനം സജ്ജമാക്കേണ്ടത് ഓരോ സംസ്ഥാന സർക്കാരിന്റേയും സംസ്ഥാന നിയമസഭയുടെയും ഉത്തരവാദിത്വമാണെന്ന് ഭരണഘടന വ്യക്തമായി നിർവചിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് അവയുടേതായ ചുറ്റുപാടുകളും താൽപര്യങ്ങളുമുണ്ട്. അതുകൊണ്ട് തന്നെ കഴിഞ്ഞ 15 വർഷകാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് വിവിധ സംസ്ഥാനങ്ങൾ വിവിധ മാർഗ്ഗങ്ങളാണ് കൈക്കൊണ്ടത്. ചില സംസ്ഥാനങ്ങൾ വളരെ വലിയ അളവിൽ ഇത് നടപ്പിൽ വരുത്തിയിട്ടുണ്ട്. മറ്റുചിലർക്ക് ഇനിയും ധാരാളം സഞ്ചരിക്കേണ്ടതുണ്ട്. ഈ വിഷയം ചർച്ചയ്ക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു.

ഏകദേശം 32 ലക്ഷം ജനപ്രതിനിധികളടങ്ങുന്ന 2.5 ലക്ഷം പ്രാദേശിക ഭരണസ്ഥപനങ്ങൾ രാജ്യത്ത് പ്രവർത്തിക്കുന്നുവെന്ന് അഭിമാനപുരസരം ഇന്ന് നമുക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും. പട്ടിക ജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രതിനിധികൾ ഉത്തരവാദിത്വ നിർവഹണത്തിൽ തുല്യമായ പങ്ക് വഹിക്കുന്നു. ഇന്ത്യയിലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ വനിതാ ജനപ്രതിനിധികളുടെ എണ്ണം മറ്റ് രാജ്യങ്ങളുടെ ആകെ തെരെഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ എണ്ണത്തേക്കാളേറെയാണ് എന്നതാണ് ഈ മേഖലയിലെ മഹത്തായ നേട്ടം. ലോകചരിത്രത്തിലും ആധുനിക കാലഘട്ടത്തിലും ഇതിന് സമാനതകളില്ല.

**രാഷ്ട്രത്തിന്റെ പുരോഗതിയിൽ പഞ്ചായത്തുകളെ പൂർണ്ണമായും ഉൾക്കൊള്ളിക്കുന്നതിന്, കേന്ദ്രസംസ്ഥാന പദ്ധതികളുടെ നടത്തിപ്പിൽ ഏതെല്ലാം തരം മാറ്റങ്ങളാണ് വരുത്താൻ കഴിയുക യെന്ന് തീരുമാനിക്കും**

വിവരാവകാശ നിയമപ്രകാരം ഏതൊരു സാധാരണ പൗരനും സർക്കാരിൽ നിന്നും വിവരം ലഭിക്കുന്നതിന് അവകാശമുണ്ട്. അഴിമതി തടയുന്നതിന്, പ്രവർത്തികൾക്ക് വിനിയോഗിച്ച വിഭവവും അവയുടെ ഉപയോഗവും ഉൾപ്പെടുന്ന വിവരങ്ങൾ ഗ്രാമസഭകൾക്കു മുമ്പാകെ നൽകണം,

പരിശീലനവും ആവശ്യമാണ്. ലക്ഷക്കണക്കിന് വരുന്ന ജനപ്രതിനിധികൾക്ക് പരിശീലനം നൽകി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട അറിവുകൾ നൽകുന്നത് അത്ര നിസ്സാര ജോലിയല്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇത് അനായാസം നടത്താൻ കഴിയും. ഓരോ പഞ്ചായത്ത് ആഫീസിലും ദേശീയ ഇ - ഗവർണൻസ് സ്കീം പ്രകാരം കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തണം. സമയബന്ധിതമായി ഈ പ്രവർത്തനം പൂർത്തിയാക്കുന്നതിന് സർക്കാരിന് ഒരു വിദഗ്ദ്ധ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് പരിഗണനയിലാണ്. ഈ പുതിയ പരിപാടി ഉടൻ ഏറ്റെടുക്കും.

പഞ്ചായത്തീരാജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നിങ്ങളുടെ ശുപാർശകൾ കേന്ദ്ര മന്ത്രിസഭ പൂർണ്ണമായും പരിഗണിക്കുമെന്ന് ഞാൻ ഉറപ്പുനൽകുന്നു. രാഷ്ട്രത്തിന്റെ പുരോഗതിയിൽ പഞ്ചായത്തുകളെ പൂർണ്ണമായും ഉൾക്കൊള്ളിക്കുന്നതിന്, കേന്ദ്രസംസ്ഥാന പദ്ധതികളുടെ നടത്തിപ്പിൽ ഏതെല്ലാം തരം മാറ്റങ്ങളാണ് വരുത്താൻ കഴിയുകയെന്നത് തീരുമാനിക്കും. രാജ്യത്തിന്റെ വികസനത്തിൽ ഓരോ പൗരനെയും പങ്കാളിയാക്കുകയാണ് പതിനൊ ന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്ത് മന്ത്രിമാരുടെ സമിതിയും, ദേശീയ വികസന കൗൺസിലും നിങ്ങളുടെ ശുപാർശകൾ പരിഗണിക്കും.

ഓരോ പൗരനും, അവൻ ദരിദ്രനായാലും ധനികനായാലും പഞ്ചായത്തീരാജിലൂടെ ഭാവി പടുത്തുയർത്തുന്നതിനുള്ള ഒരു അവസരം ഉണ്ടാകണം. ഇത് ഇന്ത്യയെ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം എന്നു മാത്രമല്ല, ഏറ്റവും വലിയ പ്രവർത്തനക്ഷമമായ ജനാധിപത്യ രാഷ്ട്രമാക്കുക തന്നെ ചെയ്യും. ഓരോ പൗരനും അഭിവൃദ്ധിപ്പെടാനുള്ള വഴി ഇതാണ്. ഈ അഭിവൃദ്ധി ഭവനത്തിലും ഓരോ ഭാരതീയ മനസുകളിലും എത്തിപ്പെടുമ്പോൾ മാത്രമേ രാജീവ്ഗാന്ധിയുടെ സ്വപ്നം സാക്ഷാത്കരിക്കൂ.





പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനം

## പഞ്ചായത്തീരാജ് ശാക്തീകരണം:

# ഇനിയും കാലതാമസം ഉണ്ടാകരുത്

**പാലോളി മുഹമ്മദ്കുട്ടി**

പഞ്ചായത്ത് രാജിനെ ഭരണഘടനാബന്ധിതമാക്കിയതിന്റെ പതിനഞ്ചാം വാർഷികവുമായി ബന്ധപ്പെട്ടാണല്ലോ ഈ സമ്മേളനം ചേരുന്നത്. പതിനഞ്ചു വർഷങ്ങളിലെ അനുഭവങ്ങൾ വിലയിരുത്താനും വീഴ്ചകൾ വിമർശനപരമായി വിലയിരുത്താനും നേട്ടങ്ങളിൽ സംതൃപ്തിയടയാനും എല്ലാം ഈ അവസരം ഉപയോഗിക്കണം. ഉറച്ചകാൽവെപ്പുകളോടെ കൂടുതൽ വേഗത്തിൽ മുന്നോട്ടു പോകാൻ ഈ പാഠങ്ങൾ സഹായകമാകണം. ഇന്ത്യയിലെ പഞ്ചായത്തുകളുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തനാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന ഒരു പ്രവർത്തന രൂപരേഖ ഈ സമ്മേളനത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വരുമെന്ന് പ്രതീക്ഷിക്കുന്നു.

വികേന്ദ്രീകരണം ഒരു തുടർപ്രക്രിയയാണ്. അത് സംസ്ഥാന സർക്കാരുകളിലേക്കും തദ്ദേശഭരണസ്ഥാപനങ്ങളിലേക്കും പരിമിതപ്പെടുത്താൻ പാടില്ല. അതു കേന്ദ്രത്തിൽ നിന്നു തുടങ്ങണം. ചുമതലകളും അധികാരവും വിഭവങ്ങളും കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരുകളിലൂടെ പ്രാദേശിക സർക്കാരുകളിലേക്കും ഗ്രാമസഭകളിലേക്കും ആത്യന്തികമായി ജനങ്ങളിലേക്കും ഒഴുക്കുന്ന ഒരു പ്രക്രിയയാണ് വികേന്ദ്രീകരണം. അധികാരവികേന്ദ്രീകരണത്തെക്കുറിച്ചുള്ള മേളകളും ഗിരിപ്രഭാഷണങ്ങളുമല്ലാതെ ഇത്തരത്തിലുള്ള ഒരു നടപടിയും കഴിഞ്ഞ ഒന്നര പതിറ്റാണ്ടിൽ ഉണ്ടായിട്ടില്ല എന്നത് ദുഃഖകരമാണ്. പഞ്ചായത്തീരാജിനെ കേന്ദ്ര ലിസ്റ്റിലോ കൺകറന്റ് ലിസ്റ്റിലോ ഉൾപ്പെടുത്തി വികേന്ദ്രീകരണം ശക്തമാക്കാനാണ് ചിലരുടെ ശ്രമം. ഇത് ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിനെതിരാണ്. വികേന്ദ്രീകരണത്തിന്റെ അന്തസത്തയ്ക്കെതിരാണ്. ഇത്തരം കേന്ദ്രീകരണം പഞ്ചായത്ത് രാജിനെ ശക്തിപ്പെടുത്തുകയില്ലെന്നു മാത്രമല്ല ഫെഡറൽ ചട്ടക്കൂടിനെ ദോഷകരമായി ബാധിക്കുകയും ചെയ്യും. പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചു മാത്രം ചർച്ച ചെയ്യുന്നതിന് ദേശീയ വികസന സമിതിയുടെ ഒരു പ്രത്യേക യോഗം ചേരുകയും ഉറച്ച തീരുമാനങ്ങളെടുക്കുകയും വേണം.



തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനമേഖലകളുമായി ബന്ധപ്പെട്ട് നിരവധി വൻകിട കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ട്. ഇവയിൽ തൊഴിലുറപ്പ് പദ്ധതിയും പിന്നോക്ക പ്രദേശ ഗ്രാന്റ് പദ്ധതിയും ഒഴികെ മറ്റൊന്നിലും പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ പങ്കൊന്നുമില്ല. ആസൂത്രണത്തിലും നിർവഹണത്തിലും മേൽനോട്ടത്തിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കേന്ദ്രസ്ഥാനം നൽകിക്കൊണ്ട് ഇത്തരം കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനഃസംഘടിപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും കാര്യക്ഷമത വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. അനുയോജ്യമായ ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. സാമ്പത്തിക പരാധീനതകൾക്കിടയിലും അധികാരവികേന്ദ്രീകരണ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ അനുഭവങ്ങൾ മറ്റു സംസ്ഥാനങ്ങളുമായി പങ്കുവെക്കാൻ സന്തോഷമേ ഉള്ളൂ. അതിനു സഹായകമാകുന്ന രീതിയിൽ കേരള തദ്ദേശഭരണ സ്ഥാപന (കില) ത്തെ വികസിപ്പിക്കുന്നതിനു സഹായിക്കണം.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിസ്സാരമായ സാമ്പത്തിക സഹായമേ കേന്ദ്രസർക്കാരിൽ നിന്നു ലഭിക്കുന്നുള്ളൂ. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 60000 കോടി രൂപ ചെലവിടുമ്പോൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് 5000 കോടി മാത്രമാണ്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പൊതുചെലവിന്റെ ഗണ്യമായ ഒരു ഭാഗം ലഭ്യമാക്കുന്ന നിർദേശങ്ങൾ ഉൾപ്പെടുത്താൻ ധനകാര്യ വകുപ്പും പഞ്ചായത്ത് രാജ് വകുപ്പും ശ്രമിക്കണം

രണ്ടാം ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുകയാണല്ലോ. ഈ റിപ്പോർട്ട് സംസ്ഥാന സർക്കാരുകളുമായി ചർച്ച ചെയ്യുന്നതിനും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുതകുന്ന നിർദേശങ്ങൾ നടപ്പിലാക്കുന്നതിനും ഇനിയും കാലതാമസമുണ്ടാകരുത്. അധികാരവികേന്ദ്രീകരണം സാർത്ഥകമാക്കി പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള മൂർത്തമായ നിർദേശങ്ങൾ ഈ സമ്മേളനത്തിൽ നിന്നും ഉണ്ടാകട്ടെ.

---

*(ന്യൂദില്ലിയിൽ നടന്ന പഞ്ചായത്തീരാജ് സമ്മേളനത്തിന്റെ സമാപനയോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി നടത്തിയ പ്രസംഗത്തിൽ നിന്ന്)*

*73, 74 ഭരണഘടനാ ഭേദഗതിയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി ന്യൂദില്ലിയിൽ നടന്ന ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനത്തിൽ പഞ്ചായത്ത് കോർകമ്മിറ്റി അംഗീകരിച്ച അവകാശരേഖയിലെ ചില പ്രധാന ശുപാർശകൾ*



പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനം

## പഞ്ചായത്തീരാജ് സംബന്ധിച്ച പതിനഞ്ചാം വാർഷിക ചാർട്ടർ

# കൂട്ടായ ഭരണത്തിലൂടെ കൂട്ടായ വളർച്ച

## "Inclusive growth through Inclusive governance"

- പഞ്ചായത്ത് പ്രവർത്തനമേഖലയിൽ വരുന്ന പ്രത്യേക സ്കീമുകൾ നടപ്പാക്കുന്നതിന് കേന്ദ്ര, സംസ്ഥാന തലങ്ങളിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങളും ഡിപ്പാർട്ടുമെന്റുകളും ഉണ്ടാക്കിയ ജില്ലാ ഗ്രാമീണ വികസന ഏജൻസികൾ (DRDA കൾ), സർവ്വ ശിക്ഷാ അഭിയാൻ (SSA), ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NRHM), ദേശീയ ഹോർട്ടിക്കൾച്ചറൽ മിഷൻ (NHM), സൊസൈറ്റികൾ എന്നിവപോലുള്ള വിവിധ സമാന്തര സൊസൈറ്റികളും, ഏജൻസികളും, കമ്മിറ്റികളും, മിഷനുകളും ഒന്നുകിൽ റദ്ദാക്കേണ്ടതും അതല്ലെങ്കിൽ അവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കലും നോൺ-ടെക്നിക്കലുമായ മാനവശേഷിക്കുമേൽ പഞ്ചായത്തുകൾക്ക് പൂർണ്ണനിയന്ത്രണം ഉണ്ടാകുന്ന വിധത്തിൽ അവയെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ യഥോചിതമായ തലങ്ങളിൽ ലയിപ്പിക്കുകയോ അനുയോജ്യമായ സ്ഥാപന ബന്ധത്തിൽ പദ്ധതികളും പ്രോഗ്രാമുകളും കൊണ്ടുവരികയോ ചെയ്യേണ്ടതുമാണ്.
- പഞ്ചായത്തുകൾ സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന്, അവയുടെ പ്രവർത്തനമേഖല വിപുലമാക്കേണ്ടതുണ്ട്. ജൂഡീഷ്യൽ അധികാരങ്ങൾ, പോലീസ്, റവന്യൂ, റെഗുലേഷൻ, വികസന ചുമതലകൾ പഞ്ചായത്തുകൾക്ക് വികേന്ദ്രീകരിച്ചു നൽകണം.
- പഞ്ചായത്തുകൾക്കുള്ള ഫണ്ട് ലഭ്യതയിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ സ്ഥിരതയും വ്യക്തതയും ഉറപ്പ് വരുത്തണം. ഈ ലക്ഷ്യത്തിന് ചുമതലകൾക്കുള്ള പ്രവർത്തന നിർണ്ണയത്തിന്റെ ഘടനയ്ക്ക് തികച്ചും അനുസൃതമായി പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഓരോ തലത്തിനുമുള്ള ധനസഹായ ലഭ്യത ചിട്ടപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ചുമതലകളും ധനസഹായവും പൊരുത്തപ്പെടുന്നുണ്ടെങ്കിൽ മാത്രമാണ് പഞ്ചായത്തുകൾക്ക് ഫലപ്രദമായ രീതിയിലുള്ള അധികാര വികേന്ദ്രീകരണം ഉറപ്പ് വരുത്തപ്പെടുക. ഈ വീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ, വികേന്ദ്രീകരിച്ചു നൽകപ്പെട്ട പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് പഞ്ചായത്തുകളുടെ ഓരോ തലത്തിനുമുള്ള ഫണ്ട് ലഭ്യത ഉറപ്പ് വരുത്താൻ എല്ലാ ലൈൻ ഡിപ്പാർട്ടുമെന്റുകളുടെയും ബജറ്റുകളിൽ ഒരു പഞ്ചായത്ത് മേഖലാ ജാലകം തുറക്കേണ്ടതാണ്. ഈ സ്കീമുകൾ ഒരു ഏക പഞ്ചായത്ത് മേഖലാ ജാലകത്തിലേക്ക് സംഗ്രഹിക്കാവുന്നതാണ്. പല സംസ്ഥാനങ്ങളും, ആറാം ഷെഡ്യൂളിന്റെ കീഴിൽ വരുന്ന ചില ആദിവാസി മേഖലകളും അനുവർത്തിക്കുന്ന ഒരു കീഴ്വഴക്കമാണ് അത്.
- കേന്ദ്ര സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ബ്ലോക്ക് ഗ്രാന്റ് ട്രാൻസ്ഫറുകൾ മുഖേന ഫണ്ടുകളുടെ വികേന്ദ്രീകരണം, തദ്ദേശ പൊതുജനസേവനങ്ങളും അടിസ്ഥാന സൗകര്യവികസനവും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന വർധിച്ച ഉത്തരവാദിത്തങ്ങളുടെ ഗതിവേഗം ഗണ്യമായി വർധിപ്പിക്കേണ്ടതാണ്.
- കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റുകൾ, പഞ്ചായത്തുകൾക്ക് വീതിച്ചു നൽകുന്ന ഫണ്ടുകൾക്ക് പിൻബലമേകുകയാണ് ചെയ്യേണ്ടത്. പഞ്ചായത്തുകൾക്ക് സംസ്ഥാനങ്ങൾ നടത്തുന്ന ഫണ്ട് ട്രാൻസ്ഫറുകളിൽ അവ ഉൾപ്പെടുത്താൻ പാടില്ല.
- പഞ്ചായത്തുകൾ തയ്യാറാക്കുന്ന നവീന പ്രൊപ്പോസലുകൾക്ക് ധനസഹായം നൽകാൻ, NGOകൾക്ക് ലഭ്യമായിരിക്കുന്ന അതേ രീതിയിൽ കേന്ദ്ര ഗവൺമെന്റിൽ വേറിട്ട ഫണ്ടിങ്ങ് വിൻഡോ ഉണ്ടാകണം.
- കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന ഫണ്ടുകൾ, അത്യാവശ്യമായ ചില മധ്യവർത്തി നടപടികൾ സഹിതം അവയ്ക്ക് നേരിട്ട് ലഭ്യമാക്കണം. ധനസഹായലഭ്യതക്ക് എല്ലാ മന്ത്രാലയങ്ങളിലും എല്ലാ സംസ്ഥാനങ്ങളിലും എല്ലാ സ്കീമുകൾക്കും ബാധകമായതും, പഞ്ചായത്തുകൾക്ക് തുക എത്തിച്ചേരുന്നതിനുള്ള സമയപരിധി നിജപ്പെടുത്തുന്നതുമായ ഏകീകൃത മാർഗ്ഗനിർദേശങ്ങൾ ഉണ്ടാകണം. വിനിയോഗ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ ഫണ്ടുകൾ ഓരോ പഞ്ചായത്തിനും യഥോചിതം ലഭിക്കണം. ഫണ്ട് കൈമാറ്റം ചെയ്യുന്ന എല്ലാ ഏജൻസികളും, ട്രഷറികളുടെ കമ്പ്യൂട്ടർ വൽക്കരണത്തിനും, ബാങ്കിംഗ് ചാനലുകൾ മുഖേന ഫണ്ടുകൾ ഇലക്ട്രോണിക്കലായി കൈമാറ്റം ചെയ്യുന്നതിനും ഇപ്പോൾ നിലവിലുള്ള നടപടികൾ സത്വരം സ്വീകരിക്കേണ്ടതാണ്.
- പഞ്ചായത്തുകൾ സ്വന്തം റവന്യൂ ശേഖരത്തിൽ നിന്ന് നടത്തുന്ന ചെലവുകളും മൂലധന നിക്ഷേപങ്ങളും സംബന്ധിച്ച് സംസ്ഥാനങ്ങൾ യാതൊരു ഉപാധികളും അടിച്ചേൽപിക്കാൻ പാടില്ല.
- പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണം, SHGകൾക്കും അവയുടെ ഫെഡറേഷനുകൾക്കും സഹായം, പ്രതിഫലം ഉണ്ടാകുന്ന അടിസ്ഥാനസൗകര്യ ആസ്തികളുടെ നിർമ്മാണം എന്നിവ പോലുള്ള വികസന പദ്ധതികൾ ഏറ്റെടുക്കാൻ പഞ്ചായത്തുകൾക്ക് ബാങ്ക് വായ്പകൾ പ്രാപ്യമാക്കണം. ഇതു സംബന്ധിച്ച് ഭാരത സർക്കാർ നയപരമായ ഒരു ചട്ടക്കൂടിന് രൂപം നൽകണം.
- പഞ്ചായത്തുകളുടെ മൂന്ന് തലങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ചുമതല വഹിക്കുകയും തങ്ങളുടെ പഞ്ചായത്ത് കാര്യങ്ങൾ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്തം നിർവ്വഹിക്കുകയും ചെയ്യുന്നു. പഞ്ചായത്തുകൾക്ക് മൂന്ന് തലങ്ങളിലും കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുന്ന സാഹചര്യത്തിൽ മതിയായ യാത്രാബത്തയും ഡെയ്‌ലി അലവൻസും നൽകേണ്ടതും മൂന്ന് തലങ്ങളിലെയും പഞ്ചായത്ത് പ്രതിനിധികൾക്ക് പര്യാപ്തമായ പ്രതിഫലം നൽകേണ്ടതുമാണ്. ഈ വിഷയം കേന്ദ്ര, സംസ്ഥാന ഗവൺ മെന്റുകൾ പരിഗണിക്കേണ്ടതാണ്.
- പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും ഓഫീസർമാർക്കും തങ്ങളുടെ പരിശീലനപരമായ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സംവിധാനത്തിലൂടെ നിലനിൽക്കത്തക്കതും നിലവാരമുള്ളതുമായ പരിശീലനം ലഭ്യമാക്കണം.
- കുട്ടികളിൽ തദ്ദേശസ്വയംഭരണത്തിലെ പങ്കാളിത്തത്തിന്റെ താൽ പര്യം ജനിപ്പിക്കുന്നതിന് തദ്ദേശ ഭരണ വിദ്യാഭ്യാസം സ്കൂൾ സിലബസിൽ ഉൾപ്പെടുത്തണം.
- കാര്യക്ഷമമായ പ്രവർത്തന മികവിനായി, പഞ്ചായത്തുകൾ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആധുനിക സാങ്കേതികതയെ, പ്രത്യേകിച്ച് വിവരസാങ്കേതിക വിദ്യയെ ആശ്രയിക്കണം. പഞ്ചായത്ത് രാജ് മന്ത്രാലയം ആവിഷ്കരിച്ച ദേശീയ ഇ-ഗവേണൻസ് പ്ലാനിന് (NeGP) കീഴിൽ ഇ- പഞ്ചായത്തുകൾ സംബന്ധിച്ച മിഷൻ മോഡ് പ്രോജക്ടിന്, അടുത്ത മൂന്ന് വർഷങ്ങൾക്കുള്ളിൽ സമയബന്ധിതമായ രീതിയിൽ ധനസഹായം നൽകി, പൂർണമായി നടപ്പാക്കണം.
- പഞ്ചായത്തുകളിൽ സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്ന വിഭാഗങ്ങൾക്കിടയിൽ ശേഷിയും നേതൃപാടവവും വളർത്താനും നിലനിർത്താനും മൂന്ന് അഞ്ച്-വർഷ കാലാവധികളിലേക്ക് സംവരണപ്രക്രിയ ദീർഘിപ്പിക്കുന്ന കാര്യം സംസ്ഥാനങ്ങൾ അനുഭാവത്തോടെ പരിഗണിക്കേണ്ടതാണ്. പഞ്ചായത്ത് മുഖ്യന്റെ പരമാവധി കാലാവധി അഞ്ച് വർഷമാണ്.
- എം.പി., എം.എൽ.എ. പ്രാദേശിക വികസന പദ്ധതിയുടെ ഉയർന്ന അലോക്കേഷനും നടപ്പാക്കലും, പങ്കാളിത്തത്തോടെയുള്ള ആസൂത്രണത്തിന്റെ അന്തഃസത്ത നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ പദ്ധതികൾ നടപ്പാക്കുന്നത്, പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് ആയിരിക്കണം.
- പ്ലാനിംഗ് പ്രക്രിയ നടക്കുന്ന അവസരത്തിൽ ലൈൻ ഡിപ്പാർട്ടുമെന്റ് ഓഫീസർമാരുടെ അസാന്നിധ്യം, പദ്ധതിയുടെ അവഗണനയ്ക്കും, ഉന്നതതലങ്ങളിൽ മനഃപ്പൂർവ്വമുള്ള ഇടപെടലിനും കാരണമാകും. പഞ്ചായത്തുകളുടെ പ്ലാനിങ്ങ് പ്രക്രിയാ വേളയിൽ ഓഫീസർമാർ സന്നിഹിതരായിരിക്കേണ്ടത് നിർബന്ധമാക്കണം.
- ഗ്രാമപഞ്ചായത്തുകളുമായി, പാവപ്പെട്ടവരും ഗ്രാമസഭയിലെ അധഃസ്ഥിത അംഗങ്ങളും തമ്മിൽ സജീവ പങ്കാളിത്തം പരിപോഷിപ്പിക്കുന്ന, കേരളത്തിലെ കുടുംബശ്രീ പദ്ധതി പോലുള്ള മികച്ച പഞ്ചായത്ത് തല ശീലങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും പ്രചരിപ്പിക്കണം.
- സാമൂഹ്യ ഓഡിറ്റ് ഫലപ്രദമാകാനും, വിവിധ സംസ്ഥാനങ്ങളിൽ ലഭ്യമായിരിക്കുന്ന ഉത്തമ കീഴ്വഴക്കങ്ങളെ അടിസ്ഥാനമാക്കുന്നതിനും സാമൂഹ്യ ഓഡിറ്റ് നടത്തേണ്ട ഒരു ചട്ടക്കൂട് പ്രദാനം ചെയ്യാൻ സംസ്ഥാനനിയമസഭകൾ/ഗവൺമെന്റുകൾ അംഗീകരിക്കുന്നതിനായി സാമൂഹ്യ ഓഡിറ്റ് നയങ്ങൾ ആവിഷ്ക്കരിക്കുന്നതിന് പരിഗണന നൽകണം.
- പരസ്പരം ശക്തി ആർജ്ജിക്കുന്നതിനും അനുഭവങ്ങളും ഉത്തമ കീഴ്വഴക്കങ്ങളും പങ്കിടുന്നതിനും കൂട്ടായ ശബ്ദം ആർജ്ജിക്കുന്നതിനും വേണ്ടി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രതിനിധികളുടെ ഒരു ദേശീയ ശൃംഖല രൂപീകരിക്കാൻ ഞങ്ങൾ തീരുമാനിക്കുന്നു.

ഔട്ട്‌ലുക്ക് സാപ്താഹിക് മാസികയുടെ 2008 ഏപ്രിൽ 22-28 പതിപ്പിൽ ഭാഷാസിങ്ങിന്റെ अमृत मंथन എന്ന ലേഖനത്തിന്റെ മലയാള വിവർത്തനം. (വിവർത്തനം : ഡോ. എം.എസ്. രാധാകൃഷ്ണപിള്ള)

# അമൃത മഥനം



അങ്ങ്, ബിഹാറിൽ ചാണകം മെഴുകി വെടിപ്പാക്കിയ മുറ്റം, മദ്ധ്യപ്രദേശിൽ ചുവരുകളിലെ അലങ്കാര ചിത്രങ്ങൾ, ഉത്തർപ്രദേശിൽ തൊട്ടിയിൽനിന്നും തീറ്റ അയവിറക്കുന്ന നാല്ക്കാലികൾ, ഹരിയാനയിൽ ചുവരിന്റെ ഒരു കോണിൽ ഉണങ്ങുന്ന ചാണക വറളികൾ, അത് അടുക്കി വച്ചിരിക്കുന്ന ഭംഗിയുള്ള തട്ടുകൾ അഥവാ കേരളത്തിലെ ഗ്രാമങ്ങളിൽ ആടിയുലയുന്ന കേരവൃക്ഷങ്ങൾ... ഇവിടെനിന്നെല്ലാം ഒരു കൊടുങ്കാറ്റ് ആഞ്ഞടിക്കുകയാണ്. ഈ കൊടുങ്കാറ്റിനെ കണ്ടില്ലെന്നു നടിക്കാനാവില്ല, കാരണം ഇവ പഞ്ചായത്തുകളുടെ രൂപത്തിൽ ഒരു സംഘടിത രൂപം കൈവരിച്ചു കഴിഞ്ഞിരിക്കുന്നു. എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതികൾക്കു ശേഷം, ഗ്രാമീണ ഭാരതത്തിലെ പഞ്ചായത്തുകളിൽ പ്രചുര പ്രചാരം നേടിയ ശക്തമായ വിപ്ലവം ഇപ്പോൾ 2,33,000 ഗ്രാമ പഞ്ചായത്തു കളിൽകൂടി വ്യക്തമായ രൂപവും ഭാവവും കൈവരിച്ചു വരികയാണ്. സ്ത്രീകൾക്കു വേണ്ടി ചട്ടപ്രകാരം 33 ശതമാനം സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ അവരുടെ ആകെ പങ്കാളിത്തം 36 ശതമാനമായിരിക്കുന്നു. രാജ്യത്താകമാനം ഏകദേശം 9,75,000 വനിതാ പഞ്ചായത്ത് പ്രതിനിധികൾ ഉണ്ട്. ഇതെല്ലാംകൂടി പഞ്ചായത്തുകളുടെ ചിത്രം തന്നെ മാറ്റി മറിച്ചിരിക്കുന്നു. രാഷ്ട്രീയമായ അഴിമതിക്കഥകളുടെയിടയിൽ ഈ കൊടുങ്കാറ്റ് അടിസ്ഥാനപരമായ സാമൂഹ്യ-രാഷ്ട്രീയ സമീകരണം മാറ്റിമറിക്കുന്നതിൽ സവിശേഷമായ പങ്കു വഹിച്ചിട്ടുണ്ട്. ഈ മാറ്റങ്ങളെ എണ്ണിപ്പറയുന്ന ഒരു ചരിത്രപരമായ ദേശീയ സർവ്വേ റിപ്പോർട്ട് ഞങ്ങളുടെ അന്വേഷണത്തിനിടെ *ഔട്ട്‌ലുക്ക് സാപ്താഹിക്കിന്* ലഭിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം, സർക്കാർ ഇതാദ്യമായി ഇത്ര വിശാലമായ രീതിയിൽ, രാജ്യമൊട്ടാകെ വ്യാപിച്ചു കിടക്കുന്ന ഈ പഞ്ചായത്തുകളെക്കുറിച്ചുള്ള വിവരശേഖരണത്തിനായി ഒരു സർവ്വെ നടത്തിയിരിക്കുകയാണ്. ഇതിൽ പഞ്ചായത്തുകളെക്കുറിച്ച്, വിശേഷിച്ച് പഞ്ചായത്തുകളിൽ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് പറഞ്ഞുപരത്തപ്പെട്ട ദുഷ്പ്രചരണത്തെ നിരാകരിച്ചു കൊണ്ട് വസ്തുതകളെ വിലയിരുത്തുവാനുള്ള ശ്രമം നടത്തിയിരിക്കുകയാണ്. കേന്ദ്രപഞ്ചായത്തീരാജ് മന്ത്രി മണിശങ്കർ അയ്യർ മുൻകൈ എടുത്ത്, അദ്ദേഹത്തിന്റെ മന്ത്രാലയമാണ് എ.സി. നീൽസൺ എന്ന മാർക്കറ്റിംഗ് ഏജൻസിയെക്കൊണ്ട് ഈ സർവ്വെ നടത്തിയിരിക്കുന്നത്. ഇത് തയ്യാറാക്കിയിരിക്കുന്നത് പ്രൊഫ. നീരജാ ജായൽ ആണ്.

ഇന്ത്യ എന്ന ഭാരതത്തിനുവേണ്ടിയുള്ള സംഘർഷപാതയിൽ പഞ്ചായത്തുകൾ കൊടുങ്കാറ്റിനു സമമായ യാത്രയാണ് തുടരുന്നതെങ്കിൽ മറുവശത്ത് അവയുടെ തീവ്രമായ മുന്നേറ്റത്തിൽ ഉദ്യോഗസ്ഥമേധാവിത്വവും രാഷ്ട്രീയ വൃത്തങ്ങളും വളരെ പരിഭ്രാന്തരാണ്. ഓരോ ചുവടിലും അവരുടെ മാർഗ്ഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. ഒപ്പം പഞ്ചായത്ത് പ്രതിനിധികളെ അനുഭവരാഹിത്യമുള്ളവരെന്നും അഴിമതിക്കാരെന്നും മുദ്രകുത്തുന്നതിനുള്ള ഹീനമായ ശ്രമവും നടന്നു വരികയാണ്. പഞ്ചായത്തുകളുടേയും ക്ഷമ നഷ്ടപ്പെടുവാൻ തുടങ്ങിയിരിക്കുന്നു. ഭരണഘടന പ്രകാരം അവർക്ക് നൽകപ്പെട്ടിരിക്കുന്ന അധികാരം അവർക്ക് ലഭിക്കണമെന്നും ശരിയായ രീതിയിൽ അധികാരവികേന്ദ്രീകരണം നടക്കണമെന്നും അവർക്ക് തോന്നിത്തുടങ്ങിയിരിക്കുന്നു. നാലുഭാഗത്തുനിന്നും പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ ലഭിക്കണമെന്ന ആവശ്യം ഉയർന്നുവരികയാണ്. സമുദ്ര മഥനം തുടരുകയാണ്. അമൃതും വിഷവും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഈ മഥനത്തിന് കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ മുൻകൈയ്യെടുത്തു രൂപീകരിക്കപ്പെട്ട ഉപേന്ദ്ര ബക്ഷി കമ്മിറ്റിയുടെ ന്യായ പഞ്ചായത്തുകൾ രൂപീകരിക്കണമെന്ന ശുപാർശ കൊണ്ട് പലമടങ്ങ് ഗതിവേഗം ലഭിക്കുകതന്നെ ചെയ്യും.

ദൂരവ്യാപകമായ ഫലങ്ങളുളവാക്കാവുന്ന പഠനങ്ങൾ നടന്നിരിക്കുന്നു. ഈ സർവ്വേയിലേക്കൊന്ന് കണ്ണോടിക്കാം. ഈ സർവ്വേയിൽ ആകെ 23 സംസ്ഥാനങ്ങളിലെ 114 ജില്ലകളിലും 228 ബ്ലോക്കുകളിലും, 1368 ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെ മതപരവും ജാതീയവും വിദ്യാഭ്യാസപരവും, രാഷ്ട്രീയവുമായ വിവരങ്ങൾ,

ഗ്രാമമുഖ്യന്മാരുടെയും പഞ്ചായത്ത് അംഗങ്ങളുടെയും വയസ്സ്, അവ രുടെ സാമ്പത്തിക സ്ഥിതി, സർക്കാർ പദ്ധതികളുടെ കാര്യനിർവ്വഹണം, ഗൃഹാന്തരീക്ഷത്തിൽ കുട്ടികളെ സ്കൂളിലയയ്ക്കുന്നതിന് പ്രേരിപ്പിക്കൽ തുടങ്ങി പ്രധാനപ്പെട്ട വിഷയങ്ങളിൽ വളരെ നിഷ്പക്ഷമായ പഠനം നടത്തിയിരിക്കുകയാണ്. സർവ്വേയിലെ കണ്ടെത്തലുകളിലും ശുപാർശകളിലും നിലവിലുള്ള സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്യുകയും, ബുദ്ധിമുട്ടുകളെക്കുറിച്ച് പരാമർശിക്കുകയും ചെയ്യുന്നതോടൊപ്പം അതിൽനിന്നും മോചനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വ്യത്യസ്തമെന്നു തോന്നുന്ന പല കാര്യങ്ങളേയും ആന്തരികമായി പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള ശ്രമവും നടന്നിട്ടുണ്ട്. പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് നൽകിയിരിക്കുന്ന സംവരണത്തിൽനിന്നും എങ്ങനെ രാഷ്ട്രീയ ഇടപെടലിനുള്ള മോഹം അതിരുകടന്നു എന്നുള്ളതിന്റെ തെളിവ്, 30 ശതമാനം ഭർത്താക്കന്മാരും, 12 ശതമാനം മറ്റ് കുടുംബാംഗങ്ങളും ആദ്യമായി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ത്രീകൾക്ക് നൽകുന്ന പിന്തുണയിൽ കാണാൻ കഴിയും. ഇതേ പിന്തുണ അവർ രണ്ടാമത് മത്സരിക്കുമ്പോൾ കിട്ടുന്നില്ല. കാരണം അവരുടെ താല്പര്യത്തിന്റെ പൊരുൾ പുറത്താവുകയും സ്ത്രീകൾ മുമ്പത്തേക്കാൾ ശക്തരാകുകയും ചെയ്യുന്നു. നിരക്ഷരരുടെ എണ്ണം സ്ത്രീകളിൽ കൂടുതലാണ്, 24 ശതമാനം. പുരുഷന്മാരിൽ ഇത് 6 ശതമാനം മാത്രമുള്ളപ്പോഴാണിത്. വിദ്യാഭ്യാസപരമായ ഈ പിന്നോക്കാവസ്ഥ നിലനിൽക്കുന്നിടത്തോളം വനിതാപ്രതിനിധികൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് ബുദ്ധിമുട്ടാണ്. രാജ്യത്തെ പല സംസ്ഥാനങ്ങളിലും വളരെ സജീവമായ പഞ്ചായത്തിരാജ് രംഗത്ത് പ്രവർത്തിക്കുന്ന പ്രിയ എന്ന സ്ഥാപനത്തിലെ രാജേഷ് ടണ്ഡൻ കരുതുന്നത്, നിരക്ഷരത വനിതാ പഞ്ചായത്ത് മുഖ്യരെയും അംഗങ്ങളെയും കാര്യനിർവഹണത്തിന് പ്രാപ്തരാക്കുന്നില്ല എന്നാണ്. രാഷ്ട്രീയ ബന്ധത്തെപ്പറ്റിപ്പറഞ്ഞാൽ, സർവ്വെ പ്രകാരം ആദ്യതവണ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന സ്ത്രീകൾ ഇവിടെ നിന്നാണ് രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ പഠിക്കുന്നത്. പരിശീലനം നേടാനുള്ള മോഹം മെല്ലെ മെല്ലെ ജാഗ്രത്തായിക്കൊണ്ടിരിക്കുന്നു. മൂന്നിലൊന്ന് പ്രതിനിധികൾക്കും ഇതിന്റെ ആവശ്യം ബോധ്യപ്പെടുന്നുണ്ട്. ഔട്ട് ലുക്ക് സാപ്താഹിക്കിന്റെ ഈ കറസ് പോണ്ടന്റിനോട് അസമിലെ ഡിബ്രുഗഢ് പ്രവിശ്യയിലെ ജില്ലാപഞ്ചായത്ത് അംഗമായ മീനാടിരി പറഞ്ഞത് അവർ രണ്ടു തവണ പരിശീലനം നേടി എന്നാണ്. ടിരി സംസ്ഥാനത്തിന് പുറത്തുള്ള ആദിവാസി സമുദായത്തിൽപ്പെ



ഹിമാചൽപ്രദേശിലെ സോലൻ ജില്ലയിൽ ഗ്രാമസഭ കൂടുന്നതിനു മുമ്പ് സ്ത്രീകളുടെ ഗ്രാമസഭ കൂടുകയും അവിടെ ഗ്രാമത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു. ബിഹാറിന്റെ തലസ്ഥാനമായ പാട്നയിൽ മലക്കറിവില്പനക്കാരി പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആ പ്രദേശത്തു മുഴുവനും വികസനപ്രവർത്തനങ്ങളിൽ നടന്നുകൊണ്ടിരുന്ന തോന്ന്യാസങ്ങൾ കർക്കശമായി തടയുവാൻ കഴിഞ്ഞു.

ട്ടതാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പൊതുസീറ്റിൽനിന്നു മത്സരിച്ച് നല്ല പ്രവർത്തനം കാഴ്ചവച്ച ടിരി ഇപ്പോൾ പൊതുസീറ്റിൽനിന്നും അദ്ധ്യക്ഷ സ്ഥാനത്തെത്തിയിരിക്കുകയാണ്. ഇതുപോലെ പശ്ചിമബംഗാളിലെ നാല് ജില്ലകളിൽ പ്രവർത്തിക്കുന്ന റൊഹിമ പറയുന്നത്, പഞ്ചായത്തു മുഖ്യനേയും പ്രതിനി ധികളേയും അവർ വേണ്ടത്ര ജാഗ്രത പുലർത്താത്തതു കൊണ്ട്, ജനം വിഡ്ഢികളാക്കുന്നു എന്നാണ്. സർവ്വേയിലും പരിശീലനം ആവശ്യമാണെന്ന കാര്യത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇന്നും ഗ്രാമീണ ഭാരതത്തെ ചിന്താകുലമാക്കുന്ന പ്രാഥമികമായ ഒരു കാര്യമാണ്. സർവ്വേപ്രകാരം ആരോഗ്യ സൗകര്യങ്ങൾ ലഭിക്കുന്നതിനും നടപ്പിലാക്കുന്നതിനും രോഗങ്ങൾ ഉന്മൂലനം ചെയ്യുന്നതിനും നടപ്പിലാക്കുന്ന പദ്ധതികളിൽ 41–51 ശതമാനവും, ഇടയ്ക്കുവച്ച് പഠനം നിർത്തി പോകുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിന് നടപ്പിലാക്കുന്ന പരിപാടികളിൽ 58–66 ശതമാനം പ്രതിനിധികളും സജീവമായ ഇടപെടലുകൾ നടത്തി. വനിതാ പ്രതിനിധികളെക്കുറിച്ച് പൊതുവെ പറയാറുള്ളത് അവർ മൂടുപടത്തിന്റെ മറവിൽ നിന്ന് പൗരുഷത്തോടെ പൊരുതുകയാണെന്നാണ്. ഈ കഥകൾക്കിടയിൽ വനിതാ പ്രതിനിധികൾക്ക് അനുഭവപ്പെടുന്നത്, ഗ്രാമമുഖ്യനോ അംഗമോ പഞ്ചായത്ത് അംഗമോ, വാർഡംഗമോ ആയതിനു ശേഷം (67 ശതമാനം പേരുടെ അഭിപ്രായം അനുസരിച്ച്) അവരോടുള്ള ബഹുമാനം വർദ്ധിച്ചിട്ടുണ്ടെന്നാണ്. ഉത്തരാഖണ്ഡിലെ നൈനിതാൾ ജില്ലയിലെ കുസുംഖേഡാ ഗ്രാമപഞ്ചായത്തിന്റെ അധ്യക്ഷ ഒരു വിധവയാണ്. അവർ വളരെ നാളായി പഞ്ചായത്തിന് വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. റോഡുകളും തോടുകളും നിർമ്മിക്കുന്നതും, റോഡുകളിൽ വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്നതും ഒപ്പം ഹാൻഡ്പമ്പ് സ്ഥാപിക്കുന്നതും പോലെയുള്ള വളരെ പ്രധാനപ്പെട്ട പ്രവൃത്തികൾ അവർ നടത്തിയിട്ടുണ്ട്. പല സംസ്ഥാനങ്ങളിലും പരാജയപ്പെടുന്ന പരീക്ഷണങ്ങളും നടക്കുന്നുണ്ട്. പലയിടങ്ങളിലും സ്ത്രീ ആഭിമുഖ്യം കാണിക്കുന്ന ഒരു പ്രവണത ശക്തിപ്രാപിക്കുന്നുണ്ട്. ഹിമാചൽപ്രദേശിലെ സോലൻ ജില്ലയിൽ ഗ്രാമസഭ കൂടുന്നതിനു മുമ്പ് സ്ത്രീകളുടെ ഗ്രാമസഭ കൂടുകയും അവിടെ ഗ്രാമത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു. ബിഹാറിന്റെ തലസ്ഥാനമായ പാട്നയിൽ മലക്കറിവില്പനക്കാരി പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആ പ്രദേശത്തു മുഴുവനും വികസനപ്രവർത്തനങ്ങളിൽ നടന്നുകൊണ്ടിരുന്ന തോന്ന്യാസങ്ങൾ കർക്കശമായി തടയുവാൻ കഴിഞ്ഞു. ജഹാനബാദിലെ കുന്തിദേവിയും അർവലിലെ ജമീലദേവിയും ജഹാനാബാദിലെ മഞ്ചുദേവിയും പഞ്ചായത്തുകളിൽക്കൂടി ഫ്യൂഡൽ രാഷ്ട്രീയ വ്യവസ്ഥിതിക്കെതിരായി പൊരുതുകയും ജനങ്ങളെ സംഘടിപ്പിക്കുകയും ചെയ്തു.

പദ്ധതികൾക്ക് പഞ്ചായത്തുകളുമായി നേരിട്ട് ബന്ധമാണുള്ളത്. പഞ്ചായത്തുകൾ വഴിയായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ഗ്രാമസഭകൾ വഴി പഞ്ചായത്തുകൾ തന്നെയാണ്. ഇതിന്റെ പേരിൽ തന്നെ ഒച്ചപ്പാടും ഉണ്ടാകുന്നു. സർവ്വേ റിപ്പോർട്ടനുസരിച്ച് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 56 ശതമാനത്തിന്റെ കാര്യത്തിലും ഗ്രാമസഭകൾ വഴിയാണ്. ഇതിലെ ചതി, ഇതിന്റെ മൂന്നിലൊന്നും മുൻപ് തീരുമാനിക്കപ്പെട്ട അപേക്ഷകരുടെ കാര്യത്തിൽ ഗ്രാമസഭയുടെ അംഗീകാരം നേടുക എന്നതിനു വേണ്ടി മാത്രമാണ് എന്നുള്ളതാണ്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ സുതാര്യത നിലനിൽക്കുന്ന പോയ്ന്റ് പദ്ധതിയാണ് കേരളത്തിൽ നടപ്പിലാക്കിയിരുന്നത്.

സർവ്വെയുടെ അവസാനം ചില ശുപാർശകൾ നടത്തിയിട്ടുണ്ട്. അതിൽ സ്ത്രീ പ്രതിനിധികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, അവർക്ക് പരിശീലനം നൽകുക, ഭംഗിയായി കാര്യങ്ങൾ നടന്നുപോകാൻ കൂടുതൽ ചെറുപ്പക്കാരികളായ സ്ത്രീകളെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പ്രേരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നു. പക്ഷെ ഉദ്യോഗസ്ഥ പ്രഭുത്വം ജനപ്രതിനിധികളെ അംഗീകരിക്കാൻ കൂട്ടാക്കാത്തത്ര വിധത്തിൽ അഹങ്കാരത്താൽ മദോന്മത്തരാണ് എന്നുള്ളതാണ് ബുദ്ധിമുട്ടായിട്ടുള്ളത്. പ്രതിനിധികളുടെ പരിശീലനക്കുറവിന്റെയും വിദ്യാഭ്യാസമില്ലായ്മയുടെയും മറപിടിച്ച് ഇവരെ പുറംതള്ളാൻ ആഗ്രഹിക്കുന്നു. പഞ്ചായത്തിരാജ് രംഗത്ത് പ്രവർത്തിക്കുന്ന ബംഗാൾ ഹംഗർ പ്രോജക്ടിലെ റീത്താസരീൻ ഇതിനോട് യോജിക്കുന്നു. അവർ കരുതുന്നത്, കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ശക്തമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥ പ്രഭുത്വം പരിഭ്രാന്തരാണ്. പഞ്ചായത്തുകൾക്ക് വർദ്ധിച്ചു ലഭിച്ചുകൊണ്ടിരിക്കുന്ന റോൾ അവർ തങ്ങളുടെ പ്രാധാന്യത്തിന് ഭീഷണിയാണെന്ന് കരുതുന്നു. അഖില ഭാരത പുരോഗമന മഹിള അസോസിയേഷനിലെ കുമുദിനിപതി കരുതുന്നത്, പ്രക്ഷോഭം നടക്കുന്ന പ്രദേശങ്ങളിൽ ജനങ്ങൾ പഞ്ചായത്തിനെ ഉപകരണമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. പല സ്ഥലങ്ങളിലും ബ്യൂറോക്രസി പഞ്ചായത്തുകളുടെ വർദ്ധിച്ചു വരുന്ന മുന്നേറ്റത്തെ തകിടം മറിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഇത് തടഞ്ഞു നിർത്തുവാൻ കഴിയാത്ത അഗ്നിജ്വാലയാണ്. സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം പഞ്ചായത്തുകൾ ആ പ്രദേശത്തിന്റെ വികസനം ലക്ഷ്യമാക്കിയുള്ള സ്വന്തം പദ്ധതികൾ കൂടി ആവിഷ്ക്കരിക്കണമെന്ന് ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും പഞ്ചായത്തുകളുടെ രംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകനായ പ്രദീപ് കരുതുന്നു. ഈ കാര്യത്തിന് കേരളത്തിലെ പഞ്ചായത്തുകൾ മാതൃകയാകുന്നുണ്ട്. പഞ്ചായത്തിരാജിന്റെ മാർഗ്ഗത്തിൽ ഉദ്യോഗസ്ഥ പ്രഭുത്വം തടസ്സങ്ങൾ സൃഷ്ടിക്കുമ്പോൾ മറുവശത്ത് രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം വലിയ ഭീഷണിയാണ്. സാമൂഹ്യ പ്രവർത്തകനായ മനോജ്രാജ് കരുതുന്നത് യഥാർത്ഥ ഭീഷണി/ അപകടം, രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവമാണെന്നിരിക്കെ, മനഃപൂർവ്വമായി കാര്യങ്ങൾ മുഴുവൻ പഞ്ചായത്തും ബ്യൂറോക്രസിയും തമ്മിലുള്ളതാക്കി തീർത്ത് അവതരിപ്പിക്കപ്പെടുകയാണ്.

പല സംസ്ഥാനങ്ങളിലും ഇത് കണ്ടുവരുന്നുണ്ട്. ഔട്ട്ലുക്ക് സാപ്താഹിക്കിന്റെ വിവിധ സംസ്ഥാനങ്ങളിലുള്ള ബ്യൂറോകൾ ഇതു സംബന്ധിച്ച അന്വേഷണം നടത്തിയതിൽ അറിയാൻ കഴിഞ്ഞത്, പഞ്ചായത്തുകളുടെ വഴിയിൽ ഉദ്യോഗസ്ഥവൃന്ദം വലിയ തടസ്സങ്ങൾ സൃഷ്ടിക്കുന്നു എന്നാണ്. ഇവിടെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ മുനയൊടിഞ്ഞിരിക്കുകയാണ് എന്നാണ്. ഉത്തർപ്രദേശിലും രാജസ്ഥാനിലും, ബീഹാറിലും ഛത്തീസ്ഗഢിലും മധ്യപ്രദേശിലും സ്ഥിതിയേറെക്കുറെ ഇതുതന്നെയാണ്. മധ്യപ്രദേശിൽ തെരഞ്ഞെടുപ്പുകൾ വരാനിരിക്കെ, ധാരാളം പഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കെതിരെ രാഷ്ട്രീയ വൈരം വച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്ന സംഭവങ്ങൾ കാണാൻ കഴിയുന്നുണ്ട്. അതുപോലെ വനിതകൾക്ക് 50 ശതമാനം സംവരണം നൽകുന്ന ഉത്തരാഖണ്ഡ് ചെറിയ സംസ്ഥാനമായതിനാൽ നിയമസഭയുടെ രൂപവും ഏതാണ്ട് വികസന ബ്ലോക്കുകളുടേതിന് സമമാണ്. ഈ സ്ഥിതിയിൽ അധികാരങ്ങൾ പഞ്ചായത്ത് തലംവരെ എത്തുന്നതിൽ സാമാജികരുടെ ഉള്ളിൽ എതിർപ്പുണ്ട്. സംസ്ഥാനത്തെ സാമാജികർ പ്രാദേശിക പഞ്ചായത്തുകൾക്ക് കൂടുതൽ സ്വയംഭരണാവകാശം ലഭിക്കരുതെന്ന് ആഗ്രഹിക്കുന്നതിനുകാരണം പ്രാദേശികമായി പദ്ധതികൾ വീതം വയ്ക്കുമ്പോൾ അവരുടെ റോൾ ഇല്ലാതാകും എന്നുള്ളതിനാലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പ്രാദേശിക പഞ്ചായത്ത് സംഘടന നിയമാനുസൃതമുള്ള തങ്ങളുടെ അവകാശങ്ങൾക്കായി പ്രക്ഷോഭം നടത്തി. എന്നാൽ സാമാജികരുടെയും അധികാരികളുടെയും രഹസ്യമായ എതിർപ്പ് നിലനിൽക്കുന്ന കാരണത്താൽ അവർക്ക് പ്രത്യേകിച്ചൊന്നും നേടാൻ കഴിഞ്ഞില്ല.

അസമിൽ പഞ്ചായത്തുകളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമായി നടക്കുന്നുണ്ട്. സർവ്വെയിൽ അതിന്റെ പുരോഗതി കാണാനും കഴിയും. ത്ധാർഖണ്ഡ് രൂപീകരണത്തിന് ശേഷം അവിടെ തെരഞ്ഞെടുപ്പുപോലും നടന്നിട്ടില്ല. കാരണം അവിടെ പഞ്ചായത്ത് ഷെഡ്യൂൾഡ് ഏരിയ എക്സ്റ്റൈൻഷൻ ആക്ട് (PESA) ബാധകമാക്കേണ്ടതുണ്ട്. നടപ്പാക്കേണ്ടതുണ്ട്. വിവിധ കേസുകൾ കോടതികളിൽ കുടുങ്ങിക്കിടക്കുകയാണ്. പഞ്ചായത്തുകളെ സ്വന്തം കാലിൽ നിർത്തുന്നതിനുള്ള ശ്രമം നടത്തിവരികയാണോ അതോ ഈ ശക്തിയേയും തങ്ങളുടെ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിക്കുകയാണോ എന്നും ശക്തമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്.

*(ഭാഷാസിങിനോടൊപ്പം ഡൽഹിയിൽ നിന്നും വിനോദ് അഗ്നിഹോത്ര, ഡഹറാഡൂണിൽ നിന്നും മനോജ് റാവത്ത്, ഗുവാഹട്ടിയിൽ നിന്നും രവിശങ്കറും സഹകരിച്ചിട്ടുണ്ട്.)*

*(Courtesy : Outlook Sapthahik, New Delhi 22-28, April, 2008.)*

## പഞ്ചായത്തിരാജ് നിയമം: നാഴികക്കല്ലുകൾ

**1948 നവംബർ 25:** ഗാന്ധിയനായ കെ. സന്താനം നിർദ്ദേശിച്ച ഭേദഗതികൾ ബന്ധപ്പെട്ട സമിതി അംഗീകാരം നൽകി. അതിൽ പഞ്ചായത്തുകളെ ഭരണഘടനയുടെ ഭാഗം 4ൽ ഉൾക്കൊള്ളിക്കണമെന്ന് പറഞ്ഞിരിക്കുന്നു. പിന്നീട് ഈ പരിഷ്കരണം 40–ാം ഖണ്ഡികയായി ഉൾപ്പെടുത്തി.

**1957:** ബൽവന്ത്റായ് മേത്ത കമ്മിറ്റി റിപ്പോർട്ട് പഞ്ചായത്തീ രാജ് നടപ്പിലാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കി.

**1959:** പ്രധാനമന്ത്രി നെഹ്റു ഒക്ടോബർ 2ന് രാജസ്ഥാനിലെ നാഗൗരിൽ പഞ്ചായത്തിരാജിന്റെയും രാജ്യത്തെ ആദ്യത്തെ പഞ്ചായത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു.

**1978:** അശോക് മേഹത്തെ കമ്മിറ്റി, പഞ്ചായത്തിരാജിനെ ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തു.

**1989:** രാജീവ് ഗാന്ധി സർക്കാർ. പഞ്ചായത്തുകൾക്ക് ജനാധിപത്യമായ ഒരു സ്ഥാനം നൽകുന്നതിനുവേണ്ടി ഭരണഘടനയിൽ 64–ാമത്തേതും (പഞ്ചായത്തിരാജ്) 65–ാ മത്തേതും (നഗരസഭകൾ) ഭേദഗതി ബില്ല് ലോകസഭ അംഗീകരിച്ചു. എന്നാൽ രാജ്യസഭയിൽ വീണുപോയി.

**1991:** ഈ രണ്ടു ബില്ലുകളും അല്പം ചില മാറ്റങ്ങളോടെ നരസിംഹറാവു സർക്കാരിന്റെ ദേശീയമുന്നണി പാർലമെന്റിൽ അവതരിപ്പിക്കുകയും 1992 ഡിസംബറിൽ 73–ഉം 74–ഉം ഭേദഗതികളോടെ അംഗീകരിക്കപ്പെടുകയും ചെയ്തു.

**2004:** പഞ്ചായത്തിരാജ് മന്ത്രാലയം പദ്ധതി നിർവഹണത്തെക്കുറിച്ച് 150 ദിവസങ്ങൾക്കുള്ളിൽ സംസ്ഥാന മന്ത്രിമാരുടെ ഏഴ് വട്ടമേശ സമ്മേളനങ്ങൾ വിളിച്ചുചേർത്തു.

**2004:** യു.പി.എ സർക്കാർ പഞ്ചായത്തിരാജിന് സ്വതന്ത്രമന്ത്രാലയം രൂപീകരിച്ചു.

**2008:** മന്ത്രാലയം, പഞ്ചായത്തുകളുടെ സ്ഥിതിയും ദിശയും അറിയുന്നതിനായി ദേശവ്യാപകമായ ഒരു സർവ്വെ നടത്തി.

പഞ്ചായത്തുകളെ സംബന്ധിച്ച് ആദ്യമായി നടന്ന ദേശവ്യാപകമായ സർവ്വേ

# 80 ശതമാനം സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിച്ചു

തെരഞ്ഞെടുക്കപ്പെട്ട വനിതപഞ്ചായത്ത് പ്രതിനിധികളിൽ ബഹുഭൂരിപക്ഷം കരുതുന്നത് സ്ത്രീ എന്ന നിലയിൽ അവർ അവഗണിക്കപ്പെട്ടിട്ടില്ല എന്നാണ്.



### രാഷ്ട്രീയപാർട്ടികളുമായി ബന്ധം/പിന്തുണ (% )


| ലിംഗാടിസ്ഥാനത്തിൽ | ഉണ്ട് | ഇല്ല | ആകെ |
|---|---|---|---|
| തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് വനിത പ്രതിനിധി | 29.2 | 70.8 | 4880 |
| തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പുരുഷ പ്രതിനിധി | 39.5 | 60.5 | 1838 |
| പദവി അടിസ്ഥാനമാക്കി | | | |
| പ്രധാൻ/സർപഞ്ച്/മുഖ്യൻ - പുരുഷൻ | 49.9 | 50.1 | 461 |
| പ്രധാൻ/ സർപഞ്ച്/മുഖ്യൻ - സ്ത്രീ | 38.7 | 61.3 | 907 |
| ആകെ പ്രധാൻ/സർപഞ്ച്/മുഖ്യൻ | 42.5 | 57.5 | 1368 |
| വാർഡ് മെമ്പർ - പുരുഷൻ | 36.0 | 64.0 | 1377 |
| വാർഡ് മെമ്പർ - സ്ത്രീ | 27.1 | 72.9 | 3973 |
| ആകെ വാർഡ് മെമ്പറന്മാർ | 29.4 | 70.6 | 5350 |
| ആകെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ | 32.0 | 68.0 | 6718 |


### ചില പൊതുപദ്ധതികളെ സംബന്ധിച്ച സാമൂഹ്യമായ ജാഗ്രത (%)

| സമൂഹത്തിലുള്ള അറിവ് | വനിതാ പ്രതിനിധികൾ ഉൾപ്പെടുന്ന വാർഡ് | പുരുഷ പ്രതിനിധികൾ ഉൾപ്പെടുന്ന വാർഡ് |
|---|---|---|
| | ആകെ എണ്ണം 14638 | ആകെ എണ്ണം 5513 |
| സമ്പൂർണ്ണ ഗ്രാമീണ രോസ്ഗാർ | 30.9 | 32.6 |
| സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ | 21.6 | 22.9 |
| പ്രധാനമന്ത്രി ഗ്രാമീണ സഡക്ക് (റോഡ്) | 41.8 | 44.5 |
| സമഗ്രശൗചാലയ പദ്ധതി | 50.9 | 52.7 |
| ദേശീയ വാർദ്ധക്യപെൻഷൻ | 80.5 | 79.8 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് | 45.0 | 47.1 |
| ഇന്ദിര ആവാസ് | 77.0 | 79.1 |


### തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങൾക്ക് സ്ത്രീകളെന്ന നിലയ്ക്ക് പഞ്ചായത്തിൽ സ്വയം അവഗണിക്കപ്പെട്ടു എന്നു തോന്നിയ സംഭവങ്ങൾ ( % ) ൽ


| | പതിവായി | വല്ലപ്പോഴും | ഒരിക്കലും ഇല്ല | ആകെ എണ്ണം |
|---|---|---|---|---|
| പദവി അടിസ്ഥാനമാക്കി | | | | |
| വനിത പ്രധാൻ/ സർപഞ്ച്/ മുഖ്യൻ | 6.8 | 21.2 | 72.0 | 907 |
| വനിതാ വാർഡ് മെമ്പർ | 8.9 | 34.0 | 57.2 | 3973 |
| ആകെ തെരഞ്ഞെടുക്കപ്പെട്ട വനിതാ പഞ്ചായത്ത് പ്രതിനിധികൾ | 8.5 | 31.6 | 59.9 | 4880 |






### തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തംഗങ്ങൾക്ക് സ്ത്രീകളെന്ന നിലയ്ക്ക് പഞ്ചായത്തിൽ സ്വയം അവഗണിക്കപ്പെട്ടു എന്ന് തോന്നിയ സംഭവങ്ങൾ - സംസ്ഥാന അടിസ്ഥാനത്തിൽ കണക്കുകൾ (%) ൽ

| | സ്ത്രീപ്രധാൻ/ സർപഞ്ച്/മുഖ്യൻ | | | | പുരുഷപ്രധാൻ/ സർപഞ്ച്/മുഖ്യൻ | | | |
|---|---|---|---|---|---|---|---|---|
| | പതിവായി | വല്ലപ്പോഴും | ഒരിക്കലും ഇല്ല | ആകെ | പതിവായി | വല്ലപ്പോഴും | ഒരിക്കലും ഇല്ല | ആകെ |
| ഭാരതത്തിലൊട്ടാകെ | 6.8 | 21.2 | 72.0 | 907 | 8.9 | 34.0 | 57.2 | 3,973 |
| ആന്ധ്രപ്രദേശ് | 7.8 | 23.4 | 68.8 | 64 | 3.2 | 35.0 | 61.8 | 283 |
| കർണ്ണാടകം | 12.5 | 78.1 | 9.4 | 32 | 16.7 | 43.1 | 40.3 | 144 |
| തമിഴ്നാട് | 12.5 | 18.8 | 68.8 | 32 | 14.6 | 29.2 | 56.3 | 144 |
| കേരളം | 9.4 | 9.4 | 81.3 | 32 | 9.1 | 10.5 | 80.4 | 143 |
| അരുണാചൽപ്രദേശ് | 0.0 | 81.3 | 18.8 | 16 | 5.2 | 77.6 | 17.2 | 58 |
| അസം | 9.4 | 12.5 | 78.5 | 32 | 6.3 | 31.9 | 61.8 | 144 |
| മണിപ്പൂർ | 0.0 | 62.5 | 37.5 | 16 | 2.8 | 71.8 | 25.4 | 71 |
| സിക്കിം | 0.0 | 0.0 | 100.0 | 11 | 14.3 | 2.4 | 83.3 | 42 |
| ത്രിപുര | 0.0 | 31.3 | 68.8 | 16 | 5.6 | 19.7 | 74.6 | 71 |
| പശ്ചിമബംഗാൾ | 6.3 | 9.4 | 84.4 | 64 | 6.1 | 15.4 | 78.6 | 280 |
| ഒറീസ | 9.4 | 6.3 | 84.4 | 32 | 7.6 | 27.6 | 64.8 | 145 |
| ബിഹാർ | 10.9 | 17.2 | 71.9 | 64 | 16.0 | 135.5 | 48.4 | 287 |
| മദ്ധ്യപ്രദേശ് | 0.0 | 18.8 | 81.3 | 64 | 6.6 | 53.6 | 39.8 | 289 |
| ഛത്തീസ്ഗഢ് | 0.0 | 6.3 | 93.8 | 32 | 7.0 | 32.9 | 60.1 | 143 |
| ഗുജറാത്ത് | 0.0 | 45.5 | 54.5 | 33 | 7.6 | 64.1 | 28.2 | 131 |
| മഹാരാഷ്ട്ര | 7.8 | 23.4 | 68.8 | 64 | 6.5 | 23.4 | 70.1 | 278 |
| രാജസ്ഥാൻ | 10.9 | 20.3 | 68.8 | 64 | 12.9 | 39.9 | 47.2 | 286 |
| ഹരിയാന | 9.4 | 21.9 | 68.8 | 32 | 7.7 | 58.7 | 33.6 | 143 |
| പഞ്ചാബ് | 12.1 | 18.2 | 69.7 | 33 | 4.5 | 47.8 | 47.8 | 134 |
| ഉത്തർപ്രദേശ് | 2.1 | 18.1 | 79.8 | 94 | 15.5 | 25.7 | 58.8 | 432 |
| ഉത്തരാഖണ്ഡ് | 15.2 | 9.1 | 75.8 | 33 | 3.2 | 32.8 | 64.0 | 125 |
| ഹിമാചൽ പ്രദേശ് | 3.1 | 6.3 | 90.6 | 32 | 3.6 | 15.7 | 80.7 | 140 |
| ഗോവ | 13.3 | 0.0 | 86.7 | 15 | 1.7 | 3.3 | 95.0 | 60 |



| തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുവാൻ മുൻകൈ എടുത്തത് (%) | | | |
|---|---|---|---|
| ലിംഗാടിസ്ഥാനത്തിൽ | ഉണ്ട് | ഇല്ല | ആകെ |
| തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് വനിത പ്രതിനിധി | 62.3 | 37.7 | 4,880 |
| തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പുരുഷ പ്രതിനിധി | 74.3 | 25.7 | 1,824 |
| പദവി അടിസ്ഥാനമാക്കി | | | |
| പ്രധാൻ/സർപഞ്ച്/മുഖ്യൻ - പുരുഷൻ | 90.2 | 80.8 | 461 |
| പ്രധാൻ/ സർപഞ്ച്/മുഖ്യൻ - സ്ത്രീ | 80.0 | 20.0 | 907 |
| ആകെ പ്രധാൻ/സർപഞ്ച്/മുഖ്യൻ | 83.5 | 16.5 | 1,368 |
| വാർഡ് മെമ്പർ - പുരുഷൻ | 69.0 | 31.0 | 1,363 |
| വാർഡ് മെമ്പർ - സ്ത്രീ | 58.2 | 41.8 | 3,973 |
| ആകെ വാർഡ് മെമ്പറന്മാർ | 61.0 | 39.0 | 5,336 |
| ആകെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ | 65.6 | 34.4 | 6,704 |

| ഗ്രാമീണതലത്തിൽ രോഗങ്ങൾ നിയന്ത്രിക്കുന്നതിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രതിനിധികളുടെ പങ്ക് | | | |
|---|---|---|---|
| ലിംഗാടിസ്ഥാനത്തിൽ | ഉണ്ട് | ഇല്ല | ആകെ |
| തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് വനിത പ്രതിനിധി | 46.7 | 53.3 | 4,880 |
| തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പുരുഷ പ്രതിനിധി | 53.8 | 46.2 | 1,824 |
| പദവി അടിസ്ഥാനമാക്കി | | | |
| പ്രധാൻ/സർപഞ്ച്/മുഖ്യൻ - പുരുഷൻ | 72.2 | 27.8 | 461 |
| പ്രധാൻ/ സർപഞ്ച്/മുഖ്യൻ - സ്ത്രീ | 62.5 | 37.5 | 907 |
| ആകെ പ്രധാൻ/സർപഞ്ച്/മുഖ്യൻ | 65.8 | 34.2 | 1,368 |
| വാർഡ് മെമ്പർ - പുരുഷൻ | 47.6 | 52.4 | 1,363 |
| വാർഡ് മെമ്പർ - സ്ത്രീ | 43.1 | 56.9 | 3,973 |
| ആകെ വാർഡ് മെമ്പറന്മാർ | 44.3 | 55.7 | 5,336 |
| ആകെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ | 48.7 | 51.3 | 6,704 |

**തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുവാൻ എടുത്ത മുൻകൈ-സംസ്ഥാനാടിസ്ഥാനത്തിലെ കണക്ക് (% ) ൽ**

| | മഹിള പ്രധാൻ/സർപഞ്ച്/മുഖ്യൻ/ | | | പുരുഷൻ പ്രധാൻ/സർപഞ്ച്/മുഖ്യൻ | | |
|---|---|---|---|---|---|---|
| | ഉണ്ട് | ഇല്ല | അകെ | ഉണ്ട് | ഇല്ല | ആകെ |
| ഭാരതമൊട്ടാകെ | 80.0 | 20.0 | 90.7 | 90.2 | 9.8 | 461 |
| ആന്ധ്രപ്രദേശ് | 87.5 | 12.5 | 64 | 93.8 | 6.3 | 32 |
| കർണ്ണാടകം | 96.9 | 3.1 | 32 | 100.0 | 0.0 | 16 |
| കേരളം | 100.0 | 0.0 | 32 | 93.8 | 6.3 | 32 |
| സിക്കിം | 100.0 | 0.0 | 11 | 92.3 | 7.7 | 13 |
| ത്രിപുര | 100.0 | 0.0 | 16 | 87.5 | 12.5 | 8 |
| പശ്ചിമബംഗാൾ | 90.6 | 9.4 | 64 | 96.9 | 3.1 | 32 |
| ബിഹാർ | 78.1 | 21.9 | 64 | 93.8 | 6.3 | 32 |
| മദ്ധ്യപ്രദേശ് | 67.2 | 32.8 | 64 | 93.8 | 6.3 | 32 |
| ഗുജറാത്ത് | 90.9 | 9.1 | 33 | 73.3 | 26.7 | 15 |
| രാജസ്ഥാൻ | 84.4 | 15.6 | 64 | 96.9 | 3.1 | 32 |
| ഹരിയാന | 84.4 | 15.6 | 32 | 81.3 | 18.8 | 16 |
| പഞ്ചാബ് | 81.8 | 18.2 | 33 | 100 | 0.0 | 15 |
| ഉത്തർപ്രദേശ് | 74.5 | 25.5 | 94 | 92.0 | 8.0 | 50 |
| ഉത്തരാഖണ്ഡ് | 75.8 | 24.2 | 33 | 73.3 | 26.7 | 15 |

സർവ്വേ ഏജൻസിയായ എസി നീൽസൺ, പഞ്ചായത്തിരാജ് മന്ത്രാലയത്തിനുവേണ്ടി രാജ്യത്തെ 23 സംസ്ഥാനങ്ങളിലും 114 ജില്ലകളിലും, 228 ബ്ലോക്കുകളിലും 1368 ഗ്രാമപഞ്ചായത്തുകളിലും ഈ സർവ്വേ നടത്തി. ഇതിനിടയിൽ 1,368 ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാരുമായും, ഇവരിൽ 907 സ്ത്രീകളായിരുന്നു, 5350 വാർഡ് മെമ്പറന്മാരുമായും, ഇവരിൽ 3, 973 പേർ സ്ത്രീകളായിരുന്നു, സംസാരിച്ചു. ഇതുകൂടാതെ 1302 മുൻ വനിതാ പ്രതിനിധികളേയും ഈ ഫീൽഡ് സർവ്വേയിൽ ഉൾപ്പെടുത്തി. സർവ്വേയിൽ ഉൾപ്പെടുത്തിയ സാമൂഹ്യ പ്രതിനിധികളുടെ എണ്ണം 20154 ആയിരുന്നു. സർവ്വേയിൽ ഓരോ ഗ്രാമപഞ്ചായത്തിലും ഒരു ഗ്രാമ പഞ്ചായത്ത് ഇൻഫർമേഷൻ പെർഫോമ വഴിയായി പഞ്ചായത്തിലെ ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ അടിസ്ഥാന ഘടനകൾ, സേവനങ്ങൾ, സ്ത്രോതസ്സുകൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു. ഇതുകൂടാതെ ഓരോ ജില്ലാ- ബ്ലോക്ക ടിസ്ഥാനത്തിലും രണ്ട് അഭിമുഖങ്ങൾക്കും ഏർപ്പാടു ചെയ്തിരുന്നു.

*Courtesy : Outlook Sapthahik, New Delhi 22-28, April, 2008.*





# സ്ത്രീകൾ ചുറ്റുമതിലുകൾക്കുള്ളിൽനിന്നും പൊതുധാരയിലേയ്ക്ക്

പഞ്ചായത്തീരാജിനെ ഡിപ്പാർട്ടുമെന്റലായ ഒരു ചുമതല എന്നതിലധികം ഒരു പ്രതിബദ്ധതയായി കാണുന്ന **കേന്ദ്രമന്ത്രി മണിശങ്കർ അയ്യരുമായി. ഔട്ട്ലുക് സാപ്താഹിക്കിന്റെ അസോസിയേറ്റ് എഡിറ്റർ നീലാഭ് മിശ്ര** നടത്തിയ കൂടിക്കാഴ്ചയിൽനിന്ന്. മലയാളം വിവർത്തനം നിർവഹിച്ചിരിക്കുന്നത് **ഡോ. എം.എസ്.ആർ പിള്ളയാണ്.**



***പഞ്ചായത്തിരാജ് സ്ത്രീകളെ സംബന്ധിക്കുന്ന ഈ പുതിയ സർവ്വെ നടത്തിയതിന്റെ ഉദ്ദേശ്യമെന്താണ്?***

പഞ്ചായത്തുകളിൽ സംവരണം കൊണ്ട് സ്ത്രീകളുടെ ജീവിതത്തിലും ഗ്രാമജീവിതത്തിലും എന്ത് മാറ്റമാണ് വന്നതെന്ന് ഈ സർവ്വെ നടക്കുന്നതിനു മുമ്പ് ആർക്കും കൃത്യമായി യാതൊരറിവും ഇല്ലായിരുന്നു. ഈ ശാസ്ത്രീയമായ സർവ്വെയിൽ നിന്നും ഒരു റോഡ് മാപ്പ് ലഭിച്ചിരിക്കുകയാണ്. 20 വർഷങ്ങൾക്കുമുമ്പ് പറയപ്പെട്ടിരുന്നത്. പഞ്ചായത്തീരാജിൽ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സ്ത്രീകളെ കണ്ടെത്തുക ബുദ്ധിമുട്ടായിരിക്കും എന്നാണ്. ഇപ്പോൾ സ്ത്രീകളായ സ്ഥാനാർത്ഥികൾ വേണ്ടുവോളം ലഭ്യമാണ്. സംവരണ ക്വാട്ടയിൽ കൂടുതൽ അവർ നേടിയെടുക്കത്തക്ക രീതിയിൽ വേണ്ട ശാക്തീകരണം സംഭവിച്ചിരിക്കുന്നു. മാത്രവുമല്ല അവർ പുരുഷന്മാർക്കെതിരെ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്യുന്നു. ഏകദേശം 10-12 ലക്ഷം സ്ത്രീകൾ ചുറ്റുമതിലുകൾക്കുള്ളിൽ നിന്നും പുറത്തുവന്ന് പൊതുധാരയിലേക്ക് എത്തിക്കഴിഞ്ഞിരിക്കുന്നു. അവർ ഭർത്താക്കന്മാരുടെയോ പുരുഷന്മാരുടെയോ മരപ്പാവകളാണെന്നത് തെറ്റാണെന്ന് തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ചില സംസ്ഥാനങ്ങളിൽ പഞ്ചായത്തുകളിൽ ചുരുങ്ങിയത് 33 ശതമാനം എന്നതിൽ നിന്ന് 40 അഥവാ 50 ശതമാനം വരെ സംവരണം നൽകിയിരിക്കുകയാണ്. ഈ സർവ്വെ മറ്റൊരു കാര്യത്തിന് അടിവരയിട്ടിരിക്കുകയാണ്. പൊതുജന നന്മയുടെ കാര്യത്തിലും വികസന കാര്യങ്ങളിലും സ്ത്രീ കാഴ്ചപ്പാട് വളരെ പ്രാധാന്യമർഹിക്കുന്നു. പഞ്ചായത്തുകൾ എത്ര മാത്രം വിഭവസമൃദ്ധവും അധികാര സമ്പന്നവും ആയിരിക്കുന്നുവോ സ്ത്രീകളും അത്രതന്നെ അധികാര സമ്പന്നരായിരിക്കും എന്ന കാര്യവും സത്യംതന്നെയാണ്. പഞ്ചായത്തിരാജിന്റെ വളർച്ചയോടൊപ്പം സ്ത്രീകളും വളർന്നിരിക്കുന്നു എന്ന് കേരളം കാണിച്ചു തന്നു. പുരുഷന്മാർക്ക് ജോലി ചെയ്യുന്നതിനായി പുറത്തു പോകേണ്ടി വരുന്ന സിക്കിം, അരുണാചൽ പ്രദേശ്, ഹിമാചൽ പ്രദേശ് തുടങ്ങിയ പ്രദേശങ്ങളിൽ, സ്ത്രീകളാണ് പഞ്ചായത്തുകളിൽ ഏറെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു കൊണ്ടിരിക്കുന്നത്. അതെ, ഹിന്ദി ബെൽറ്റ് സംസ്ഥാനങ്ങൾ പോലുള്ള, സ്ത്രീകളിൽ സാമൂഹ്യമായ സമ്മർദ്ദം ഏറെയുള്ളിടങ്ങളിൽ കാര്യങ്ങൾ പൂർണ്ണമായി പാകപ്പെടുവാൻ കൂടുതൽ സമയമെടുക്കും.

> പഞ്ചായത്തുകൾ എത്ര മാത്രം വിഭവ സമൃദ്ധവും അധികാര സമ്പന്നവും ആയിരിക്കുന്നുവോ സ്ത്രീകളും അത്ര തന്നെ അധികാര സമ്പന്നരായിരിക്കും എന്ന കാര്യവും സത്യംതന്നെയാണ്. പഞ്ചായത്തിരാജിന്റെ വളർച്ചയോടൊപ്പം സ്ത്രീകളും വളർന്നിരിക്കുന്നു എന്ന് കേരളം കാണിച്ചു തന്നു.

***ഈ ദിശയിൽ ഇനിയും എന്താണ് ചെയ്യാൻ കഴിയുക?***

പഞ്ചായത്തിലെ ഏതെങ്കിലും പദവി സ്ത്രീകൾക്കായി, അഞ്ച് എന്നതിൽനിന്ന് വർദ്ധിപ്പിച്ച് പത്ത് അഥവാ പതിനഞ്ച് വർഷത്തേക്ക് സംവരണം ചെയ്യുക. ഗ്രാമ പഞ്ചായത്തുകളിൽ ആദ്യമായി സ്ഥാന മേൽക്കുന്ന സ്ത്രീക്ക് വിദ്യാഭ്യാസവും അനുഭവസമ്പത്തും നന്നെ കുറവായിരിക്കും. അതുകൊണ്ട് അവൾ ഭർത്താവിനെയോ വീട്ടിലുള്ള മറ്റു പുരുഷന്മാരെയോ ആശ്രയിക്കാൻ നിർബന്ധിതയാവുന്നു. സ്വന്തമായോ പുറത്തുനിന്നോ പരിശീലനം ലഭിച്ചാൽ അവൾ സാവധാനം പുതിയ അറിവും അനുഭവവും നേടിയെടുക്കുന്നു. സംവരണത്തിന്റെ ദൈർഘ്യം വർദ്ധിപ്പിച്ചാൽ മാത്രമേ അവൾക്ക് ഇത് പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ.



*വികസനത്തിനായി, പഞ്ചായത്തു കൾക്ക് കൂടുതൽ ധനവും അധികാരവും നൽകുന്നതിനെക്കുറിച്ച് വിമർശകർ പറയുന്നത്, അഴിമതിക്കാരായ ഉദ്യോഗസ്ഥ വൃന്ദവും ജനപ്രതിനിധികളും വൻതുകകൾ സ്വയം വിഴുങ്ങുകയും അർഹരായ ആവശ്യക്കാർക്ക് നോക്കി നിൽക്കേണ്ടി വരികയും ചെയ്യേണ്ടിവരുന്നു എന്നാണ്?*

രാജീവ്ഗാന്ധി, വികസനത്തിന്റെ 15 ശതമാനമെ ആവശ്യക്കാരിലെത്തുന്നുള്ളു എന്നു പറഞ്ഞപ്പോൾ അതിന്റെ അർത്ഥം 85 ശതമാനം ഉദ്യോഗസ്ഥവൃന്ദത്തിനു ചെലവാകുന്നു എന്നാണ്. അത് മുഴുവൻ അഴിമതിയുടെ പേരിലാണ് എന്നതിനർത്ഥമില്ല. പഞ്ചായത്തുകൾക്ക് കൂടുതൽ ധനാഗമമാർഗ്ഗങ്ങളും അധികാരവും നൽകിയാൽ കൂടുതൽ തുകയും ഇടനിലക്കാരായ ഉദ്യോഗവൃന്ദത്തെ ബൈപാസ് ചെയ്ത് താഴത്തെ തലത്തിൽ വരെ എത്തിച്ചേരും. കേരളത്തിൽ വികസന ബജറ്റിന്റെ ഏറിയ പങ്കും പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിരിക്കുകയാണ്. പ്രാദേശിക പദ്ധതികളും അവരാണ് തയ്യാറാക്കുന്നത്. ഗുണം വ്യക്തമാണ്. പഞ്ചായത്ത് തലത്തിൽ സാമ്പത്തിക വിഭവങ്ങളുടെ ദുർവിനിയോഗത്തിന്റെ പ്രശ്നമുദിച്ചാൽ, അതിൽ ഗ്രാമസഭകൾ വഴിയായി സോഷ്യൽ ആഡിറ്റിൽ കൂടി കടിഞ്ഞാണിട്ട് സമാധാനം പറയിക്കാവുന്നതാണ്. രാജസ്ഥാനിൽ അരുണാ റോയിയുടെ മസ്ദൂർ കിസാൻ ശക്തിസംഘടന ജനവിചാരണയിൽ കൂടി ഇത് പ്രാവർത്തികമാക്കി കാണിച്ചിരിക്കുകയാണ്.

***എന്നാൽ ഗ്രാമസഭകളിൽ സാധാരണ ജനപങ്കാളിത്തം വേണ്ടത്രയില്ല. കുറവാ ണെന്നുണ്ടോ?***

ദില്ലി പോലെയുള്ള മഹാനഗരത്തിലും അഭ്യസ്ത വിദ്യരും സമ്പന്നരുമായ ജനങ്ങൾ താമസിക്കുന്ന കോളനികളിൽ, റസിഡന്റ്സ് വെൽഫെയർ അസോസിയേഷൻ മീറ്റിംഗുകളിൽ പങ്കാളിത്തം കുറവാണ്. നിലിലുള്ള സർക്കാർ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുകൂടാതെ ഗ്രാമസഭകളുടെ കൈകളിൽ കേരളത്തെപ്പോലെ പദ്ധതി നിർവഹണത്തിനുള്ള അധികാരം വന്നു ചേർന്നാൽ അതുപോലെയുള്ള വൻപങ്കാളിത്തം ഉറപ്പാക്കാം. സാമൂഹ്യമായ ആഡിറ്റിംഗിനുള്ള ശക്തമായ വകുപ്പും ശക്തി പകർന്ന് പങ്കാളിത്തം വർദ്ധിപ്പിക്കും. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പഞ്ചായത്ത് എക്സ്റ്റെൻഷൻ നിയമത്തിൽ ഒരു പദ്ധതിയും ഗ്രാമസഭയുടെ അംഗീകാരമില്ലാതെ നടപ്പാക്കാൻ പാടില്ല എന്ന വകുപ്പുണ്ട്. വ്യാജ പ്രവർത്തനങ്ങൾ തടയുന്നതിന്, നിർമ്മാണം പൂർത്തിയാകുമ്പോൾ ഗ്രാമസഭയിൽനിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്നുള്ളത് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി കേരളത്തിലെയും പശ്ചിമബംഗാളിലെയും രാജസ്ഥാനിലെയുംപോലെ ഗ്രാമസഭകൾക്കും താഴെ വാർഡ് സഭകൾ രൂപീകരിക്കാവുന്നതാണ്.

കേരളത്തിൽ വികസന ബജറ്റിന്റെ ഏറിയ പങ്കും പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിരിക്കുകയാണ്. പ്രാദേശിക പദ്ധതികളും അവരാണ് തയ്യാറാക്കുന്നത്. ഗുണം വ്യക്തമാണ്.

***അങ്ങയുടെ മന്ത്രാലയം ന്യായ പഞ്ചായത്തുകളുടെ രൂപീകരണത്തിനായി ഒരു ബില്ലിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടല്ലോ? എന്നാൽ അസമത്വങ്ങൾ നില നിൽക്കുന്ന ഗ്രാമീണ ഘടനയിൽ സ്ത്രീകൾക്കും ദളിതർക്കും മറ്റ് അവഗണിക്കപ്പെട്ട വർഗ്ഗങ്ങൾക്കും യഥാർത്ഥത്തിൽ ന്യായം ലഭിക്ക ണമെന്നുണ്ടോ?***

കോടതികളിൽ കോടിക്കണക്കിന് കേസുകൾ വർഷങ്ങളായി കെട്ടിക്കിടക്കുകയാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് മന്ത്രിസഭ 10–12 ഗ്രാമങ്ങളുടെ ഒരു ഗ്രൂപ്പിന് (ക്ലസ്റ്റർ) മൊബൈൽ ഗ്രാമക്കോടതികൾക്കായുള്ള ബില്ലിന്റെ കരട് രൂപത്തിന് അംഗീകാരം നൽകിക്കഴിഞ്ഞു. ഇത് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. എന്നാൽ ഈ കോടതികൾ സാധാരണ കോടതികളുടെ പരിധിയിൽ നിന്നുകൊണ്ട് ചെറിയ ചെറിയ കേസുകളിൽ മദ്ധ്യസ്ഥതയും സന്ധി-സംഭാഷണങ്ങളും വഴിയായി പ്രശ്നങ്ങൾ തീർപ്പാക്കും. ചെറിയ ചെറിയ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ കോടതികളിൽ എത്തുകയേ ചെയ്യരുതെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇവ മദ്ധ്യസ്ഥതയിൽക്കൂടിയും, സന്ധി- സംഭാഷണങ്ങളിൽകൂടിയും പഞ്ചായത്ത് തലത്തിൽത്തന്നെ പരിഹരിക്കപ്പെടണം. അതുകൊണ്ട് ഇപ്പോൾത്തന്നെ 8 സംസ്ഥാനങ്ങളിൽ നിലവിലുള്ള ന്യായ പഞ്ചായത്തുകൾ, നിലവിൽ വരേണ്ടതുണ്ട്. ഇതിനുവേണ്ടി ഞങ്ങൾ ഉപേന്ദ്ര ബക്ഷി കമ്മിറ്റി ശുപാർശകളെ അടിസ്ഥാനമാക്കി ദേശീയബില്ലിന്റെ കരടു രൂപം തയ്യാറാക്കിയിട്ടുണ്ട്. താങ്കൾ പറഞ്ഞ കാരണങ്ങൾകൊണ്ട് പഴയ പഞ്ചായത്ത് സമ്പ്രദായത്തിൽ ഈ പരീക്ഷണം പരാജയമായിരുന്നു. എന്നാൽ പുതിയ സമ്പ്രദായമനുസരിച്ച് ദളിതർക്കും സ്ത്രീകൾക്കും പിന്നോക്കവിഭാഗങ്ങൾക്കും സംവരണം നടപ്പിലാക്കിക്കൊണ്ട് ദുർബല വിഭാഗങ്ങൾക്ക് ന്യായം ഉറപ്പാക്കാവുന്നതാണ്.

Courtesy : Outlook *Sapthahik*, New Delhi 2228, **April**, 2008.






ആർ. പാർവ്വതീ ദേവി

# ഗ്രാമപഞ്ചായത്തും കുടുംബശ്രീയും

സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ പ്രയോഗതലത്തിൽ കൊണ്ടു വരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നല്കികൊണ്ടാണ് പതിനൊന്നാം പഞ്ചവൽസര പദ്ധതി ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്നത്. 73,74 രണഘടനാ ഭേദഗതി അധികാര വികേന്ദ്രീകരണത്തിലൂടെ ത്രിതല പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും പ്രാദേശിക വികസന പ്രശ്നങ്ങളിൽ തീരുമാനം എടുക്കുന്നതിന് അവസരം ഒരുക്കുകയും ചെയ്തു. അധികാരവും ധനവും ഉദ്യോഗസ്ഥ സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. ദാരിദ്ര്യ ലഘൂകരണത്തിനും, പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉതകുന്ന പദ്ധതികൾ രൂപീകരിക്കുന്നതും ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്ന തരത്തിൽ അവ നടപ്പാക്കുന്നതും ഗ്രാമ പഞ്ചായത്തുകളാണ്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ കുടുംബശ്രീയും ഗ്രാമപഞ്ചായത്തുകളും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് 1998-ൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് കുടുംബശ്രീ-സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ. പത്തു വർഷത്തിനുള്ളിൽ കുടുംബശ്രീയുടെ പ്രവർത്തനം ശക്തവും വിപുലവും ആകുകയും, സ്ത്രീകളുടെ കരുത്തുറ്റ സംഘടനാ സംവിധാനം നിലവിൽ വരുകയും ചെയ്തു.

ഇന്ന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന **36 ലക്ഷം** കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. 15 മുതൽ 40 കുടുംബങ്ങളിൽ നിന്നും ഓരോ വനിത ഉൾപ്പെടുന്ന 182969 അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ഇവയെ ഏകോപിപ്പിച്ചുകൊണ്ട് **16922** ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റികളും **1058** കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികളും ഉൾപ്പെടുന്ന കുടുംബശ്രീ സംഘടനാ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്.

കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനവും, ഗ്രാമ പഞ്ചായത്തുകളും ഏകോപിച്ച് പ്രവർത്തിക്കുന്നത്



**കുടുംബശ്രീ പ്രവർത്തകർ സമൂഹത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളിൽ ഇടപെടുകയും നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്താൽ മാത്രമേ ശാക്തീകരണം പ്രാവർത്തികമാകൂ. ഗുണഭോക്താക്കൾ എന്ന പദവിയിൽ നിന്നും മാറി നാടിന്റെ ഭാവി നിർണ്ണയിക്കുന്ന ശക്തിയായി മാറാനുള്ള തയ്യാറെടുപ്പിലാണ് കുടുംബശ്രീ.**

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അനിവാര്യമാണ്. പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായ 9 അംഗ ഭരണ സമിതിയാണ് കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ പഞ്ചായത്ത് വനിതാ പ്രതിനിധികൾ, പഞ്ചായത്ത് സെക്രട്ടറി, കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്നിവർ സി.ഡി.എസ്സിന്റെ അംഗങ്ങളാണ്. പഞ്ചായത്ത് നിയോഗിക്കുന്ന കുടുംബശ്രീ ചാർജ്ജ് ആഫീസർ മെമ്പർ സെക്രട്ടറിയാണ്.

പഞ്ചായത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സി.ഡി.എസ്. ഭരണ സമിതി അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നു. സി.ഡി.എസ്സിന്റെ പുരോഗതി റിപ്പോർട്ട് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും പഞ്ചായത്ത് സമിതിക്ക് സമർപ്പിക്കുകയും ചെയ്യണം. പതിനൊന്നാം പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം വർക്കിംഗ് ഗ്രൂപ്പിൽ സി.ഡി.എസ്. അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്.

### പതിനൊന്നാം പഞ്ചവത്സര പദ്ധതിയും കുടുംബശ്രീയും

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി രൂപീകരണം, ആശ്രയ, വനിതാ ക്ഷേമ വികസന പരിപാടികൾ, ശിശു-ബാല വികസനം, വൃദ്ധ ജനങ്ങളുടെ സംരക്ഷണം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം എന്നീ മേഖലകളിൽ കുടുംബശ്രീക്ക് പ്രത്യേക പങ്ക് വഹിക്കുന്നതിന് അവസരമുണ്ട്. ഈ സാഹചര്യം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കാര നിർവ്വഹണ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഗ്രാമസഭകൾ മുതൽ വർക്കിംഗ് ഗ്രൂപ്പുവരെയുള്ള വ്യവസ്ഥാപിത സ്ഥാപനങ്ങളിൽ കുടുംബശ്രീ അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും മുകളിൽ വിവരിച്ച വിഷയങ്ങൾ ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കിടയിൽ കുടുംബശ്രീ സംവിധാനത്തിന്റെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി 26,500 കുടുംബശ്രീ ഭാരവാഹികൾക്കും, 35000 ത്തോളം വരുന്ന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും പ്രത്യേക പരിശീലന പരിപാടികൾ നടക്കുകയുണ്ടായി.

കോഴിക്കോട്, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിൽ വച്ച് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരുടെ ഒരു ദ്വിദിന ശില്പശാല 2007 ജൂൺ 25, 26 തീയതികളിൽ കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്ക് സംബന്ധിച്ച വിശദമായ ക്ലാസ്സുകൾ ശില്പശാലയിൽ ഉൾപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സി.ഡി.എസ് പ്രവർത്തകർ എന്നിവർക്ക് പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ഗുണമേന്മയുള്ള പ്രോജക്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളിലെ കുടുംബശ്രീ പ്രവർത്തകരുടെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കൽ എന്നീ ലക്ഷ്യങ്ങളോടെ മൂന്നുതരത്തിലുള്ള അവസരങ്ങൾ കുടുംബശ്രീ സംസ്ഥാന മിഷൻ ഒരുക്കിയിരുന്നു.

ആകെ അരലക്ഷത്തിലേറെപ്പേർ പരിശീലനം നേടിയതിലൂടെ പതിനൊന്നാം പദ്ധതി പ്രവർത്തനം ഫലപ്രദമാക്കുന്നതിന് കുടുംബശ്രീ സജ്ജമായി.

കൂടാതെ ആറുമാസം മുതൽ മൂന്നു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് അംഗൻവാടികളിലൂടെ നടപ്പാക്കുന്ന ടേക് ഹോം റേഷൻ സ്ട്രാറ്റജി പദ്ധതി കുടുംബശ്രീയാണ് നടപ്പാക്കുന്നത്. പോഷകാഹാരം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് കുടുംബശ്രീ യൂണിറ്റുകളാണ്. ഇതിനാവശ്യമായ തുകയുടെ മൂന്നിൽ രണ്ട് ഭാഗം ഗ്രാമ പഞ്ചായത്തുകളും മൂന്നിൽ ഒരു ഭാഗം ബ്ലോക്ക് പഞ്ചായത്തുകളുമാണ് നല്കുന്നത്. കേന്ദ്ര സർക്കാരിന്റെ വിഹിതമായി സാമൂഹ്യ ക്ഷേമ വകുപ്പിലൂടെ ഒരു കുട്ടിക്ക് ഒരു ദിവസം രണ്ട് രൂപ എന്ന ക്രമത്തിൽ ഗ്രാമ പഞ്ചായ ത്തുകൾക്ക് ലഭ്യമാക്കുന്നുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽ സാമൂഹ്യ പരിശോധന നിർബന്ധ ഘടകമാണ്. ഈ പ്രവർത്തനത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന് ഫലപ്രദമായ പങ്കാളിത്തം വഹിക്കുവാൻ കഴിയും. തൊഴിലുറപ്പ് പദ്ധതിയിൽ വിഭാവനം ചെയ്യുന്ന എല്ലാ ഘടകങ്ങളേയും വിപുലമായ ജന പങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിന് ആവശ്യമായ രീതി ശാസ്ത്രം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.





*‘ആശ്രയപദ്ധതിക്ക്’ പൊതുഭരണ മികവിന് ലഭിച്ച അവാർഡ് പ്രധാനമന്ത്രി ഡോ. മൻമോഹൻസിങിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് ഏറ്റുവാങ്ങുന്നു.*

# ആശ്രയയ്ക്ക് ദേശീയ അംഗീകാരം

## അരലക്ഷം ഗുണഭോക്താക്കൾ

കുടുംബശ്രീയുടെ അഗതി പുനരധിവാസ പദ്ധതിയായ ‘ആശ്രയ’യ്ക്ക് ദേശീയ അംഗീകാരം ലഭിച്ചു. പ്രധാനമന്ത്രിയുടെ ‘പൊതുഭരണമികവി’നുള്ള 2006-07-ലെ അവാർഡാണ് ആശ്രയയ്ക്ക് ലഭിച്ചത്. സർക്കാർ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സവിശേഷവും വ്യത്യസ്തവുമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്. സിവിൽ സർവീസ് ദിനത്തോടനുബന്ധിച്ച് ന്യൂദില്ലിയിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രിയിൽനിന്നും തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് അവാർഡ് ഏറ്റുവാങ്ങി.

ഇന്ന് കേരളത്തിൽ ആകെ 56389 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ കണ്ടെത്തുകയും പൂർണ ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുകയും ചെയ്യുന്നു എന്നതാണ് ആശ്രയയുടെ മുഖ്യസവിശേഷത. അതിജീവനം, അടിസ്ഥാന സൗകര്യം, വികസനാവശ്യം, മാനസികാവശ്യം തുടങ്ങി നാലു ഘടകങ്ങൾ കണക്കിലെടുക്കുന്ന പരിചരണ പാക്കേജ് അടിസ്ഥാനമാക്കിയാണ് ഓരോ പഞ്ചായത്തും ആശ്രയ പദ്ധതി രൂപീകരിക്കുന്നത്. കുടുംബശ്രീയുടെ ത്രിതല സംവിധാനത്തിന്റെ മേൽത്തട്ടിലുള്ള സിഡിഎസ് ആണ് ആശ്രയയുടെ നിർവഹണ ഏജൻസി.

ദരിദ്രരിൽ ദരിദ്രരായ കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. പത്താം പദ്ധതിയുടെ ആദ്യവർഷത്തിൽ (2002-2003) പ്രാവർത്തികമായ ഈ പദ്ധതിയുടെ നിർവ്വഹണച്ചുമതല ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. പദ്ധതി അടങ്കലിന്റെ 75 ശതമാനവും തദ്ദേശസ്വയംഭരണസ്ഥാപനം സ്വന്തം പ്ലാൻഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ സംഭാവന മുഖേനയോ കണ്ടെത്തേണ്ടതുണ്ട്. ശേഷിക്കുന്ന 25% പരമാവധി 10 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി കുടുംബശ്രീ സംസ്ഥാന മിഷൻ ലഭ്യമാക്കി വരുന്നു. അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി വരുന്നു. ഓരോ വാർഡിൽ നിന്നും കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ വിശദാംശം അതത് വാർഡിലെ ഗ്രാമസഭാ യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യാറുണ്ട്. അഗതി കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ മത്സരബുദ്ധിയോടെ എണ്ണം കൂട്ടിക്കാണിക്കുന്നതിനുള്ള പ്രവണത ആദ്യമേതന്നെ ഒഴിവാക്കുന്നതിന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

ഇത്തരത്തിൽ വിവിധ വകുപ്പുകളും വ്യക്തികളും സന്നദ്ധസംഘടനകളും അഗതി പുനരധിവാസ പദ്ധതിയിൽ പങ്കാളികളാകുന്നു. ഈ സാമൂഹ്യമേൽനോട്ട സംവിധാനവും ആശ്രയയുടെ സവിശേഷതയായി കണക്കാക്കുന്നു.

---

തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പരിപാടിക്ക് രൂപം നൽകുന്നതിന് ഒരു പങ്കാളിത്ത രീതി വികസിപ്പിച്ചിട്ടുണ്ട്. അയൽക്കൂട്ടം, എ.ഡി.എസ് സംഘടനാ സംവിധാനത്തിലൂടെ ആരംഭിച്ച് ഗ്രാമ സഭയിൽ വച്ച് കൂടുതൽ സമഗ്രമാക്കുന്ന തരത്തിലാണ് ഇത് രൂപം നൽകിയിരിക്കുന്നത്.

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിടങ്ങളിലാവശ്യമായ സഹായക പ്രവർത്തനങ്ങൾക്ക് എ.ഡി.എസ് ഭാരവാഹികൾക്കാണ് സർക്കാർ ചുമതല നൽകിയിരിക്കുന്നത്. ഈ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ കഴിയുന്ന തരത്തിൽ എ.ഡി.എസ്, സി.ഡി.എസ് ഭാരവാഹികൾക്ക് കിലയുടെ സഹായത്തോടെ ജില്ലകളിൽ പരിശീലനം നൽകി.

### തൊഴിൽ സംരംഭ രജിസ്റ്റർ

2006 ഒക്ടോബർ മാസത്തിൽ കേരളത്തിലെ വിവിധ സൂക്ഷ്മ സംരംഭങ്ങളെക്കുറിച്ച് കുടുംബശ്രീ പഠനം നടത്തി. ഏകദേശം 60,000 സംരംഭങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തി. സംരംഭങ്ങൾ തുടങ്ങുന്നതിനും നിലനിർത്തുന്നതിനും സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ, സംരംഭങ്ങൾ ഇല്ലാതാകുന്നതിനുള്ള കാരണങ്ങൾ എന്നിങ്ങനെ പ്രസക്തമായ ധാരാളം വിവരങ്ങൾ ഇതിലൂടെ ലഭിച്ചു. ഈ പഠനത്തിന്റെ പശ്ചാത്തലത്തിൽ സംരംഭങ്ങളുടെ വികസനത്തിന് ത്രിതല പഞ്ചായത്തുകളുടെ പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടിയും കൂടെയാണ് പ്രാദേശിക സാമ്പത്തിക വികസനം എന്ന ആശയം മുൻനിർത്തി സംസ്ഥാനാടിസ്ഥാനത്തിൽ പരിശീലനം നടത്തിയത്. ഇതിന്റെ ഭാഗമായി വിവിധ തലത്തിലുള്ള ജനപ്രതിനിധികളേയും സി.ഡി.എസ്. പ്രതിനിധികളെയും ജീവനക്കാരേയും പരിശീലിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സി.ഡി.എസ്. ചെയർപേഴ്സൺമാർ എന്നിവർക്കായി 1-1-2007 മുതൽ 19-1-2007 വരെ കേരളത്തിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നടത്തി. സംസ്ഥാനാടിസ്ഥാനത്തിൽ 2725 പേർ പരിശീലനം നേടി. ഇതിനായി 224സംസ്ഥാന റിസോഴ്സ് പേഴ്സൺമാരാണുള്ളത്.



**കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനവും, ഗ്രാമ പഞ്ചായത്തുകളും ഏകോപിച്ച് പ്രവർത്തിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അനിവാര്യമാണ്.**

ബ്ലോക്ക് അടിസ്ഥാനത്തിൽ 129 പരിശീലന കേന്ദ്രങ്ങളിലായി 13,266 പ്രവർത്തകരും പരിശീലിപ്പിക്കപ്പെട്ടു.

അയൽക്കൂട്ട തലത്തിൽ ചർച്ച ചെയ്ത് വാർഡ്-പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് ഒരു പ്രാദേശിക തൊഴിൽ സാധ്യതാ രജിസ്റ്റർ തയ്യാറാക്കുന്നതിനായി പ്രവർത്തനം ആരംഭിച്ചു.

### സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ

കുടുംബശ്രീ മൈക്രോ സംരംഭ പഠനവും അതിനോടനുബന്ധിച്ച് നടത്തിയ പ്രാദേശിക സാമ്പത്തിക വികസന പരിപാടിയും, സംരംഭ സാധ്യതാ രജിസ്റ്റർ തയ്യാറാക്കലും, അക്കൗണ്ടിംഗ് കാമ്പയിനും പതിനൊന്നാം പദ്ധതി പരിശീലനവും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ചില പോരായ്മകൾ വെളിപ്പെടുത്തി. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ഗ്രാമപഞ്ചായത്തുകൾ തമ്മിലും സി.ഡി.എസ്സുകൾ തമ്മിലും വലിയ അന്തരമുണ്ടെന്ന് കാണുവാൻ സാധിച്ചു. ഒൻപത് വർഷം പിന്നിട്ട കുടുംബശ്രീക്ക് സംഘടനാ സംവിധാനം സുസ്ഥിരവും വ്യവസ്ഥാപിതവുമാക്കുവാൻ ഒരു കാമ്പയിൻ രീതിയിലുള്ള പ്രവർത്തനമല്ല മറിച്ച് നിലവിലുള്ള സംഘടനാ സംവിധാനത്തിന്റെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന രീതിയാണ് ആവശ്യമെന്ന് തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തന പരിപാടിക്ക് രൂപം നൽകി.

### സുനാമി അടിയന്തിര സഹായ പദ്ധതി (TEAP)

2004 ഡിസംബറിൽ നടന്ന സുനാമി കടലാക്രമണവുമായി ബന്ധപ്പെട്ട പുനരധിവാസ പരിപാടികളിൽ കേരളത്തിലെ 9 തീരദേശ ജില്ലകളിൽ വരുന്ന 94 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ കടൽതീരത്തോടടുത്തുള്ള പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് ഫിഷറീസ് വകുപ്പും മറ്റു സർക്കാർ ഏജൻസികളും നടപ്പാക്കുന്ന ഉപജീവനോപാധികൾ നല്കുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് വേണ്ട പിന്തുണാ സഹായങ്ങൾ നല്കുന്നതിന് ഫിഷറിസ് വകുപ്പിന്റെ ആവശ്യ പ്രകാരം കുടുംബശ്രീ പ്രൊപ്പോസൽ സമർപ്പിക്കുകയും, അതിന്റെ വെളിച്ചത്തിൽ 2 കോടി രൂപ അടങ്കൽ വരുന്ന വിവിധ പ്രവർത്തനങ്ങൾ കുടുംബശ്രീയിലൂടെ നടപ്പാക്കുവാൻ സർക്കാർ അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. TEAP -ൽ 400 മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾക്ക് 9 മാസത്തേക്കാണ് കരാർ ഒപ്പിട്ടിട്ടുള്ളത്.

### സ്ത്രീ-പുരുഷ പദവി സ്വയം പഠനം

കുടുംബശ്രീ സംവിധാനത്തിൽ ആരംഭിച്ചിട്ടുള്ള സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങൾ അതിന്റെ ലക്ഷ്യ സ്ഥാനത്ത് എത്തുന്നതിന് സാമൂഹിക ശാക്തീകരണം അനിവാര്യമാണ്. ഇത് കണക്കിലെടുത്തുകൊണ്ട് വിപുലമായ ജെന്റർ എഡ്യുക്കേഷൻ പ്രോഗ്രാം കേരളത്തിലെ സ്ത്രീകളുടെ സാമൂഹിക പദവി മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീ നടപ്പാക്കുന്നു.

സ്ത്രീകൾ ധാരാളം അറിവിന്റേയും അനുഭവത്തിന്റേയും ഉടമസ്ഥകളാണ്. നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാരഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം. ഇത് കേവലം ബോധവത്ക്കരണ പരിശീലനമല്ല. മറിച്ച് പരസ്പരം സഹായകമായ പഠന പ്രക്രിയയാണ്.

കുടുംബശ്രീയുടെ സാമ്പത്തിക/സാമൂഹ്യ ശാക്തീകരണ പ്രവർത്തന ങ്ങൾ വിജയിപ്പിക്കുന്നതിന്റെ ഉത്തര വാദിത്വം ഗ്രാമപഞ്ചായത്തുകൾക്കാണ്.കുടുംബശ്രീ ഉത്പ്പന്നങ്ങൾ നേരിടുന്ന വിപണന പ്രശ്നം പരിഹരിക്കുന്നതിന് മാസച്ചന്തകൾ ജില്ല/ബ്ലോക്ക്/താലൂക്ക് തലങ്ങളിൽ നടത്തുമ്പോൾ തദ്ദേശസ്ഥാപനങ്ങളുടെ പിന്തുണ അനിവാര്യമാണ്. കൂടാതെ അഗതി പുനരധിവാസ പദ്ധതിയായ ആശ്രയയുടെ പൂർത്തീകരണം സർക്കാരിന്റെ പ്രഖ്യാപിത പരിപാടികളിൽ ഉൾപ്പെടുന്നു. കുടുംബശ്രീയുടെ സുപ്രധാന സാമൂഹ്യ ശാക്തീകരണ പരി പാടിയാണ് ആശ്രയ.

ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റേയും കുടുംബശ്രീയുടേയും പ്രവർത്തനങ്ങൾ ഒരുമിച്ചുകൊണ്ടുപോകേണ്ടത് പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹ്യ പുരോഗതിക്കും അനിവാര്യമാണെന്നു കാണാം. സംസ്ഥാന സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കുടുംബശ്രീയിലൂടെ നടപ്പാക്കുമെന്ന് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തകർ സമൂഹത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളിൽ ഇടപെടുകയും നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്താൽ മാത്രമേ ശാക്തീകരണം പ്രാവർത്തികമാകൂ. ഗുണഭോക്താക്കൾ എന്ന പദവിയിൽ നിന്നും മാറി നാടിന്റെ ഭാവി നിർണ്ണയിക്കുന്ന ശക്തിയായി കുടുംബശ്രീ മാറാനുള്ള തയ്യാറെടുപ്പിലാണ്. ഇത് സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായാണ് പതിനൊന്നാം പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീ പൂർണ്ണമായും പങ്കാളിത്തം വഹിക്കുന്നത്.

*(ലേഖിക കുടുംബശ്രീ മിഷനിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്)*





# തീരദേശ നിയന്ത്രണ നിയമം

# ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിനും വേണ്ടിയുള്ള ദേശീയ സമീപനത്തിന്റെ ആദ്യപടിയായിട്ടാണ് പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ 1991ൽ തീരദേശ നിയന്ത്രണ നിയമം വിജ്ഞാപനം ചെയ്തത്. ഈ നിയമപ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ കരയിലേക്ക് മാറിയും വേലിയേറ്റ സ്വാധീനമുള്ള കായൽ, നദി മുതലായവയുടെ ഇരു കരകളിൽ നിന്നും 100 മീറ്റർ ദൈർഘ്യത്തിലോ അല്ലെങ്കിൽ അവയുടെ വീതിക്കു തത്തുല്യമായതോ, ഏതാണ് കുറവ് അത്രയും ദൂരം ഇരു കരകളിലേക്കുമുള്ള പ്രദേശം നിയന്ത്രണ മേഖലയാണ്.

### തീരദേശ നിയന്ത്രണ നിയമത്തിന്റെ പ്രസക്തി


വർദ്ധിച്ച ജനസാന്ദ്രതയാൽ വീർപ്പുമുട്ടുന്ന ഒരു പ്രദേശമാണ് തീരദേശം. അതിനാൽ പാർപ്പിടങ്ങൾക്കു വേണ്ടിയും തൊഴിൽ സംരംഭങ്ങൾക്കു വേണ്ടിയും ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ അനിയന്ത്രിതമായി നടന്നു വരുന്നു. ഇത്തരം അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് തീരദേശത്തിന്റെയും തീരക്കടലിന്റെയും കായലുകൾ, നദികൾ എന്നിവയുടെയും പരിസ്ഥിതി സന്തുലിതാവസ്ഥയെ ഹാനികരമായി ബാധിക്കുന്ന തരത്തിലുള്ള എല്ലാത്തരം ഇടപെടലുകളേയും ഒഴിവാക്കുകയും തദ്വാര തീരദേശവാസികളുടെയും അവിടുത്തെ ജൈവ വൈവിദ്ധ്യത്തിന്റെയും സുസ്ഥിര വികസനം ഉറപ്പാക്കുകയുമാണ് ഈ നിയമം ലക്ഷ്യമാക്കുന്നത്.

### കേരളത്തിലെ തീര നിയന്ത്രണ പ്രദേശങ്ങൾ

കടൽ, കായൽ, നദീമുഖം എന്നിവയുടെ തീരത്തോടു ചേർന്നുകിടക്കുന്ന ഇരുന്നൂറോളം ഗ്രാമ പഞ്ചായത്തുകൾ, 19 മുനിസിപ്പാലിറ്റികൾ, 4 കോർപ്പറേഷനുകൾ എന്നിവയുടെ തീരപ്രദേശങ്ങൾ തീരദേശ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നു. വേമ്പനാട്ടു കായലിൽ തണ്ണീർമുക്കം ബണ്ടിന്റെ തെക്കുവശത്തുള്ള ഒരു വലിയ ഭാഗം ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ശുദ്ധജലതടാകങ്ങളായ വെള്ളായണിയും ശാസ്താംകോട്ടയും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നില്ല. പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളൊഴികെ കായലിലും കടലിലും പതിക്കുന്ന മറ്റെല്ലാ നദികളുടെയും ഉപ്പുരസപ്രഭാവമുള്ള ഭാഗം വരെ തീരദേശ നിയമം ബാധകമാണ്. പൊതുവെ പറഞ്ഞാൽ ഉപ്പുവെള്ളം കയറുന്നതു തടയാനായി നദികൾക്കു കുറുകെ ബണ്ടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അവിടം വരെയാണ് ഉപ്പുരസപ്രഭാവമുള്ള പ്രദേശങ്ങളായി കണക്കാക്കുന്നത്. ഉദാഹരണമായി പെരിയാറിൽ പാതാളം ബണ്ടിന് കിഴക്കായി വരുന്ന ആലുവ മുതലായ പ്രദേശങ്ങൾ ആ നിയമത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. കായലുകളേയും നദികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ടു പ്രധാനപ്പെട്ട കനാലുകളായ T-S കനാൽ, കൊണോലി കനാൽ എന്നിവയുടെ തീരപ്രദേശവും തീരനിയന്ത്രണ പരിധിയിൽ വരുന്നുണ്ട്. ഇവയുടെ വശങ്ങളിൽ കനാലിന്റെ വീതിക്കു തുല്യമായ ഭാഗം മാത്രമേ നിയന്ത്രണവിധേയമായിട്ടുള്ളൂ. സംസ്ഥാനം തയ്യാറാക്കിയതും 1996ൽ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതുമായ തീരദേശ പരിപാലന പ്ലാനിൽ ഇവയെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### തീരനിയന്ത്രണ മേഖലകളും നിയന്ത്രണങ്ങളും

ജൈവ വ്യവസ്ഥയുടെ സാന്നിധ്യം, പരിസ്ഥിതി പ്രാധാന്യം, വികസിത-അവികസിത പ്രദേശങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി കേരളത്തിലെ തീരപ്രദേശങ്ങളെ CRZ-I, CRZ-II, CRZ-III എന്നീ മേഖലകളായി തിരിച്ചിട്ടുണ്ട്. ഓരോ മേഖലയിലും തീരനിയന്ത്രണനിയമം വ്യത്യസ്തമായിട്ടാണ് നടപ്പാക്കുന്നത്. എല്ലാ മേഖലയിലും പൊതുവായി നിരോധിച്ചിട്ടുള്ള പ്രവൃത്തികളും ഉണ്ട്. കണ്ടൽക്കാടു പ്രദേശങ്ങൾ, ചതുപ്പുകൾ, മത്സ്യ പ്രജനന കേന്ദ്രങ്ങൾ, ചരിത്ര സ്മാരകങ്ങൾ, അനിതര സാധാരണ പ്രകൃതി ദൃശ്യ പ്രദേശങ്ങൾ, സാംസ്കാരിക പൈതൃക പ്രദേശങ്ങൾ എന്നിവ കേരളത്തിലെ CRZ-I പ്രദേശങ്ങൾപ്പെടുന്നു. പരമ്പരാഗത ചെമ്മീൻ കെട്ടുകളോടു ചേർന്ന കര, വർക്കലയിലെ കടലോര കുന്നുകൾ എന്നിവയുടെ അമ്പത് മീറ്റർ തീരവും ഈ വിഭാഗത്തിലാണ് പെടുത്തിയിരിക്കുന്നത്. ഇവിടെ യാതൊരുവിധ പുതിയ നിർമ്മാണ പ്രവർത്തനങ്ങളും




CRZ map on cadastral scale

അനുവദനീയമല്ല. എന്നാൽ അണുശക്തി വകുപ്പുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, പൈപ്പുലൈനുകൾ തുടങ്ങിയവ നിബന്ധനകൾക്കു വിധേയമായി ഇവിടെ അനുവദനീയമാണ്.

തീരദേശ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും CRZ-Iൽ പെടാത്ത വികസിത പ്രദേശങ്ങളാണ് CRZ-II വിഭാഗത്തിൽ വരുന്നത്. കേരളത്തിലെ എല്ലാ തീരദേശ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും, VSSC ടൗൺഷിപ്പും ഇതിൽപ്പെടുത്തിയിരിക്കുന്നു. ഈ മേഖലയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ പരിമിതമാണ്. തീരദേശ റോഡുകളുടെ അല്ലെങ്കിൽ നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള റോഡുകളുടേയും അംഗീകൃത കെട്ടിടങ്ങളുടേയും കരഭാഗത്തേക്ക് നിർമ്മാണ പ്രവർത്തങ്ങൾ അനുവദനീയമാണ്. തീരദേശനിയമം പ്രാബല്യത്തിൽ വന്ന തീയതിക്കു മുമ്പ് നിലവിലിരുന്ന റോഡുകളും കെട്ടിടങ്ങളുമാണ് ഇതിനായി പരിഗണിക്കുന്നത്.

അവികസിത പ്രദേശങ്ങളാണ് CRZ-IV വിഭാഗത്തിൽ വരുന്നത്. കേരളത്തിലെ എല്ലാ തീരദേശ പഞ്ചായത്തുകളിലേയും CRZ-Iൽപ്പെടാത്ത തീരനിയന്ത്രണ പ്രദേശം CRZ-IIIൽ പെടുന്നു. വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള ഭാഗത്ത് പരമ്പരാഗത തീരദേശവാസികൾക്ക് വീടുകളും ടൂറിസ്റ്റ് റിസോർട്ടുകളും പണിയാൻ നിബന്ധനകൾക്കു വിധേയമായി അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. ഇതിൽ ടൂറിസ്റ്റ് റിസോർട്ടുകൾക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണ്. വീടുകൾ നിർമ്മിക്കാനും പുനർനിർമ്മിക്കാനും പ്രത്യേകം വ്യവസ്ഥകൾ നിലവിലുണ്ട്. ആകെയുള്ള വീടുകളുടെ എണ്ണം 1991ൽ നിലവിലുള്ളതിന്റെ ഇരട്ടിയിലധികം ആകാൻ പാടില്ല. വീടുകളുടെ വിസ്തീർണ്ണം പ്ലോട്ട് വിസ്തീർണ്ണത്തിന്റെ 33 ശതമാനത്തിലധികം ആകാൻ പാടില്ല മുതലായവയാണ് ഈ വ്യവസ്ഥകൾ. ഇവിടെ തദ്ദേശവാസികൾക്കുള്ള ജലവിതരണം ഡിസ്പെൻസറികൾ, സ്ക്കൂളുകൾ, റോഡുകൾ, പാലങ്ങൾ മുതലായ പൊതു സൗകര്യങ്ങളുടെ നിർമ്മാണം എന്നിവ നിബന്ധനകൾക്കു വിധേയമായി അനുവദനീയമാണ്. എന്നാൽ കടലിനോടു ചേർന്നു കിടക്കുന്ന 200 മീ. പ്രദേശം വികസനരഹിത മേഖലയാണ്. (കായൽ, നദി എന്നിവയോട് ചേർന്നു കിടക്കുന്ന തീരനിയന്ത്രണ മേഖലയുടെ വീതി കേരളത്തിൽ 100 മീറ്ററോ അതിൽ താഴെയേയുള്ളൂ എന്നതോർക്കുക). നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും പുനർ നിർമ്മാണവും വികസന രഹിത മേഖല ഉൾപ്പെടെ CRZ-IIIൽ നിബന്ധനകൾക്കു വിധേയമായി അനുവദനീയമാണ്. ജലവിതരണം, ഡ്രെയിനേജ്, തദ്ദേശ വാസികൾക്കു വേണ്ടിയുള്ള ഡിസ്പെൻസറികൾ, സ്ക്കൂളുകൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കും നിബന്ധനകൾക്കു വിധേയമായി അനുമതിക്കായി തീരദേശ മാനേജ്മെന്റ് അതോറിട്ടിയെ സമീപിക്കാവുന്നതാണ്,

CRZ-III മേഖലകളിൽ തന്നെ പ്രത്യേക സാമ്പത്തിക മേഖലയായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ വിവര സാങ്കേതിക മേഖലയിലെ മലിനീകരണ രഹിതമായ വ്യവസായങ്ങൾ, ബീച്ച് റിസോർട്ടുകളും അതിനോടനുബന്ധിച്ച വിനോദ സൗകര്യങ്ങൾ എന്നിവ അംഗീകൃത ടൂറിസം മേഖലകളിൽ അനുവദനീയമാണ്. കൃഷി, പാർക്കുകൾ, കളിസ്ഥലങ്ങൾ, വനവൽക്കരണം, അപൂർവ്വ ധനിജങ്ങളുടെ ഖനനം തുടങ്ങിയവയും അനുവദനീയ പ്രവർത്തനങ്ങളിൽപ്പെടുന്നു. എന്നാൽ കടകൾ, മതസ്ഥാപനങ്ങൾ, മറ്റു വാണിജ്യ വ്യവസായ സംരംഭങ്ങൾ എന്നിവയുടെ നിർമ്മാണം **CRZ-III**ൽ അനുവദിച്ചിട്ടില്ല.

## CRZ-III പൊതുവായി നിരോധിക്കപ്പെട്ട പ്രവർത്തനങ്ങൾ

എല്ലാ തീരദേശ നിയന്ത്രണ മേഖലയിലും പൊതുവായി നിരോധിച്ചിട്ടുള്ള പ്രവൃത്തികളും ഉണ്ട്. മത്സ്യ സംസ്ക്കരണശാലകൾ ഉൾപ്പെടെയുള്ള പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുക, മാലിന്യ നിക്ഷേപം, മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക, ഭൂമി നികത്തൽ, തുടങ്ങി പതിമൂന്നോളം പ്രവൃത്തികൾ തീരനിയന്ത്രണ മേഖലയിൽ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. തീരത്തുനിന്നും 200 മീ. വരെയുള്ള ഭാഗത്തുനിന്ന് ഭൂജലം പമ്പ് ചെയ്ത് എടുക്കുന്നതും നിരോധിത പ്രവർത്തനത്തിൽപ്പെടുന്നു. എന്നാൽ വേലിയേറ്റ മേഖലയിൽ നിന്നും 50 മീ. കഴിഞ്ഞ് കുടിവെള്ളത്തിനും വീട്ടാവശ്യങ്ങൾക്കും മാത്രമായി സാധാരണ കിണറുകളിൽ നിന്നോ, ഹാൻഡ് പമ്പുകൾ ഉപയോഗിച്ചോ നിബന്ധനകൾക്കു വിധേയമായി ഭൂജലമെടുക്കാവുന്നതാണ്.




## തീരദേശ നിയന്ത്രണ നിയമം നടപ്പാക്കാൻ ബാധ്യസ്ഥരായ അധികാര കേന്ദ്രങ്ങൾ

### 1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കാണ് സർക്കാരിന്റെ പ്രാദേശിക കേന്ദ്രങ്ങളെന്ന നിലയിൽ തീരദേശ നിയന്ത്രണനിയമം നടപ്പാക്കുന്നതിനുള്ള പ്രാഥമിക ചുമതല. നിയന്ത്രണങ്ങൾക്ക് വിധേയമായി വീട്, റോഡ്, മറ്റ് സൗകര്യങ്ങൾ എന്നിവ അനുവദിക്കേണ്ടതും അതുപോലെ തന്നെ സംസ്ഥാന -കേന്ദ്ര സർക്കാരുകളുടെ അംഗീകാരം ആവശ്യമുള്ള പദ്ധതികൾ ശുപാർശ ചെയ്യേണ്ടതും നിരോധനങ്ങൾ നടപ്പാക്കേണ്ടതും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തന്നെയാണ്. ഈ നിയമം നടപ്പാക്കുന്നതിനുള്ള തടസ്സങ്ങളും ഭേദഗതികൾ ആവശ്യമെന്നു കണ്ടാൽ കാര്യകാരണ സഹിതം അത് സംസ്ഥാന കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കു കൊണ്ടുവരാവുന്നതാണ്.

### 2. കേരള സംസ്ഥാന തീരദേശ മാനേജ്മെന്റ് അതോറിറ്റി (KCZMA)

സംസ്ഥാന തലത്തിൽ തീരദേശ നിയന്ത്രണനിയമം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചുമതല ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിനും അതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സംസ്ഥാന തീരദേശ മാനേജ്മെന്റ് അതോറിറ്റിക്കുമാണ് (KCZMA). അഞ്ചു കോടിയിൽ താഴെ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് സംസ്ഥാന KCZMAയുടെ അനുമതി മതിയാകും. KCZMAയുടെ അനുമതിക്കായി അതിന്റെ മെമ്പർ സെക്രട്ടറിക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ, അവിടെ അടയ്ക്കേണ്ട ഫീസ് സംബന്ധിച്ച വിവരങ്ങൾ എന്നിവ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ നിന്നും ലഭ്യമാണ്. പാർപ്പിടങ്ങൾ തുടങ്ങിയ ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദനീയമായ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു തന്നെ അനുമതി നൽകാവുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാന തീരദേശ പരിപാലന പ്ലാനുകൾ സഹായകമാകും. ആവശ്യമെങ്കിൽ വേലിയേറ്റ-വേലിയിറക്ക (HTL/LTL) രേഖകൾ വില്ലേജ് മാപ്പുകളിൽ രേഖപ്പെടുത്താൻ ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഒന്നാണ് സെസ്സ്.




CRZ boundaries and categories

### 3. ദേശീയ തീരദേശ മാനേജ്മെന്റ് അതോറിറ്റി (NCZMA)

ദേശീയതലത്തിൽ തീരദേശ നിയന്ത്രണ നിയമം നടപ്പാക്കാൻ അധികാരമുള്ള സ്ഥാപനങ്ങൾ കേന്ദ്ര പരിസ്ഥിതി വനം വകുപ്പും അതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ദേശീയ തീരദേശ മാനേജ്മെന്റ് അതോറിറ്റിയുമാണ്. ഈ നിയമം സംബന്ധിച്ച് നയപരമായ തീരുമാനങ്ങളെടുക്കാനും ഭേദഗതികളും ഇളവുകളും അനുവദിക്കാനും ഇവർക്കേ അധികാരമുള്ളൂ. ചരിത്രപരവും പാരമ്പര്യപരവുമായി പ്രാധാന്യമുള്ള കെട്ടിടങ്ങൾ, പൈതൃക പ്രാധാന്യമുള്ള കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ ഇടിച്ചു കളയുന്നതിനും പുനർനിർമ്മിക്കുന്നതിനും കേന്ദ്രപരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണ്. പ്രതിരോധ വകുപ്പ്, എണ്ണ ഖനനം, ബീച്ച് റിസോർട്ട്സ് മുതലായവയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കും 5 കോടിയിലധികം മുതൽ മുടക്കുള്ള മറ്റെല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും കേന്ദ്ര പരിസ്ഥിതി വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇതിനായുള്ള അപേക്ഷകൾ സംസ്ഥാന തീരദേശ മാനേജ്മെന്റ് അതോറിറ്റിയുടെ ശുപാർശയോടുകൂടി വേണം കേന്ദ്രാനുമതിക്ക് സമർപ്പിക്കേണ്ടത്.

**വേലിയേറ്റ രേഖ അറിയുന്നതിനുള്ള മാർഗ്ഗം**

വേലിയേറ്റ രേഖ ഫീൽഡിൽ എവിടെ

**പ്രത്യേക ശ്രദ്ധയ്ക്ക്**

തീരദേശപ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട പ്രവൃത്തികൾ തീരദേശ നിയന്ത്രണ നിയമ ലംഘനമാവില്ലെന്ന് ഉറപ്പുവരുത്തുക.

യാണെന്നു മനസ്സിലാക്കിയെങ്കിൽ മാത്രമേ തീരനിയന്ത്രണ മേഖലയുടെ കൃത്യമായ വ്യാപ്തി തിട്ടപ്പെടുത്താൻ സാധിക്കൂ. വളരെ കൃത്യമായിട്ടില്ലെങ്കിലും വേലിയേറ്റ രേഖയുടെ സ്ഥാനം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. കടൽ ജലവിതാനം കരയിലേക്ക് കയറുന്നതിന്റെ ഉയർന്ന പരിധിയാണ് വേലിയേറ്റ രേഖ എന്നു പറയാം. മണൽത്തീരങ്ങളിൽ കാലവർഷക്കാലത്ത് കര കടലെടുത്തുപോവുകയും വേലിയേറ്റ രേഖ പരമാവധി കരയിലേക്കു കയറുകയും ചെയ്യുന്നു. ഇത്തരം തീരപ്രദേശങ്ങളിൽ കാലവർഷക്കാലത്തെ തീരരേഖയായിരിക്കും വേലിയേറ്റ രേഖയായി കണക്കാക്കുന്നത്. പ്രവർത്തനക്ഷമമായ കടൽഭിത്തിയുള്ള ഭാഗങ്ങളിൽ കടൽഭിത്തി തന്നെയായിരിക്കും വേലിയേറ്റ രേഖ. കായലിലും നദികളിലും മറ്റും കര സംരക്ഷിക്കാനായി നിർമ്മിക്കുന്ന കൽക്കെട്ടുകൾ തന്നെ വേലിയേറ്റ രേഖയായി കണക്കാക്കാം. കടലോര കുന്നുകളുടെ ഭാഗങ്ങളിൽ, പ്രത്യേകിച്ചും പാറക്കുന്നുകളുള്ള ഭാഗത്ത് അവയുടെ കടലോര പരിധി വേലിയേറ്റ രേഖയ്ക്ക് സമാനമായി എടുക്കാവുന്നതാണ്. ഇതിലൊന്നും പെടാത്ത പ്രദേശങ്ങളിൽ സ്ഥിരമായ സസ്യാവരണ പരിധി (Permanent vegetation line) വേലിയേറ്റ രേഖയ്ക്ക് തുല്യമായി കണക്കാക്കാം.

വേലിയേറ്റ രേഖയുടെ സ്ഥാനം അറിയാൻ മുകളിൽ പറഞ്ഞ ഏതെങ്കിലും മാർഗ്ഗം ഉപയോഗിക്കാവുന്നതാണ്. ഇതിനായി തീരദേശ പരിപാലന പ്ലാനും പ്രയോജനപ്പെടുത്താവുന്നതാണ്. സംസ്ഥാന-കേന്ദ്ര അതോറിറ്റിയുടെ അനുമതി ആവശ്യമുള്ള പദ്ധതികൾ അനുവദിക്കുന്നതിന് വേലിയേറ്റ രേഖയുടെ സ്ഥാനം കൃത്യമായി നിശ്ചയിച്ച് CRZ status report ലഭിക്കുന്നതിനായി അധികാരപ്പെടുത്തിയിട്ടുള്ള സെസ്സിനെയോ മറ്റു സ്ഥാപനങ്ങളെയോ സമീപിക്കേണ്ടതാണ്. തീരദേശ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾക്കും സംശയനിവാരണത്തിനും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിനെയോ സെസ്സിനെയോ സമീപിക്കാവുന്നതാണ്.

*(കടപ്പാട്: ഭൗമശാസ്ത്ര പഠനകേന്ദ്രം, തിരുവനന്തപുരം)*



# ദൃശ്യം

**തിരുമല ശിവൻകുട്ടി**

തിരയടിച്ചാർക്കുന്നു പിന്നെയും കടൽ
തീരാത്ത പകയുമായ് തീരഭൂവിൽ
തോരാത്ത കണ്ണുമായ് ദുരിതക്കടൽ-
ത്തീരത്തു പാർക്കുന്നു കടലിന്റെ മക്കൾ.

കാറ്റത്തു മുടിയഴിച്ചാടുന്ന തെങ്ങുകൾ
ചിറകുണക്കാനെത്തും കടൽകാക്കകൾ
വഞ്ചികൾ, കട്ടമരങ്ങൾ, കരയിലായ്
കുത്തിയിരുന്നു പുകയ്ക്കുന്ന ധീവരർ

പട്ടിണിത്തെയ്യം തിറയാടുന്ന നേരം,
പടികടന്നെത്തിയോ പകർച്ചപ്പനി.
സൗജന്യ റേഷൻ വിതരണകേന്ദ്രത്തിൽ
സൗഹൃദം പൂക്കുന്ന രോഗദുരിതങ്ങൾ.

തീരം വിഴുങ്ങുന്ന തിരകളെയൊപ്പുവാൻ,
തീക്കണ്ണുചിമ്മുന്ന ക്യാമറക്കൂട്ടങ്ങൾ.
വറുതിയിലെല്ലാം പണയപ്പെടുത്തും
പൊറുതിമുട്ടിപ്പടയെ പകർത്തുമ്പോൾ

ഒടുവിലൊരു തിരയടിച്ചെത്തുന്ന-
പാഠപുസ്തകസഞ്ചിയിലായ്, ക്യാമറ-
ക്കണ്ണടക്കുമ്പോഴേയ്ക്കും, കരയിലൊരു
കൗമാരദുഃഖം തിരയായ് തകരുന്നു.





# മഴയെത്തും മുമ്പേ

## മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

**വി.കെ. ശ്രീധരൻ**

സന്തോഷപൂർവ്വം വരവേൽക്കേണ്ട മഴക്കാലത്തെ സംഭ്രാന്തിയോടെയാണ് മലയാളി പ്രതീക്ഷിക്കുന്നത്. പ്രകൃതിയെ പുളകമണിയിക്കുകയും സസ്യജന്തുജീവജാലങ്ങൾക്ക് പുതുജീവൻ നൽകുകയും ചെയ്യുന്ന വർഷഋതു. ജലസമൃദ്ധിയും ജൈവവൈവിദ്ധ്യവും ധന്യമാക്കുന്ന ഉർവ്വരയുടെ ഒരു കാലഘട്ടം. ഇപ്പോഴാകട്ടെ പ്രളയവും ഭൂചലനങ്ങളും മലയിടിച്ചിലും പകർച്ചവ്യാധികളും പുനരധിവാസവും മരണങ്ങളും മറ്റു ദുരന്തങ്ങളുമൊക്കെയായി അതിന്റെ ഭീകരചിത്രം. ആഗോള താപനത്തിന്റെ ഭാഗമായി രോഗങ്ങളും മാനസിക പ്രശ്നങ്ങളും വർധിക്കുമെന്ന് ലോകാരോഗ്യസംഘടന. ഈയിടെയുണ്ടായ വേനൽമഴയിലെ നാശനഷ്ടങ്ങൾ ഇത് ഉറപ്പിക്കുന്നു. എപ്പോഴെന്നറിയാതെ പെയ്തിറങ്ങുന്ന ദുരന്തമഴ. അതുകൊണ്ടുതന്നെ പ്രതിരോധത്തിന് നാം സർവ്വദാ സജ്ജരാകുക.

കഴിഞ്ഞ രണ്ടുവർഷങ്ങളിൽ സംസ്ഥാനത്ത് പടർന്നു പിടിച്ച സാംക്രമിക രോഗങ്ങളാണ് ഇത്തരത്തിലൊരു മുൻകരുതലിന് സർക്കാരിനെ പ്രേരിപ്പിക്കുന്നത്. കഴിഞ്ഞയാണ്ടിൽ 16 ലക്ഷം പേരെയാണ് കൊതുക് പരത്തുന്ന രോഗങ്ങൾ ബാധിച്ചത്. അതിന്റെ പ്രത്യാഘാതങ്ങളും വിഷമതകളും പലർക്കും ഇനിയും മാറിയിട്ടില്ല. എലിപ്പനി, കൊതുകുജന്യരോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി, മന്ത്, ജപ്പാൻ ജ്വരം എന്നിവയും ജലജന്യരോഗങ്ങളായ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയവയുമാണ് പ്രധാന രോഗങ്ങൾ. കൊതുകുകൾ വർധിക്കുന്ന സാഹചര്യം കൂടിവരികയാണ്. വർദ്ധിച്ച വനനശീകരണവും കീടനാശിനികളുടെ ഉപയോഗവും അഭൂതപൂർവമായ കുടിയേറ്റവും കൊതുകുകളെയും മറ്റു പ്രാണികളെയും തിന്ന് നശിപ്പിക്കുന്ന തവളകളുടെയും തുമ്പികളുടെയും ഒക്കെ എണ്ണത്തിൽ കുറവു വരാൻ കാരണമായി. വയലുകൾ നികത്തുന്നതും തണ്ണീർ തടങ്ങളുടെ ശോഷണവും ഇതിനു മറ്റൊരു കാരണമാണ്.

പ്രീമൺസൂൺ ശുചീകരണ പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാൻ സർക്കാർ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ജില്ലാതല കർമ്മപദ്ധതി തയ്യാറാക്കണം. വകുപ്പ് തലവന്മാർ, ത്രിതലപഞ്ചായത്ത് അദ്ധ്യക്ഷന്മാർ, മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർ, സെക്രട്ടറിമാർ, രാഷ്ട്രീയ പ്രതിനിധികൾ, സർവ്വീസ് സംഘടനകൾ, യുവജന സംഘടനകൾ തുടങ്ങിയവരുടെ പ്രത്യേക യോഗങ്ങൾ ചേർന്നാണ് പരിപാടികൾ ആവിഷ്ക്കരിക്കേണ്ടത്. വകുപ്പുകളുടെയും വിവിധ സ്കീമുകളുടെയും സംയോജനവും ഉറപ്പാക്കണം. പഞ്ചായത്ത്/നഗരസഭാതലത്തിലും വാർഡ്/ ഡിവിഷൻ തലങ്ങളിലും കമ്മിറ്റികൾ വേണം.

വെള്ളകെട്ടുള്ളതും ചപ്പുചവറുകൾ കുന്നുകൂടി കിടക്കുന്നതും പ്രശ്നബാധിതവുമായ പ്രദേശങ്ങളുടെ മാപ്പ് പഞ്ചായത്തിൽ തയ്യാറാക്കി വെയ്ക്കുകയും അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കുത്താടികളുടെയും എലികളുടെയും നിയന്ത്രണം ലക്ഷ്യമാക്കുക, വൃത്തിയാക്കിയ സ്ഥലങ്ങൾ ബ്ലീച്ചിംഗ് പൗഡർ, കുമ്മായം എന്നിവ വിതറി സുരക്ഷിതമാക്കാം. കിണറുകളിൽ വലകെട്ടുകയും കുടിവെള്ള സ്രോതസ്സുകൾ ശുദ്ധിയായ സൂക്ഷിക്കുകയും വേണം. ഗൃഹപരിസരങ്ങളിലും റബ്ബർ തോട്ടങ്ങളിലും വെള്ളംകെട്ടി നിൽക്കാനിടയുള്ള ചിരട്ടകൾ, പ്ലാസ്റ്റിക് കവറുകൾ, ടയറുകൾ, ഉപേക്ഷിക്കപ്പെട്ട പാത്രങ്ങൾ എന്നിവ കമിഴ്ത്തി ഇടണം. ചിക്കുൻഗുനിയ പരത്തുന്ന ഈഡിസ് കൊതുകുകൾ ശുദ്ധജലത്തിലാണ് പെരുകുന്നത്. അതിന്റെ ജീവി


തചക്രം പൂർത്തിയാകുന്നത് ഒരാഴ്ച കൊണ്ട്. അതിനാൽ വീടും ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കുകയാണ് പരമപ്രധാനം. കൊതുകിനെതിരെ വ്യക്തി സുരക്ഷാ മാർഗ്ഗങ്ങളായ കൊതുകുവല, പുകയ്ക്കൽ തുടങ്ങിയവയുമാകാം. വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തി തൃശൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ ഹെൽത്ത് കാർഡ് മാതൃകാപരമായതിനാൽ മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നു.

മാലിന്യം പുറത്തേക്ക് വലിച്ചെറിയുന്ന പ്രവണതയാണ് ഇല്ലാതാക്കേണ്ടത്. പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണം. പ്ലാസ്റ്റിക് നിരോധനം കർശനമാക്കുക. പൊതുസ്ഥാപനങ്ങളിൽ സന്ദർശകർക്കായി ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ശുചിത്വ സംവിധാനങ്ങളുടെ അറ്റകുറ്റ പണികൾക്കായി അതാത് വകുപ്പുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാം.

തീരദേശം, ആദിവാസിമേഖല, കോളനികൾ എന്നിവയ്ക്ക് പ്രത്യേക പാക്കേജ്. അടിയന്തരഘട്ടങ്ങളിൽ വിദഗ്ദ്ധ ഉപദേശത്തിനും ചികിത്സക്കും പ്രതിരോധ നടപടികൾക്കും സംവിധാനം. 2008-09 വാർഷിക പദ്ധതിയിൽ നിന്നോ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നോ നിർമ്മൽ പുരസ്ക്കാര തുകയിൽ നിന്നോ എൻ.ആർ.എച്ച്.എം.ൽ നിന്നോ തുക വകയിരുത്താം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സ്വീവേജ്-ഡ്രെയിനേജ് പ്ലാനുകൾ തയ്യാറാക്കണം. ഖര-ദ്രവ മാലിന്യ സംസ്കരണം, ബയോഗ്യാസ്, കമ്പോസ്റ്റ് നിർമ്മാണം, പ്ലാസ്റ്റിക്കിന് പകരമുള്ള ഉല്പന്നങ്ങൾ എന്നിവ വിഭാവനം ചെയ്യാം. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. വെള്ളക്കെട്ട് ഒഴിവാക്കലും നീർച്ചാലുകൾ സംരക്ഷിക്കലും തോടുകൾ ശരിയാക്കലും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഫലപ്രദവും ആകർഷണീയവുമായ വിജ്ഞാന വ്യാപന പരിപാടികളും വേണം.

മരുന്നു വാങ്ങുവാൻ മെയിന്റനൻസ് ഗ്രാന്റിന്റെ പത്തുശതമാനം പണം വിനിയോഗിക്കാം. അലോപ്പതി/ഹോമിയോ/ ആയുർവേദം എന്നിവയുടെ ഏകോപനത്തിനു പുറമേ സമഗ്ര, സംയോജിത ചികിത്സയും (Holistic treatment) സഹായകമാകും. പൊതുജന പങ്കാളിത്തത്തോടെയുള്ള ഒരു ബൃഹദ് പദ്ധതിയാണെങ്കിലും ഇത് വ്യക്തി നിഷ്ഠവുമാണ്. വീടും പരിസരവും വൃത്തിയായി സൂക്ഷിച്ച് കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നത് തടഞ്ഞ് ആരോഗ്യപരമായ ജീവിതരീതി ഉറപ്പ് വരുത്തേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്തമാണ്.

*(ലേഖകൻ തൃശൂർ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ അസിസ്റ്റന്റ് കോർഡിനേറ്ററാണ്)*



**പഞ്ചായത്ത് അക്കൗണ്ട് - 10**

**ഉദയഭാനു കണ്ടേത്ത്**

# വരവ് രജിസ്റ്റർ ചെലവ് രജിസ്റ്റർ പ്രതിമാസ അക്കൗണ്ട്

കാഷ്ബുക്കിൽ രേഖപ്പെടുത്തുന്ന ഓരോ വരവിനേയും ചെലവിനേയും ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ അണിനിരത്തുക എന്ന ധർമ്മമാണ് വരവു രജിസ്റ്ററും ചെലവ് രജിസ്റ്ററും അനുഷ്ഠിക്കുന്നത്.

## വരവ് രജിസ്റ്റർ

കളക്ഷൻ രജിസ്റ്ററിൽ ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം പ്രതിദിന കളക്ഷൻ സംബന്ധിച്ച വിവരം അടങ്ങിയിരിക്കുന്നു. ഈ വിവരം അതേപടി വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എന്നാൽ 'കളക്ഷൻ' എന്ന് നിർവചനത്തിൽ ഉൾപ്പെടുത്താൻ സാദ്ധ്യമല്ലാത്ത മറ്റു വരവുകളുണ്ട്.

തിരിച്ചു വരുന്ന പെൻഷൻ മണിഓർഡറുകൾ, മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് സംയോജിത പ്രോജക്ടുകൾക്കു വേണ്ടി ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ, ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റിൽ നിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടി ലഭിക്കുന്ന ചെക്കുകൾ/ഡിമാന്റ് ഡ്രാഫ്റ്റുകൾ തുടങ്ങിയവയാണ് അവ. ഇവ സംബന്ധിച്ച വിവരം, കളക്ഷൻ രജിസ്റ്ററിൽ പ്രത്യേകമായി രേഖപ്പെടുത്തണം. തുടർന്ന് ഇവയുടെ വിവരം ഓരോ ഇനമായി വരവു രജിസ്റ്ററിലും രേഖപ്പെടുത്തണം.

തിരിച്ചുവരുന്ന പെൻഷൻ മണിഓർഡർ തുക വരവായിട്ടല്ല ലഭിക്കുന്നത്. ചെലവിലുള്ള കുറവായിട്ടാണ്. അതിനാൽ ചെലവു രജിസ്റ്ററിൽ മൈനസ് എൻട്രിയായിട്ടാണ് ഈ തുക രേഖപ്പെടുത്തേണ്ടത്. എന്നാൽ തിരിച്ചു വരുന്ന പെൻഷൻ മണിഓർഡർ തുക ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കുമ്പോൾ, ചലാൻ സംബന്ധിച്ച വിവരം കാഷ് ബുക്കിൽ ചെലവു ഭാഗത്തും തുടർന്ന് വരവ് രജിസ്റ്ററിൽ ബന്ധപ്പെട്ട ഗ്രാന്റിന്റെ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ മൈനസ് എൻട്രിയായും രേഖപ്പെടുത്തണം.

'എ ഫണ്ട്' (വികസന ഫണ്ട്), സി ഫണ്ട് (മെയിന്റനൻസ് ഫണ്ട്) എന്നീ തുകകൾക്കുള്ള ലെറ്റർ ഓഫ് അതോറിറ്റി ലഭിക്കുമ്പോൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിനു പുറമേ, കാഷ് ബുക്കിലും ചെക്ക് ഇഷ്യൂരജിസ്റ്ററിലും രേഖപ്പെടുത്തിയതിനുശേഷം, വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തണം. പഞ്ചായത്തിന്റെ പേരിൽ ട്രഷറിയിലുള്ള അക്കൗണ്ടിൽ പണം നിക്ഷേപിച്ചിട്ടുണ്ടെന്ന അറിയിപ്പാണ് ലെറ്റർ ഓഫ് അതോറിറ്റി.

എന്നാൽ 'ബി' ഫണ്ടിനുള്ള അലോട്ട്മെന്റ് ലെറ്ററിന്റെ കാര്യം വ്യത്യസ്തമാണ്. 'ബി' ഫണ്ടിനു വേണ്ടി പഞ്ചായത്തിന് ട്രഷറിയിൽ അക്കൗണ്ട് ഇല്ല; സംസ്ഥാന ബജറ്റിൽ പഞ്ചായത്തിനു വേണ്ടി പ്രത്യേക ഹെഡ്ഓഫ് അക്കൗണ്ടുകളിൽ നീക്കിവച്ച തുകകൾ കൺ സോളിഡേറ്റഡ് ഫണ്ടിൽ നിന്നു പിൻവലിക്കാൻ ലഭിക്കുന്ന അനുമതി പത്രമാണ് അലോട്ട്മെന്റ് ലെറ്റർ, അതിനാൽ അലോട്ട്മെന്റ് ലെറ്ററിന്റെ വിവരം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ മാത്രം രേഖപ്പെടുത്തിയാൽ മതി.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ, അവയിൽ 'ബി' ഫണ്ട് തുകകളുണ്ടെങ്കിൽ/ വരവ് സംബന്ധിച്ച വിവരം കാഷ് ബുക്കിലും വരവ് രജിസ്റ്ററിലും രേഖപ്പെടുത്തണം. 'ബി' ഫണ്ട് വരവുകൾ മാത്രമേ ഇപ്രകാരം വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുള്ളു. (എ, ബി, സി ഫണ്ടുകളുടെ ചെലവ് വിവരം ചെലവു രജിസ്റ്ററിലും രേഖപ്പെടുത്തണം.)

ഓരോ ദിവസവും മാസാന്ത്യത്തിലും വരവു രജിസ്റ്ററിലെ തുകകൾ കൂട്ടിയിടണം. മാസാന്ത്യത്തിൽ പ്രോഗ്രസീവ് തുകകളും രേഖപ്പെടുത്തണം.

## ഡി.സി.ബി റിക്കൺസിലിയേഷൻ ട്രാൻസ്ഫർ എൻട്രി

ചില തുകകൾ വരവ് രജിസ്റ്ററിൽ ക്ലാസിഫിക്കേഷൻ തെറ്റി രേഖപ്പെടുത്തിയിരിക്കാം. ചില നികുതി/നികുതിയേതര വരവുകൾ അധികമായോ മുൻകൂറായോ ലഭിച്ചിരിക്കാം.

ഡിമാൻഡ് രജിസ്റ്ററിൽ കൃത്യമായ തുകകൾ രേഖപ്പെടുത്തുന്നു. അതിനുശേഷം കളക്ഷൻ തുകകൾ വരവു രജിസ്റ്ററുമായി ഒത്തു നോക്കി പൊരുത്തപ്പെടുത്തുന്നു. ഇപ്രകാരം ഡി.സി.ബി റിക്കൺസിലിയേഷൻ നടത്തുമ്പോൾ തെറ്റായോ, അധികമായോ, മുൻകൂറായോ ലഭിച്ച തുകകൾ ബന്ധപ്പെട്ട നികുതി- നികുതിയേതര വരവുകളുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് മാറ്റേണ്ടതാണ്. തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടിൽനിന്ന് ശരിയായ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തുകകൾ മാറ്റണം. അതുപോലെ, അധികമായോ മുൻകൂറായോ ലഭിച്ച തുകകളെ നിക്ഷേപത്തിലേക്കു മാറ്റണം. അധികമായോ മുൻകൂറായോ ലഭിച്ച തുകകൾ രേഖപ്പെടുത്താൻ ഋണ ശീർഷക്കണക്കിൽ ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് തന്നെയുണ്ട്. (അധികമായി ലഭിച്ച തുക നികുതിദായകന് തിരിച്ചു കൊടുക്കുകയും ചെയ്യാം.)

ഇപ്രകാരം തുകകൾ ഒരു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റേണ്ടത് ട്രാൻസ് എൻട്രി മുഖേനയാണ്. ഇതിനായി ട്രാൻസ്ഫർ എൻട്രി വൗച്ചർ തയ്യാറാക്കണം. ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണോ തുക മാറ്റേണ്ടത് ആ ഹെഡ്ഓഫ് അക്കൗണ്ടിന് ഡെബിറ്റ് നൽകണം. ശരിയായ ഹെഡ് ഓഫ് അക്കൗണ്ടിന് ക്രെഡിറ്റ് നൽകണം. ഇപ്രകാരം തയ്യാറാക്കിയ ട്രാൻസ്ഫർ എൻട്രി വൗച്ചർ ട്രാൻസ്ഫർ എൻട്രി രജിസ്റ്ററിലും കാഷ് ബുക്കിലും രേഖപ്പെടുത്തണം. തുടർന്ന് ഡെബിറ്റ് ചെയ്ത ഹെഡ്ഓഫ് അക്കൗണ്ടിൽ മൈ നസ് ആയും ക്രെഡിറ്റ് ചെയ്ത ഹെഡ് ഓഫ് അക്കൗണ്ടിൽ സാധാരണ രീതിയിലും തുക രേഖപ്പെടുത്തണം. ഇപ്പോൾ ഡിമാൻഡ് രജിസ്റ്ററിലും ഡിസിബി സ്റ്റേറ്റ് മെന്റിലും വരവ് രജിസ്റ്ററിലും ബന്ധപ്പെട്ട ഹെഡ്ഓഫ് അക്കൗണ്ടുകളിലെ തുകകൾ ഒന്നു തന്നെയായിരിക്കും.

## ചെലവ് രജിസ്റ്റർ

ഓരോ വൗച്ചർ പ്രകാരമുള്ള തുകയും പ്രത്യേകമായി വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ചെലവുകളെ പ്ലാൻ, നോൺപ്ലാൻ എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. വാർഷിക വികസന പദ്ധതിയിൽ ഉൾക്കൊള്ളിച്ച വികസന ചെലവുകളാണ് പ്ലാൻ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. മെയിന്റനൻസ് ചെലവുകൾ നോൺ പ്ലാൻ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഏതു സ്രോതസ്സിൽ നിന്നുള്ള ചെലവും, വാർഷിക വികസന പദ്ധതിയിൽ ഉൾക്കൊള്ളിച്ചതാണെങ്കിൽ, പ്ലാൻ ചെലവാണ്.

പെൻഷൻ മണിഓർഡർ തുകകൾ തിരിച്ചു വരുമ്പോൾ കാഷ്ബുക്കിൽ വരവു ഭാഗത്ത് രേഖപ്പെടുത്തണം. ചെലവു രജിസ്റ്ററിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ മൈനസ് ആയും രേഖപ്പെടുത്തണം. കാരണം ചെലവിലുള്ള കുറവാണ് തിരികെ ലഭിച്ച തുക.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകുമ്പോൾ, അത് ഏത് ഫണ്ടായാലും, ചെലവൊന്നും സംഭവിക്കുന്നില്ല. അതിനാൽ കാഷ്ബുക്കിലും ചെലവ് രജിസ്റ്ററിലും രേഖപ്പെടുത്തരുത്. എന്നാൽ എ,ബി,സി ഫണ്ടുകളുടെ ചെലവ് സ്റ്റേറ്റ്മെന്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നു ലഭിക്കുമ്പോൾ കാഷ്ബുക്കിൽ ചെലവു ഭാഗത്തും ചെലവു രജിസ്റ്ററിലും രേഖപ്പെടുത്തണം. (ബി ഫണ്ടാണെങ്കിൽ മാത്രം വരവും രേഖപ്പെടുത്തണമെന്ന കാര്യം നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്.)

തനത് ഫണ്ടിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് ചെക്ക് നൽകുമ്പോൾ കാഷ് ബുക്കിലും ചെലവ് രജിസ്റ്ററിലും രേഖപ്പെടുത്തും.

ചെലവു രജിസ്റ്ററിലെ തുകകൾ പ്രതിദിനവും മാസാന്ത്യത്തിലും കൂട്ടിയിടണം. മാസാന്ത്യ പ്രോഗ്രസ്സീവ് തുകകളും രേഖപ്പെടുത്തണം.

ചെലവ് രജിസ്റ്ററിലെ കോളങ്ങൾ വളരെ കൂടുതലായതിനാൽ രജിസ്റ്റർ പെട്ടെന്നു തീർന്നു പോകുന്നുവെന്ന കാര്യവും രജിസ്റ്ററിന്റെ ഭാരം കൂടുതലാണെന്ന കാര്യവും പലരേയും വിഷമിപ്പിക്കുന്നുണ്ട്. പഞ്ചായത്ത് അക്കൗണ്ടുകൾ താമസിയാതെ കമ്പ്യൂട്ടറൈസ്ഡ് ചെയ്യപ്പെടും. ഇതിനായി ഇൻഫർമേഷൻ കേരളമിഷൻ തയ്യാറാക്കുന്ന 'സാംഖ്യ' എന്ന ആപ്ലിക്കേഷൻ പഞ്ചായത്തുകളിൽ വിന്യസിക്കപ്പെടുന്നതോടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

## പ്രതിമാസ അക്കൗണ്ട്

വരവ്-ചെലവ് രജിസ്റ്ററുകളിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരവുമുള്ള തുകകൾ പകർത്തിയെഴുതി തയ്യാറാക്കുന്നതാണ് പ്രതിമാസ അക്കൗണ്ട്. ഇതിൽ മാസാന്ത്യത്തിലെ പ്രോഗ്രസീവ് തുകകളും രേഖപ്പെടുത്തിയിരിക്കും.

ഓരോ മാസവും കഴിഞ്ഞ മാസത്തെ പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കണം. തുടർന്ന് പഞ്ചായത്ത് യോഗത്തിലും സമർപ്പിക്കണം.

*(തുടരും)*

*ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്. മൊബൈൽ: 9447454221*

**പഞ്ചായത്ത് രാജ് (മാസിക)**

പരസ്യ നിരക്ക്

**കവർ അവസാനപുറം** (കളർ) **- 10,000 രൂപ**
**കവർ പേജ് - ഉൾവശം** (ഒറ്റക്കളർ) **- 6,000 രൂപ**
**മറ്റു പേജുകൾ - ഫുൾ - 4,000 രൂപ**
**അര പേജ് - 2,000 രൂപ**

**വാർഷിക വരിസംഖ്യ - 90 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

★

**വിലാസം**
എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.,
തിരുവനന്തപുരം -33

ശുചിത്വ കേരളം സുന്ദര കേരളം

**BIOTECH**


*International Green Oscar Award Winner*

the Ashden Awards
for sustainable energy

{]Ir-Xn-¡n-W-§nb amen\y kwkvI-c-W-fln\y
_tbm-sSIv „m p-I˜



ബയോടെക് ഡയറക്ടർ എ. സജിദാസ്
മുൻ അമേരിക്കൻ വൈസ്പ്രസിഡന്റ് അൽഗോറിൽ
നിന്നും ഗ്രീൻ ഓസ്കാർ അവാർഡ് ഏറ്റുവാങ്ങുന്നു



ശ്രീകാര്യം മാർക്കറ്റ്, തിരുവനന്തപുരം ജില്ല

മാർക്കറ്റുകളിലെയും അറവുശാലകളിലെയും
മാലിന്യം സംസ്ക്കരിച്ച് വൈദ്യുതി



കടയ്ക്കൽ ഗ്രാമപഞ്ചായത്ത് മാർക്കറ്റ്, കൊല്ലം ജില്ല

സംയോജിത മാലിന്യ സംസ്ക്കരണ പ്ലാന്റ്



ഗാർഹിക മാലിന്യങ്ങളിൽ നിന്നും
പാചക വാതകം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ ബോധവൽക്കരണം, സ്ഥല പരിശോധന, സാദ്ധ്യതാ പഠനം, പദ്ധതി തയ്യാറാക്കൽ, പദ്ധതി നടപ്പാക്കൽ തുടങ്ങി എല്ലാ സാങ്കേതിക സഹായവും ബയോടെക്കിൽ നിന്നും ലഭ്യമാണ്.

ബയോടെക്കിന്റെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ സബ്സിഡിയും ബയോടെക്കിൽ നിന്നും ലഭിക്കുന്നു.

വിശദ വിവരങ്ങൾക്ക്

**BIOTECH**
CENTRE FOR DEVELOPMENT OF BIO GAS TECHNOLOGY
AND OTHER - NON CONVENTIONAL ENERGY SOURCES

Post Box No 520, M.P. Appan Road, Vazhuthacadu
Thycadu P.O., Thiruvananthapuram - 695 014. Kerala, S.India
Phone : 0471 - 2321909, 2331909, 2332179
Tele Fax : 0471-2331909 E-mail : biotechindia@eth.net

**Helpline Numbers : 94951 23689, 93499 93953**




ലേഖനപരമ്പര-14


വി. സുഭാഷ്ചന്ദ്രബോസ്


# നീർതടാധിഷ്ഠിത വികസനവും കാർഷിക, ജലസേചന പ്രവർത്തനങ്ങളും

നീർതടാധിഷ്ഠിത വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി കാർഷിക ജലസേചന ഇടപെടലുകൾ ഏറ്റെടുക്കേണ്ടിവരും. ഒരു പ്രദേശത്തിന്റെ ഉൽപ്പാദനക്ഷമതയും ജലശേഷിയും വർ ദ്ധിപ്പിക്കുവാനും പരിസ്ഥിതി സംരക്ഷണത്തിനും സഹായകമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്. കാർഷിക മാർഗ്ഗങ്ങളും കൃഷിരീതികളും ചുവടെ ചേർക്കുന്നു.

## ബഹുവിള കൃഷിരീതി

ഓരോ പറമ്പിലും ഏതെങ്കിലും ഒരു വിള തെരഞ്ഞെടുത്ത് കൃഷിചെയ്യുന്ന ഏകവിള കൃഷിരീതി പ്രചാരത്തിലുണ്ട്. പ്രസ്തുത വിളയുടെ പരമാവധി ഉൽപ്പാദനവും ലാഭവും ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കും. പക്ഷെ മണ്ണിന്റെ ജൈവാംശകഴിവും ദീർഘകാല നിലനിൽപ്പും പലപ്പോഴും അപകടത്തിലാകുവാനാണ് ഈ രീതിയിൽ സാധ്യതയുള്ളത്. മണ്ണിന്റെ സ്വാഭാവിക ഉൽപ്പാദനക്ഷമതാ കഴിവ് നിലനിറുത്തുന്ന നിലയിൽ ബഹുവിളകൾ തെരഞ്ഞെടുക്കുന്നതാണ് നല്ലത്. മണ്ണ്, ജലസംരക്ഷണവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ ഇതിലൂടെ കഴിയുന്നു. സൂര്യപ്രകാശം കുറവ് ആവശ്യമായ ചെടികളും കൂടുതൽ വേണ്ട സസ്യങ്ങളും ഇടകലർത്തി പരീക്ഷിക്കാവുന്നതാണ്. ഒരേ പറമ്പിൽ വ്യത്യസ്ത വിളകൾ ഒരേസമയം കൃഷിചെയ്യുവാൻ കഴിയുന്നതാണ്. വ്യത്യസ്ത കാലയളവിൽ വിളവെടുക്കുന്ന വിവിധ വിളകളും തെരഞ്ഞെടുക്കാവുന്നതാണ്.

## സ്ട്രിപ്പ് കൃഷി

ചരിഞ്ഞ ഭൂഭാഗങ്ങളിൽ ചരിവിന് കുറുകെ നിശ്ചിത ഉയരമുള്ള പ്രദേശങ്ങളിൽ ആവരണ വിളകളുടെ വിവിധ വലിപ്പത്തിലും വീതിയിലുമുള്ള ഇടതൂർന്ന സ്ട്രിപ്പുകൾ തയ്യാറാക്കി മണ്ണ് ജലസംരക്ഷണം ഉറപ്പുവരുത്താവുന്നതാണ്. വിവിധയിനം പയർവർഗ്ഗങ്ങൾ, തീറ്റപ്പുൽ, മറ്റ് പുൽ വർഗ്ഗങ്ങൾ എന്നിവ ഇതിനായി ഉപയോഗിക്കുവാൻ കഴിയും.

## ആവരണവിള

മണ്ണിൽ പടർന്ന് വ്യാപിക്കുന്ന ചെടികളാണിവ. മഴവെള്ളം നേരിട്ട് ഭൂമിയിൽ പതിക്കാതെ ഇവ സഹായിക്കുന്നു. മണ്ണൊലിപ്പ് കുറയുവാനും ഇതിലൂടെ സാധിക്കുന്നു. പുരയിടങ്ങളിൽ മറ്റ് വിളകളോടൊ പ്പം ഇവ പ്രയോഗിക്കുന്നതിലൂടെ മേൽമണ്ണ് സംരക്ഷിക്കുവാനും ഫലഭൂയിഷ്ടി നിലനിറുത്തുവാനും കഴിയുന്നതാണ്. പയർവർഗ്ഗത്തിലുള്ള ചെടികളാണ് പ്രധാനമായും ആവരണ വിളകളായി ഉപയോഗിക്കുന്നത്. കലപ്പഗോണിയം നല്ലൊരു ആവരണ വിളയാണ്.

## ജൈവ വേലികൾ

കൃഷിഭൂമിയിൽ നിശ്ചിത അകലങ്ങളിലും അതിരുകളിലും പ്രാദേശികമായി ലഭ്യമാകുന്ന സസ്യങ്ങൾ വേലിപോലെ വച്ചുപിടിപ്പിക്കാവുന്നതാണ്. ശീമക്കൊന്ന, സുബാബുൾ, ചെമ്പരത്തി, മുരിങ്ങ, നാരകം, പേര, രാമച്ചം, വിവിധയിനം ചീരകൾ, മധുരക്കീര, മുരിക്ക് തുടങ്ങിയ വിവിധ സസ്യങ്ങൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഭൂസംരക്ഷണത്തോടൊപ്പം പച്ചില വളങ്ങളും മറ്റുൽപ്പന്നങ്ങളും ഇതിൽ നിന്നു ലഭിക്കുന്നു. പറമ്പുകളിൽ പുതയിടുന്നതിനായി വേണ്ടിവരുന്ന വസ്തുക്കളും ഇതിലൂടെ ലഭിക്കുന്നു.

## പുൽകൃഷി

മണ്ണൊലിപ്പു പ്രദേശങ്ങളിൽ വിവിധയിനം പുല്ലുകൾ വച്ചുപിടിപ്പിക്കുന്നതിലൂടെ മണ്ണൊലിപ്പു നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. മൺതിട്ടകളുടെയും കല്ല് കയ്യാലകളുടെയും മുകളിൽ പുല്ല് നടുന്നതിലൂടെ അവ കൂടുതൽ ഉറപ്പുള്ളതായി മാറുന്നതാണ്. കുറഞ്ഞ ചിലവിൽ കാലിത്തീറ്റക്കാവശ്യമായ പുല്ല് ഇതിലൂടെ ലഭ്യമാവുന്നു.

## വിളപരിവർത്തനം/വിളപരിക്രമം

ഒരു പ്രദേശത്ത് തുടർച്ചയായി ഒരു കൃഷി ചെയ്യുന്നതിനു പകരം വിവിധ കാലങ്ങളിലും സീസണുകളിലും വ്യത്യസ്ത കൃഷികൾ നടത്താവുന്നതാണ്. ഇതിലൂടെ മണ്ണിലെ ജൈവാംശവും ജലശേഷിയും നിലനിറുത്തുവാൻ സാധിക്കും. മരിച്ചീനി, പയർ, പച്ചക്കറി, കര നെല്ല്, നെല്ല്, തുടങ്ങിയ വിവിധ വിളകൾ മാറി മാറി പരീക്ഷിക്കാവുന്നതാണ്.

## ഇടവരി കൃഷി

കൃഷിപ്രദേശങ്ങളിലെ ഒന്നിടവിട്ടുള്ള സ്ഥലങ്ങളിൽ വ്യത്യസ്ത സ്വഭാവത്തോടെ വളരുന്ന വിളകൾ ചരിവിനു കുറുകെ കൃഷി ചെയ്യുന്ന രീതിയാണിത്. ഉയരവ്യത്യാസമുള്ള വിളകൾ ഇടവിട്ട് കൃഷി ചെയ്യുന്നതിലൂടെ കാറ്റിന്റെ സ്വാധീനം നിയന്ത്രിക്കാവുന്നതാണ്. മണ്ണിന്റെ ആവരണം വർദ്ധിപ്പിക്കുവാനും ജലശേഷി ഉയർത്തുവാനും ഇതുമൂലം കഴിയുന്നു.

## സീറോ റ്റില്ലേജ്

ഒരു ഘട്ട വിളവെടുപ്പ് കഴിഞ്ഞാൽ കൃഷിയിടങ്ങളിലെ മണ്ണിന് കാര്യമായ ഇളക്കം തട്ടാതെ നിലനിറുത്തി അടുത്ത



കൃഷിക്കുള്ള വിത്തിടുന്ന രീതിയാണിത്. ആദ്യ വിളവെടുപ്പിനു ശേഷമുള്ള സസ്യാവരണങ്ങൾ മണ്ണിൽ തന്നെ കാണുന്നതു മൂലം മേൽമണ്ണ് സംരക്ഷണവും ജൈവാംശ വർദ്ധനവും സാധ്യമാവുന്നു.

ഇവ കൂടാതെ സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളിലൂടെയും ഉൽപ്പാദനക്ഷമത നിലനിറുത്താവുന്നതാണ്.

വിവിധങ്ങളായ ജലസേചന മാർഗ്ഗങ്ങൾ അവലംബിച്ച് ഓരോ പ്രദേശത്തിന്റെയും ജലശേഷി വർദ്ധിപ്പിക്കുവാനും ലഭ്യമാവുന്ന ജലത്തെ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുവാനും കഴിയുന്നു.

പ്രധാന മാർഗ്ഗങ്ങൾ ഇതോടൊപ്പം നൽകുന്നു.

**1. ചെക്ക് ഡാം/വിയർ/വി.സി.ബി. (ചീർപ്പ്)/തടയണ**

സമതലപ്രദേശങ്ങളിലൂടെ ഒഴുകുന്ന നദികളിലും തോടുകളിലും തടയണകൾ നിർമ്മിച്ച് നീരൊഴുക്ക് നിയന്ത്രിക്കാവുന്നതാണ്. വേനൽക്കാലത്ത് മഴവെള്ളത്തെ കെട്ടി നിർത്തുവാനും മഴക്കാലത്ത് അധിക ജലമൊഴുക്കുവാനുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്തുവാൻ കഴിയും. വിവിധയിനം ഷട്ടറുകൾ ഇതിനായി നിർമ്മിക്കാറുണ്ട്. നദികളിൽ നിന്നും വയലുകളിലേക്ക് ജലം തിരിച്ചു വിടുവാനും സാധിക്കും.

**ലിഫ്റ്റ് ഇറിഗേഷൻ**

താഴ്ന്ന ഭാഗങ്ങളിലെ ജലം കൃത്രിമമായി ഉയർത്തി ഉയർന്ന പ്രദേശങ്ങളിൽ കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന മാർഗ്ഗമാണിത്. വൈദ്യുതിയുടെ സഹായത്തിലൂടെയും മനുഷ്യ പ്രയത്നത്തിലൂടെയും ഇവ സാധ്യമാണ്.

**ഫ്ളോ ഇറിഗേഷൻ**

ഒരു സ്ഥലത്തെ ജലത്തെ കനാൽ, പൈപ്പ് എന്നിവയുടെ സഹായത്താൽ മറ്റിടങ്ങളിലേക്ക് എത്തിക്കുന്ന രീതിയാണിവ. കുളങ്ങൾ, ചിറകൾ, അരുവികൾ, നീരുറവകൾ എന്നിവിടങ്ങളിലെ ജലത്തെ ഇവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

**കണിക ജലസേചനം**

ജലം വിവിധ പൈപ്പുകളിലൂടെ കൃഷിയിടങ്ങളിൽ നേരിട്ട് ചെടിയുടെ ചുവട്ടിൽ തുള്ളികളായി നൽകുന്ന രീതിയാണിത്. ഓരോ ചെടിക്കും ആവശ്യമായ ജലം മാത്രം നൽകുവാനും ജലം സംരക്ഷിക്കുവാനും ഈ മാർഗം സഹായകമാണ്.

**സ്പ്രിംഗ്ളർ ജലസേചനം**

യന്ത്രത്തിന്റെ സഹായത്താൽ ജലം ചുഴറ്റിയടിച്ച് ഒരു നിശ്ചിത പ്രദേശത്തിനുള്ളിൽ ജലസേചനം ചെയ്യുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. വിവിധയിനം തോട്ടവിളകൾ പുൽമേടുകൾ, പൂന്തോട്ടങ്ങൾ എന്നിവയ്ക്ക് ഈ രീതി വളരെ പ്രയോജനകരമാണ്.

**ഫ്ളഡിംഗ് ജലസേചനം**


കൃഷിസ്ഥലം മൊത്തമായൊ ഭാഗികമായോ ജലം നിറച്ച് കൃഷിചെയ്യുന്ന സമ്പ്രദായമാണിത്. നിരപ്പായ സ്ഥലങ്ങളിൽ പ്രധാനമായും പാടങ്ങളിൽ, ജലം തുറന്നുവിട്ട് കൃഷിക്കുവേണ്ട ജലം നൽകുന്ന വൈൽഡ് ഫ്ളഡിംഗ്, ജലത്തെ നിയന്ത്രിച്ച് ആവശ്യാനുസരണം മാത്രം നൽകുന്ന കൺട്രോൾഡ് ഫ്ളഡിംഗ് എന്നിവ ഈ രീതിക്ക് ഉദാഹരണങ്ങളാണ്.

ഇവ കൂടാതെ ചരിവുകളിൽ ജലം എളുപ്പത്തിൽ നഷ്ടപ്പെടാതെ ബണ്ടുകളാക്കിമുകളിൽ ലഭിക്കുന്ന ജലത്തെ ബണ്ടുകൾക്കിടയിലൂടെ ഒഴുക്കി ജലസേചനം നടത്തുന്ന സമോച്ച രേഖാജലസേചനരീതി, നിരനിരയായി വളരുന്ന സസ്യങ്ങൾക്ക് ഫലപ്രദമായി ജലസേചനം നടത്തുവാൻ കഴിയുന്ന ഫറോരീതി എന്നിവയും പ്രചാരത്തിലുണ്ട്.

ഓരോ പ്രദേശത്തിനുമനുയോജ്യമായ മാർഗ്ഗങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി സമഗ്രവും ശാസ്ത്രീയവുമായ മണ്ണ് ജലസംരക്ഷണം ഉറപ്പുവരുത്താവുന്നതാണ്.

*(തുടരും)*

*ലേഖകൻ*
*സി.സി.ഡി.യുവിന്റെ ഡയറക്ടറാണ്*
*കൂടുതൽ വിവരങ്ങൾക്ക്*
Ph: 0471-2337002, Mob: 9847547881
E-mail: subhashchandrabosss@yahoo.com



ലേഖന പരമ്പര - 5

**റോയ് ചാക്കോ ഇളമണ്ണൂർ**

# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

ഗ്രാമീണ കർഷകർക്കായി തമിഴ്നാട്ടിലെ പലയിടങ്ങളിലും കാണാവുന്ന 'ഉഴവർ ചന്തകൾ' അതിന്റെ പ്രവർത്തന രീതികൊണ്ട് ശ്രദ്ധ ആകർഷിക്കുന്നു. ഇടനിലക്കാരില്ലാതെ ചെറുകിട കർഷകർക്ക് അവരുടെ കാർഷിക ഉല്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വില്പന നടത്തുവാൻ ഗവൺമെന്റ് ആവിഷ്ക്കരിച്ച ഒരു സംവിധാനമാണ് 'ഉഴവർ ചന്തകൾ' എന്നറിയപ്പെടുന്ന കർഷകചന്തകൾ. ഇത് ഗ്രാമങ്ങളിൽ മാത്രമല്ല, നഗരങ്ങളിലും ഉണ്ടാകും. തിരുനെൽവേലി പോലീസ് ക്യാമ്പിന് സമീപമുള്ള ഉഴവർ ചന്തയിൽ ഞാൻ വല്ലപ്പോഴുമൊക്കെ പോകുമായിരുന്നു. പാളയംകോട്ട-സെവന്തിപ്പെട്ടി റോഡിൽ പാളയം കോട്ടയ്ക്ക് ഒരു കിലോമീറ്റർ സമീപമാണ് ഈ മാർക്കറ്റ്. പഴയകാലത്ത് വളരെ പേരെടുത്തിട്ടുള്ള, പാളയം കോട്ടയിലെ 'സെന്റ് സേവ്യേഴ്സ്' കോളേജിന് സമീപമാണ് ഈ മാർക്കറ്റ്.

വലിയ വിസ്തൃതിയിലൊന്നും ഉള്ള മാർക്കറ്റല്ല ഇത്. പരമാവധി 30 സെന്റ് വസ്തുവിലാണ് ചന്ത പ്രവർത്തിക്കുന്നത്. ഓപ്പൺ സ്റ്റാളുകൾ ഗവൺമെന്റ് പണിതു നൽകും. ഓരോ സ്റ്റാളിനു മുൻപിലും ത്രാസ് വയ്ക്കാനുള്ള സ്ഥലവും നൽകിയിട്ടുണ്ട്. കർഷകർക്ക് ഈ സ്റ്റാളുകളിൽ ഇരുന്ന് മഴയും വെയിലുമേൽക്കാതെ സാധനങ്ങൾ വിൽക്കാം. വൈദ്യുതിയും നൽകിയിട്ടുണ്ട്. ഇവിടുത്തെ കച്ചവടക്കാരിൽ നിന്ന് എത്ര കുറഞ്ഞ അളവിലും സാധനങ്ങൾ വാങ്ങാം. നിശ്ചിത ദിവസങ്ങളിൽ നിശ്ചിത സമയങ്ങളിൽ മാത്രമേ ഇത്തരം ഉഴവർ ചന്തകൾ പ്രവർത്തിക്കുകയുള്ളൂ. ഈ മാർക്കറ്റുകൾ ജനകീയ കൂട്ടായ്മയ്ക്ക് നല്ലൊരു മാതൃകയാണ്.

ഇതുപോലെ നല്ലൊരു ആശയത്തിനെ അടിസ്ഥാനമാക്കി സ്ഥാപിച്ചിട്ടുള്ളതാണ് 'സമത്വപുരം' എന്നറിയപ്പെടുന്ന കോളനികൾ. എല്ലാ ജാതിയിലും മതത്തിലും പെട്ടവരെ ഒരു സ്ഥലത്ത് താമസിപ്പിക്കുന്നു. അവർക്കായി ഗവൺമെന്റ് വീടുകൾ വച്ചു കൊടുക്കുന്നു. ഈ കോളനിയിലേക്കുള്ള പ്രധാന വാതിലിൽ വലിയൊരു കമാനം റോഡിനു കുറുകെ ഉയരത്തിൽ കോൺക്രീറ്റിൽ പണിത് അതിൽ 'സമത്വപുരം' എന്ന് എഴുതിവച്ചിരിക്കുന്നു. ജാതികളുടെ പേരിൽ തമിഴ്നാട്ടിലെ പലയിടത്തും പണ്ട് ജനങ്ങൾ വഴക്കടിച്ചപ്പോൾ അന്നത്തെ ഗവൺമെന്റ് കൈക്കൊണ്ട നല്ലൊരു ആശയമാണിത്. ഓരോ ജാതിയിൽപെട്ടവർക്കും വേണ്ടി മാത്രം അമ്പലങ്ങൾ ജനങ്ങൾ പണിതിരുന്ന അക്കാലത്ത് സമത്വപുരത്തെ അമ്പലം എല്ലാവർക്കും വേണ്ടി ഗവൺമെന്റ് പണിതു നൽകി. ഈ സമത്വപുരം കോളനികളെല്ലാം തമിഴ്നാട്ടിൽ ജാതിചിന്തയ്ക്ക് എതിരായി നിൽക്കുന്ന വലിയ പ്രതീകമാണ്. എല്ലാ ജാതിയിൽപെട്ടവരും മതത്തിൽപെട്ടവരും ഇടകലർന്ന് ജീവിക്കുന്ന കേരളത്തിൽ എല്ലാ സ്ഥലങ്ങളും സമത്വപുരങ്ങൾ തന്നെയാണെന്ന് അഭിമാനിക്കാം.

തൊഴിലിനെ അടിസ്ഥാനമാക്കി ഒരേ വിഭാഗക്കാർ മാത്രം താമസിക്കുന്ന പല കോളനികളും തമിഴ്നാട്ടിലുണ്ട്. ഉദാഹരണമായി സാരിനെയ്ത്തുകാർ ഒരുമിച്ചു താമസിക്കുന്ന 'വീവേഴ്സ് കോളനികൾ' ചിലയിടങ്ങളിൽ ഉണ്ട്. ഇത്തരം വീവേഴ്സ് കോളനികൾ കേരളത്തിൽ അപൂർവമായിട്ടേ ഉള്ളൂ എന്നാണ് തോന്നുന്നത്. അംബാസമുദ്രത്തിനും തിരുനെൽവേലിക്കും മധ്യേ വീരവനെല്ലൂർ എന്ന സ്ഥലത്ത് ഒരു വീവേഴ്സ് കോളനിയുണ്ട്. കൊല്ലം-തിരുനെൽവേലി മീറ്റർഗേജ് ട്രെയിൻ തെങ്കാശി-പാവൂർചത്രം- കടയം-അംബാസമുദ്രം-വീരവനെല്ലൂർ വഴിയാണ് തിരുനെൽവേലിക്കു പോകുന്നത്. വീരവനെല്ലൂരിൽ നിന്നും 20 മിനിറ്റ് യാത്ര ചെയ്താൽ തിരുനെൽവേലിയിലെത്താം. തെങ്കാശിയിൽ നിന്ന് തിരുനെൽവേലിക്ക് നേരിട്ടുള്ള ബസുകൾ മറ്റൊരു എളുപ്പറൂട്ടിലൂടെയാണ് പോകുന്നത്. തെങ്കാശിയിൽ നിന്നും തിരുനെൽവേലിയിലേക്ക് ട്രെയിൻ യാത്ര വളരെ ദൂരക്കൂടുതലാണ് എന്നതൊരു പ്രത്യേകതയാണ്. സാധാരണ ട്രെയിനാണല്ലോ എളുപ്പമെത്തുന്നത്. തിരുനെൽവേലിയിൽ നിന്ന് തിരുച്ചെന്തൂരിലേയ്ക്ക് പോകുന്ന റോഡിൽ കൃഷ്ണപുരം എന്ന സ്ഥലത്തും നെയ്ത്തുകാരുടെ കോളനി ഉണ്ട്. നഗരത്തിൽ നിന്നും 10 കിലോമീറ്റർ ദൂരമേയുള്ളൂ ഇവിടേയ്ക്ക്. വർഷങ്ങൾക്കു മുൻപ് ഗുജറാത്തിലെ സൗരാഷ്ട്ര മേഖലയിൽ നിന്നും തമിഴ്നാട്ടിൽ കുടിയേറിയവരാണ് ഇവിടെ താമസിക്കുന്ന 200 വീട്ടുകാർ. വീരവനെല്ലൂരിലെയും നെയ്ത്തുകാർ ഇതുപോലെ തന്നെ ഗുജറാത്തികൾ ആണ്. എന്നാൽ തലമുറകളായി ഇവർ തമിഴ്നാട്ടിൽ താമസിക്കുന്നതിനാൽ ഇപ്പോൾ തമിഴരായി അറിയപ്പെടുന്നു. മധുര, കുംഭകോണം, നാഗർകോവിൽ എന്നിവിടങ്ങളിലും ഇവർ ധാരാളമുണ്ട്. ഒരേ രീതിയിലുള്ള ചെറിയ വീടുകളിൽ ഇവർ കഴിയുന്നു. എല്ലാ വീടുകളിലും നെയ്ത്തു തറിയുമുണ്ട്. 2000 രൂപ മുതൽ 10000 രൂപ വരെ വിലയുള്ള സിൽക്ക് സാരികൾ ഓരോ വീട്ടിലും നെയ്യുന്നുണ്ട്. കാഞ്ചിപുരം ഭാഗത്ത് നെയ്യുന്ന സാരികളെയാണ് നമ്മൾ കാഞ്ചിപുരം സാരികൾ എന്നു വിളിക്കുന്നത്. ഒരു സാരി പൂർത്തീകരിക്കുവാൻ 15 ദിവസം വേണമെന്ന് നെയ്ത്തുകാർ പറഞ്ഞു. മെഷീൻ വർക്കിനു പകരം കൈകൊണ്ട് നെയ്ത്തു നടക്കുന്നു എന്നതിനാലാണ് ഈ താമസം. നെയ്ത്തുതറി വളരെ സൂക്ഷ്മതയോടെ പ്രവർത്തിപ്പിച്ചാണ് നെയ്യുന്നത്.

ഇവർക്ക് സാരി നെയ്യുവാനുള്ള പട്ടുനൂലും മറ്റു വസ്തുക്കളുമൊക്കെ ഏജന്റുമാർ നൽകും. ഒരു സാരി നെയ്തു കൊടുത്താൽ 800 രൂപ മുതൽ 1000 രൂപ വരെ കൂലി കിട്ടും. അതായത് ഒരു മാസം പരമാവധി കിട്ടുന്ന കൂലി ഒരു കുടുംബത്തിന് 2000 രൂപ മാത്രം. ഇതവരുടെ കുലത്തൊഴിലായതിനാൽ ഈ നിസ്സാര വരുമാനത്തിൽ ഒരു മാതിരി സംതൃപ്തരായി അവർ ജീവിക്കുന്നു. ഇവരിൽ ചിലർ നൂലും പട്ടുനൂലുമൊക്കെ സ്വന്തമായി വാങ്ങി സാരി നെയ്യുന്നുണ്ട്. അക്കൂട്ടർക്ക് കുറച്ചുകൂടി ലാഭം കിട്ടും. അസംസ്കൃത വസ്തുക്കളുടെ വിലയും നെയ്ത്തുകൂലിയും ഉൾപ്പെടെ 3000 രൂപ ചെലവു വരുന്ന സാരി ഏജന്റ് 4000 രൂപയ്ക്ക് കടയിൽ കൊടുക്കുന്നു. ഒരു മാസം ഒരു ഏജന്റിന് ശരാശരി 20 സാരി കൊടുക്കുവാൻ സാധിക്കുന്നുണ്ടെന്ന് സുന്ദർ എന്ന നെയ്ത്തുകാരൻ പറഞ്ഞു. 4000 രൂപയ്ക്ക് ഏജന്റിൽ നിന്നും വാങ്ങുന്ന സാരിയാണ് കടക്കാർ 8000 നും പതിനായിരത്തിനും ഒക്കെ വിൽക്കുന്നത് എന്ന് നെയ്ത്തുകാർ അഭിപ്രായപ്പെട്ടു.

കൃഷ്ണപുരത്തെ നെയ്ത്തു കോളനി ഉണ്ടായിട്ട് 13 വർഷമായി എന്നാണ് 2004 ൽ ഞാനവിടെ സന്ദർശിച്ചപ്പോൾ അറിഞ്ഞത്. അതിനു മുൻപ് പാളയംകോട്ടയിൽ പല ഭാഗത്തായിട്ടായിരുന്നു താമസം. ഇവർ തലമുറകളായി തമിഴ്നാട്ടിൽ താമസിക്കുകയാണെങ്കിലും ഒറ്റ നോട്ടത്തിൽ തന്നെ തമിഴ്നാട്ടുകാരല്ലെന്ന് ഈ സൗരാഷ്ട്രക്കാരുടെ (ഗുജറാത്തുകാർ) 'ഗോതമ്പുനിറം' കണ്ടാൽ അറിയാം. ഇവരെപ്പോലെ തന്നെ ആന്ധ്രാപ്രദേശിൽ നിന്നെത്തിയവരാണ് രാജപാളയത്തുള്ള നായിഡുമാർ. ഇവരുടെ 'തായ്മൊഴി'യും (മാതൃഭാഷ) തെലുങ്കാണ്. പണ്ട് നാട്ടുരാജ്യങ്ങൾ ഭരിച്ചിരുന്നവരാണ് തങ്ങളുടെ മുൻഗാമികൾ എന്ന് ഇവർ വീരവാദം പറയാറുമുണ്ട്. രാജപാളയം എന്ന സ്ഥലം തെങ്കാശിയിൽ നിന്നും മധുരയ്ക്കു പോകുന്ന വഴി പുളിയൻകുടി, കടയനല്ലൂർ തുടങ്ങിയ സ്ഥലങ്ങൾ കഴിഞ്ഞാണ്. അതായത് പത്തനംതിട്ട, ഇടുക്കി ജില്ലകളുടെ മറുവശത്തുള്ള തമിഴ്നാട്-ഏരിയായിലാണ് രാജപാളയം. 'രാജപാളയം നായ്ക്കൾ' തമിഴ്നാട്ടിൽ വളരെ പ്രസിദ്ധമാണ്. അൽസേഷ്യൻ നായപോലെ വലിപ്പമുള്ള രാജപാളയം നായ്ക്കൾ വീട്ടുകാവലിനും വേട്ടയ്ക്കുമൊക്കെ സമർത്ഥരാണ്. അപരിചിതരെ കടിച്ചുകൊല്ലുകവരെ ചെയ്യുന്ന വിഭാഗമാണ് ഈ നായ്ക്കൾ. ഒരു പക്ഷേ പഴയകാലത്ത് ഏതെങ്കിലും രാജാവിന്റെ പാളയമായിരുന്നിരിക്കാം രാജപാളയം. രാജാവിന്റെ കാര്യം പറയുമ്പോൾ തമിഴ്നാട്ടുകാർ മറക്കാത്ത ഒരു രാജാവാണ് വീരപാണ്ഡ്യകട്ടബൊമ്മൻ.

ഈ രാജാവിനെപ്പറ്റിയും മറ്റു കാര്യങ്ങളും അടുത്ത ലക്കത്തിൽ.

തുടരും

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്*

**ആരോഗ്യം**



# വൈറൽ ഹെപ്പറ്റൈറ്റിസ്

**ഡോ. തോമസ് വർഗ്ഗീസ്** MBBS, DCH, DPH, PHD,

വൈറൽ ഹെപ്പറ്റെറ്റിസ് നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന രോഗമാണ്. 6 തരം വൈറൽ ഹെപ്പറ്റെറ്റിസ് (മഞ്ഞപ്പിത്തം)നെ ക്കുറിച്ച് അറിവായിട്ടുണ്ട്, ഹെപ്പറ്റെറ്റിസ് A, B, C, D, E, G തുടങ്ങിയവയാണിവ. ഹെപ്പറ്റെറ്റിസ് Aയും Eയും മലത്തിൽക്കൂടിയും വെള്ളത്തിൽക്കൂടിയുമാണ് പകരുന്നത്. Bയും Cയുമാണ് ഏറ്റവും മാരകം. ശുചിത്വക്കുറവുമൂലമാണ് ഹെപ്പറ്റെറ്റിസ് A പ്രധാനമായും പകരുന്നത്. വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കാത്ത സ്ഥലങ്ങളിലും ചേരിനിവാസികളിലുമാണ് A കൂടുതലായി ഉണ്ടാകുന്നത്. മലിനമായ വെള്ളം കുടിക്കുന്നവരിലും, മലിനമായ കായൽ, കുളം എന്നിവയിലെ ജലം ഉപയോഗിക്കുന്നവരിലും, ശുദ്ധജലം കിട്ടാത്ത പ്രദേശങ്ങളിൽ വസിക്കുന്നവരിലും ഈ രോഗമുണ്ടാകുന്നു. കക്കൂസുകൾ ഉപയോഗിക്കാതെ തുറസ്സായ സ്ഥലത്ത് മലവിസ്സർജ്ജനം ചെയ്യുന്നവർക്ക് രോഗപകർച്ചയുണ്ടാകുന്നു.

ഹെപ്പറ്റൈറ്റിസ് A രോഗികളിൽ രണ്ട് ഘട്ടങ്ങൾ കാണുന്നു

1. PREICTERIC PHASE
   ഇത് തുടക്കമാണ്. പനി, ഛർദ്ദി, തലവേദന, വയറിളക്കം ഉണ്ടാകും.
2. ICTERIC PHASE മഞ്ഞപ്പിത്തം, കണ്ണിനകത്തെ കൺജൻക്റ്റൈവ (CONJUCTIVA) യിൽ മഞ്ഞനിറം ഉണ്ടാകുകയും മൂത്രം കടുത്ത മഞ്ഞനിറമാവുകയും ചെയ്യുന്നു. കരൾ വലുതാകുകയും, രോഗിക്ക് വേദന അനുഭവപ്പെടുകയും ചെയ്യുന്നു. ഇത് ആഴ്ചകൾ നിലനിൽക്കും. ക്ഷീണവും ഇതോടൊപ്പം ഉണ്ടാകും.

ലിവർ ഫങ്ക്ഷൻ ടെസ്റ്റുകൾ (FUNCTION TESTS) പരിശോധിക്കുമ്പോൾ താഴെപ്പറയുന്നവ കാണുന്നു.

1. SERUM BILIRUBIN (സിറം ബിലിറൂബിൻ) ഇത് 1mg %ൽ കൂടുതലായി കാണുന്നു.
2. SERUM TRANSAMINASE (സിറം ട്രാൻസാമിനേസ്) ഇത് വളരെ കൂടുതലായി കാണുന്നു.
3. SERUM ALKALINE PHOSPHATASE ഇതും കൂടുതലായി കാണുന്നു.

**രോഗാണു**

ഹെപ്പറ്റൈറ്റിസ് A വൈറസ് (HAV) 2mm സൈസിലുള്ള പികോർണ (pkorna) വൈറസാണ്. ഇത് positive stranded RNA വൈറസാണ്.

സാധാരണ ക്ലോറിനേഷൻ കൊണ്ട് ഈ വൈറസിനെ നശിപ്പിക്കാൻ സാധിക്കയില്ല. ഏതു പ്രായക്കാരനെയും ഹെപ്പറ്റൈറ്റിസ് എ ബാധിക്കാം. ചെറുപ്പക്കാരിലാണ് ഈ രോഗം കൂടുതൽ കാണപ്പെടുന്നത്. കുട്ടികളിലും ഹെപ്പറ്റൈറ്റിസ് എ ബാധിക്കാം.

**രോഗം വിട്ടുപോകുന്ന അവസ്ഥ**

രണ്ടുമൂന്നാഴ്ച കൊണ്ട് ഈ രോഗം രോഗിയിൽ നിന്നും വിട്ടുപോകുന്നു. ചിലരിൽ മൂന്നുമാസം വരെ രോഗം കാണാം. ചിലരിൽ വിട്ടുമാറാത്ത ചൊറിച്ചിൽ ഉണ്ടാകാറുണ്ട്. രോഗം ഒരുപ്രാവശ്യം വന്നവരിൽ രോഗപ്രതിരോധശക്തി ഉണ്ടാകുന്നതിനാൽ വീണ്ടും രോഗമുണ്ടാകുന്നതിന് സാധ്യത കുറവാണ്.

INCUBATION PERIOD - രോഗാണു പ്രവേശിച്ചു കഴിഞ്ഞാൽ അതിന്റെ സവിശേഷതകൾ പ്രദർശിപ്പിക്കുന്നതിനുള്ള സമയത്തിന് ഇൻകുബേഷൻ പിരിയഡ് എന്നു പറയും. 15-50 ദിവസംവരെയാണ് ഹെപ്പറ്റൈറ്റിസ് രോഗത്തിന്റെ പിരിയഡ്.

**പ്രതിരോധ മാർഗ്ഗങ്ങൾ**

- ഈ രോഗം വന്നാൽ DMO യെയും പഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറിയെയും മുനിസിപ്പാലിറ്റിയിൽ മുൻസിപ്പൽ ഹെൽത്താഫീസറെയും രോഗവിവരം അറിയിച്ച് നോട്ടിഫൈ (notify) ചെയ്യണം. പ്രതിരോധ നടപടികളെടുക്കാൻ ഇതു മൂലം സാധിക്കും.
- Chlorination- വെള്ളം ക്ലോറിനേഷൻ നടത്തേണ്ടതുണ്ട്.
- പരിസരശുചിത്വം, വ്യക്തിശുചിത്വം പാലിക്കുക. ഭക്ഷണ പദാർത്ഥങ്ങൾ ശുചിയായി ഉപയോഗിക്കുക. ഇവയ്ക്കൊക്കെ വേണ്ട ബോധവൽക്കരണം JPHN (Junior Public health Nurse) Health Inspector വീട്ടുകാർക്കും പരിസരവാസികൾക്കും നൽകണം.
- മഞ്ഞപ്പിത്തം ഉണ്ടായികഴിഞ്ഞാൽ വേണ്ട ആഹാരം നൽകണം. ഇഷ്ടമുള്ള ഏതാഹാരവും കഴിക്കാം. ജലാംശത്തിന്റെ കുറവ് രോഗിക്കുണ്ടാകാൻ ഇടയുള്ളതിനാൽ വേണ്ടത്ര ജലവും ഗ്ലൂക്കോസും നൽകുന്നത് നന്നാണ്.
- വൃത്തിയില്ലാത്ത സാഹചര്യത്തിൽ ഭക്ഷണം പാകംചെയ്യരുത്. വൃത്തിഹീനമായ കായൽ, കുളം എന്നിവയിലെ വെള്ളം ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിക്കരുത്. കായൽ, കുളം എന്നിവ വൃത്തിഹീനമാക്കരുത്.
- തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക
- ഭക്ഷണത്തിന് മുൻപും ശേഷവും കൈ സോപ്പുപയോഗിച്ചു കഴുകുക.
- തുറസ്സായ സ്ഥലത്ത് മലമൂത്രവിസ്സർജ്ജനം ചെയ്യരുത്. മലവിസർജ്ജനത്തിനു ശേഷം സോപ്പുപയോഗിച്ചു കഴുകുക.

**വാക്സിനേഷൻ:**

ഹെപ്പെറ്റൈറ്റിസ് എ, ബി എന്നിവയ്ക്കെതിരെ എല്ലാവരും വാക്സിനേഷൻ എടുക്കുന്നത് നന്നാണ്. ഹെപ്പെറ്റൈറ്റിസ് A&B എന്നിവയ്ക്കെതിരെ വാക്സിൻ ഒന്നിച്ച് ഇപ്പോൾ ലഭ്യമാണ്. ഇക്കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

ഹോട്ടലുകളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡു നൽകുക, വാക്സിനേഷൻ നല്കുക എന്നിങ്ങനെയുള്ള പ്രവൃത്തികൾക്ക് ബോധവൽക്കരണം നൽകുന്നതും നന്നായിരിക്കും.

ആരോഗ്യത്തിൽ കേരളം വളരെ മുന്നിലാണെങ്കിലും വ്യക്തിശുചിത്വത്തിലും പരിസരശുചിത്വത്തിലും ശരാശരി മലയാളി വളരെ പിന്നിലാണ്. "Not on my courtyard" "ചവർ എന്റെ വീട്ടുമുറ്റത്ത് പാടില്ല എന്നാൽ റോഡിലേക്ക് വലിച്ചെറിയാം" എന്ന ബോധം ശരാശരി മലയാളിക്കുണ്ട്. റോഡിലേക്ക് ചവറെറിയുന്ന മലയാളിയുടെ ശൈലി മാറ്റാതെ പരിസരശുചിത്വമില്ലായ്മ മൂലമുള്ള രോഗങ്ങൾ ആയ മഞ്ഞപ്പിത്തം, വയറിളക്കം തുടങ്ങിയവയൊന്നും നിർമ്മാർജ്ജനം ചെയ്യാൻ പൂർണ്ണമായി സാധിക്കയില്ല. One inch of prevention is better than tons of treatment. എന്ന ആപ്തവാക്യംപോലെ പരിസരശുചിത്വത്തിന് നമ്മൾ ശ്രദ്ധിച്ചാൽ ഭാരിച്ച ചിലവുള്ള ചികിത്സയും ഇത്തരത്തിലുള്ള രോഗങ്ങളും നമുക്ക് തടയുവാൻ സാധിക്കും.

*ലേഖകൻ*
*അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിൽ*
*ആരോഗ്യവിഭാഗം ജോയിന്റ് ഡയറക്ടറാണ്*





## വാർത്തകളും വിശേഷങ്ങളും

**50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചു**

50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗും പ്ലാസ്റ്റിക് കപ്പുകളും ബോട്ടിലുകളും നിരോധിച്ചുകൊണ്ട് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. 30 മൈക്രോണിൽ താഴേയുള്ളവയ്ക്കാണ് ഗവൺമെന്റ് മുമ്പ് നിരോധനം ഏർപ്പെടുത്തിയിരുന്നത്. എന്നാൽ ഇതുകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കാത്തതിനാലാണ് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന് ഗവൺമെന്റ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് നിരോധിച്ച പ്ലാസ്റ്റിക് ഉൽപാദിപ്പിക്കുന്നതും വിൽക്കുന്നതും വാങ്ങുന്നതും ഉപയോഗിക്കുന്നതും ശേഖരിക്കുന്നതും വിതരണം നടത്തുന്നതും തരംതിരിക്കുന്നതും നിയമലംഘനമായി കണക്കാക്കുന്നതാണ്. നിയമം ലംഘിക്കുന്നവർക്ക് അഞ്ച് വർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും ഈടാക്കുന്നതാണ്. നിരോധിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ട ചുമതല നഗരസഭാ/ പഞ്ചായത്ത് സെക്രട്ടറിമാർക്കാണ്.

**കെട്ടിടനിർമ്മാണചട്ടം സർക്കുലർ പുറപ്പെടുവിച്ചു**

കെട്ടിട നിർമ്മാണ ചട്ടം ഗ്രാമപഞ്ചായത്തുകളിൽ ബാധകമാക്കുന്ന സമയത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണാനുമതി സംബന്ധിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. പുതിയ ചട്ടം നിലവിൽ വരുന്നതിന് മുമ്പ് ഗ്രാമപഞ്ചയാത്തുകളിൽ നിന്ന് നിർമ്മാണാനുമതി വാങ്ങി കെട്ടിട നിർമ്മാണം ആരംഭിച്ചവർ സുരക്ഷാസംവിധാനം, എമർജൻസി സ്റ്റെയർകെയ്സ്സ്, പാർക്കിംഗ് എന്നിവ നൽകിയിട്ടുണ്ടെങ്കിൽ പ്രത്യേകം പരിഗണിക്കണം. സീനിയർ ടൗൺ പ്ലാനർ/ടൗൺപ്ലാനറുടെ തസ്തികയിൽ കുറയാത്ത ഒരാൾ സ്ഥലം നേരിട്ട് പരിശോധിച്ച് തൃപ്തികരമാണെങ്കിൽ നിർമ്മാണാനുമതി നൽകാവുന്നതാണെന്നും സർക്കുലറിൽ പറയുന്നു.
(3.4.2008 ലെ 23548/ ആർ.ഡി.2/08/ തസ്വഭവ നമ്പർ സർക്കുലർ)

**കെട്ടിട നിർമ്മാണ അപേക്ഷ ഓവർസിയർക്കും പരിശോധിക്കാം**

എഞ്ചിനീയറും ഓവർസീയറുമുള്ള പഞ്ചായത്തുകളിൽ ഓവർസിയർ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ക്ലാസ്സ് ലഭിച്ചിട്ടുള്ളയാളും കെട്ടിട നിർമ്മാണ അപേക്ഷ പരിശോധിക്കാൻ കഴിവുള്ള ആളുമാണെന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് ബോധ്യമുള്ള പക്ഷം എഞ്ചിനീയർക്ക് പുറമേ ഓവർസീയർക്കും കെട്ടിട നിർമ്മാണ അപേക്ഷ പരിശോധിക്കുന്നതിനുള്ള അനുവാദം നൽകാവുന്നതാണെന്ന് മാർഗ്ഗനിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.
(26.3.08 ലെ 62483/ആർ.ഡി 2/07/ തസ്വഭവ നമ്പർ സർക്കുലർ)

**പ്ലാനുകളുടെ ഫോട്ടോസ്റ്റാറ്റ് സ്വീകരിക്കാം**

കെട്ടിട നിർമ്മാണചട്ടം 1999-ൽ പ്ലാനുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് പരാമർശം ഇല്ലാത്തതിനാൽ വ്യക്തമായുള്ള ഫോട്ടോസ്റ്റാറ്റ് പ്രിന്റിലുള്ള പ്ലാനുകൾ അപേക്ഷയോടൊപ്പം പരിഗണിക്കാൻ എല്ലാ നഗരസഭകളോടും ഗ്രാമപഞ്ചായത്തുകളോടും സർക്കാർ നിർദ്ദേശിച്ചു. പഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാനുകളുടെ ഫോട്ടോസ്റ്റാറ്റ് പ്രിന്റുകൾ സ്വീകരിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഈ നിർദ്ദേശം നൽകിയത്.

**ക്ലീൻ കേരള ഇനി ശുചിത്വ മിഷൻ**

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ആരോഗ്യ- ശുചിത്വ പരിപാടിയായ ക്ലീൻ കേരള മിഷന്റെ പേര് ശുചിത്വ മിഷൻ എന്ന് മാറ്റി ഉത്തരവായി.

## വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ എ.എഫ്.എസ്. ഏപ്രിൽ 1ന്

ദിനംപ്രതിയുള്ള ക്യാഷ്ബുക്ക് ക്ലോസിംഗിലൂടെയും ചിട്ടയായ അക്കൗണ്ടിംഗിലൂടെയും വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് 2008 ഏപ്രിൽ 1-ാം തീയതി അയച്ചു. ക്യാഷ്ബുക്ക്, വരവു രജിസ്റ്റർ, ചെലവു രജിസ്റ്റർ, ഇൻവെസ്റ്റുമെന്റ് ബാലൻസ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവയുടെ ദിവസേനയുള്ള രേഖപ്പെടുത്തലുകളും ക്യാഷ്ബുക്ക് മാസാന്ത്യ ക്ലോസിംഗ് ബാലൻസ് വിശകലനം, പ്രതിമാസ ട്രഷറി/ബാങ്ക്/പോസ്റ്റ് ഓഫീസ് റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ്, പ്രതിമാസ അക്കൗണ്ട് എന്നിവയുടെ എല്ലാ മാസങ്ങളിലുമുള്ള രേഖപ്പെടുത്തലുകൾ, ഡിമാന്റ് രജിസ്റ്ററുകളുടെ ദിവസേനയുള്ള പോസ്റ്റിംഗ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരുന്നതിലുള്ള ഇംപ്ലിമെന്റിംഗ് ഓഫീസർമാരുടെ കൃത്യത, മുഴുവൻ ജീവനക്കാരുടേയും ആത്മാർത്ഥമായ പ്രയത്നം എന്നിവയെല്ലാം ഏപ്രിൽ 1-ാം തീയതി എ.എഫ്.എസ്. അയയ്ക്കുന്നതിന്റെ മുഖ്യ ഘടകങ്ങളായിരുന്നു.

## പദ്ധതി രേഖയും പ്രോജക്ടുകളും കമ്പ്യൂട്ടർ ഡേറ്റാ എൻട്രി നടത്തണം

2008-09 വർഷത്തെ പദ്ധതിരേഖയും പ്രോജക്റ്റുകളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തന്നെ കമ്പ്യൂട്ടർ ഡേറ്റാ എൻട്രി നടത്തണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. വാർഷിക പദ്ധതിയിൽ കൃഷി, ഭവന നിർമ്മാണം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം, പൂരകപോഷകാഹാരം, ഊർജ്ജം എന്നീ വികസനമേഖലകൾക്കും സ്ഥാപനങ്ങളുടെ മെയിന്റനൻസിനും ആദ്യഘട്ടത്തിൽ വികേന്ദ്രീകൃതാസൂത്രണ നടപടികൾ പാലിച്ച് പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതാണെന്നും രണ്ടാം ഘട്ടത്തിൽ 2008-09 ലെ പൂർണ്ണ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വർഷത്തിൽ പദ്ധതി രേഖകളും പ്രോജക്റ്റുകളും കമ്പ്യൂട്ടർ ഡേറ്റാ എൻട്രി നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പ്ലാനിങ്ങ് ഓഫീസ് എന്നീ തലങ്ങളിൽ ഡേറ്റാ എൻട്രി കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയെന്ന് രീതിയാണ് അവലംബിച്ചിരുന്നത്. എന്നാൽ 2008-09 വാർഷിക പദ്ധതി മുതൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രേഖയും പ്രോജക്റ്റുകളും കമ്പ്യൂട്ടർ ഡേറ്റാ എൻട്രി നടത്തുന്ന പ്രവർത്തനം അതത് തദ്ദേശഭരണ സ്ഥാപനത്തിൽ തന്നെ നടത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ രണ്ട് ഘട്ടങ്ങളായി തയ്യാറാക്കുന്ന 2005-09 വാർഷിക പദ്ധതി രേഖയും പ്രോജക്റ്റുകളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ തന്നെ കമ്പ്യൂട്ടർ ഡാറ്റാ എൻട്രി നടത്തണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം കമ്പ്യൂട്ടർ ഡേറ്റാ എൻട്രി ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഓരോ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ വീതം പരമാവധി മൂന്ന് മാസക്കാലത്തേയ്ക്ക് താൽക്കാലികമായി നിയമിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ആ രീതിയിൽ ചുമതലപ്പെടുത്തുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർക്ക് പരമാവധി 4000 രൂപ പ്രതിമാസ ഹോണറേറിയം നിശ്ചയിച്ചു നൽകാവുന്നതാണെന്നും അതിനുവേണ്ടി വരുന്ന ചെലവ് 2008-09 ലെ പൊതുവിഭാഗം വികസന ഫണ്ടിൽ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുന്ന വിഹിതത്തിൽ നിന്ന് വിനിയോഗിക്കാവുന്നതാണെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്.

(22.4.2008 ലെ ജി.ഒ(എം.എസ്) നമ്പർ 120/08 /തസ്വഭവ.നമ്പർ ഉത്തരവ്)

## പരസ്യനികുതിയിൽ നിന്നും ഒഴിവാക്കി

വനംവകുപ്പിന്റെ വഴിയോരതണൽ പദ്ധതിയിൽപ്പെട്ട ട്രീഗാർഡുകളെ കേരള മുൻസിപ്പാലിറ്റി ആക്ട് 281 (2) വകുപ്പ് പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് 207(2) വകുപ്പ് പ്രകാരവും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യ നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായി. മരങ്ങൾക്ക് അവയുടെ സംരക്ഷണാർത്ഥം ചുറ്റുവേലി നിർമ്മിച്ചു കൊടുക്കുന്ന സ്പോൺസർമാർ അതിൽ പരസ്യം പ്രദർശിപ്പിക്കുന്നതോടൊപ്പം വൃക്ഷത്തൈകൾക്ക് കാലാകാലങ്ങളിൽ വെള്ളവും വളവും നൽകി സംരക്ഷണ ചുമതല ഏറ്റെടുക്കണം. വഴിയൊരപുറമ്പോക്കുകളിൽ വൃക്ഷത്തൈകൾ നട്ട് അവയ്ക്ക് ചുറ്റുവേലി നിർമ്മിക്കുമ്പോൾ റോഡിന്റെയും നടപ്പാതയുടെയും ഉപയോഗത്തിന് തടസമുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റേയൊ തദ്ദേശഭരണവകുപ്പിന്റെയോ മുൻകൂർ അനുമതി വാങ്ങണം. പരസ്യം പ്രദർശിപ്പിക്കുന്ന ചുറ്റുവേലിയുടെ അളവ് വനം വകുപ്പ് നിശ്ചയിച്ച പ്രകാരമായിരിക്കണം. ചുറ്റുവേലി താല്ക്കാലിക നിർമ്മാണമായിരിക്കണം.



## കേരള സർക്കാർ

നം. 25148/ആർ.എ.1/08/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്
തിരുവനന്തപുരം, തീയതി 17-04-2008

### സർക്കുലർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുവാദം കൂടാതെ സംസ്ഥാനത്തിന്റെ നാനാ ഭാഗങ്ങളിലും ധാരാളം കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനെതിരെ കർശന നടപടികൾ സർക്കാർ തലത്തിലും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്വീകരിച്ചിട്ടുണ്ടെങ്കിലും അവയെ ധിക്കരിച്ചും, നിയമം ലംഘിച്ചും, ധാരാളം നിർമ്മാണ പ്രവർത്തനം ഇപ്പോഴും നടന്നുവരുന്നു. നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. അനധികൃതനിർമ്മാണം തടയുന്നതിന് കോർപ്പറേഷനിലും, മുനിസിപ്പാലിറ്റികളിലും നിലവിലുള്ള സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി എല്ലാ ആഴ്ചയിലും കർശന പരിശോധന നടത്തേണ്ടതാണ്.

   പഞ്ചായത്തു തലത്തിൽ സെക്രട്ടറി ഉൾപ്പെടെയുള്ള മൂന്നംഗ സ്ക്വാഡ് രൂപീകരിച്ച് എല്ലാ ആഴ്ചയും അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

2. പരിശോധന സംബന്ധിച്ച റിപ്പോർട്ടും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിശദീകരണവും എല്ലാ മാസവും നഗരകാര്യ ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർ എന്നിവർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

   അനധികൃത നിർമ്മാണം നടന്നിട്ടുള്ളതായി ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും വിശദമായി പരിശോധിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടതാണ്.

   അനധികൃത നിർമ്മാണങ്ങളെക്കുറിച്ചും തുടർ നടപടികളെക്കുറിച്ചുമുള്ള റിപ്പോർട്ട് എല്ലാ മാസവും നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

3. നിയമം ലംഘിച്ച് നിർമ്മാണം നടത്തുന്ന കെട്ടിട ഉടമസ്ഥനെതിരെ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 406 (1) പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(W) 1 പ്രകാരവും താൽക്കാലിക ഉത്തരവ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം നടത്തുന്ന പക്ഷം മുനിസിപ്പാലിറ്റി ആക്ട് 550 വകുപ്പ് പ്രകാരമോ, പഞ്ചായത്ത് രാജ് ആക്ട് 235 X വകുപ്പ് പ്രകാരമോ പോലീസ് ഉദ്യോഗസ്ഥന്റെ സഹായം തേടി നിർമ്മാണ പ്രവർത്തനം നിർത്തിവെയ്പ്പിക്കേണ്ടതാണ്. താൽക്കാലിക ഉത്തരവു നൽകി 15 ദിവസത്തിനകം നിയമം ലംഘിച്ച് നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റാത്ത പക്ഷം കേരളാ മുനിസിപ്പാലിറ്റി ആക്ട് 406(2)-ാം വകുപ്പു പ്രകാരമോ, പഞ്ചായത്ത് രാജ് ആക്ട് 235 (W)(2) വകുപ്പു പ്രകാരമോ കൺഫർമേഷൻ ഓർഡർ നൽകാവുന്നതും 15 ദിവസത്തിനകം വീണ്ടും കക്ഷി അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാത്ത പക്ഷം മുനിസിപ്പാലിറ്റി ആക്ട് 406(3) വകുപ്പു പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W(3) പ്രകാരവും സെക്രട്ടറിക്കുതന്നെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാവുന്നതും അതിനുവരുന്ന ചിലവ് ഉടമസ്ഥരിൽ നിന്നും ഈടാക്കാവുന്നതുമാണ്.


   ഏതെങ്കിലും കാരണത്താൽ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 406(3) വകുപ്പ് പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W(3) പ്രകാരവും സെക്രട്ടറിമാർ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നില്ല എന്ന് നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും ബോദ്ധ്യം വരുന്ന പക്ഷം മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 406(5) പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W(5) പ്രകാരവും സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് തദ്ദേശസ്വയം ഭരണവകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

4. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയിരിക്കുന്ന ബഹുനില കെട്ടിടങ്ങളുടെ സമീപത്ത് ഉടമസ്ഥന്റെ പേര്, കെട്ടിടത്തിന്റെ ഉപയോഗം, നിലകളുടെ എണ്ണം, ഏതേതു നിയമങ്ങൾ ലംഘിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്നു കാണിച്ചു കൊണ്ടുള്ള ഒരു ബോർഡ്, ആവശ്യമുള്ള വലുപ്പത്തിൽ, പൊതുജനങ്ങൾ കാണത്തക്കരീതിയിൽ പ്രദർശിപ്പിക്കേണ്ടതും ബോർഡും കെട്ടിടവും കൂടി ഉൾപ്പെടുന്ന ഒരു ഫോട്ടോ സെക്രട്ടറി എടുത്തു സൂക്ഷിക്കേണ്ടതുമാണ്.

5. അനധികൃത നിർമ്മാണങ്ങൾക്കുമേൽ നിയമാനുസൃതം നോട്ടീസ് നൽകിയതിനു ശേഷവും നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന സെക്രട്ടറിമാരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

## ആദരാഞ്ജലികൾ



### മുൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സി.എം. സുന്ദരം അന്തരിച്ചു

മുൻ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയും കോൺഗ്രസ് നേതാവുമായ സി.എം സുന്ദരം അന്തരിച്ചു. മേയ് മാസം 1-ാം തീയതി വൈകിട്ട് 5.40 ന് പാലക്കാട്ട് കൽപ്പാത്തിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. വൃക്കസംബന്ധമായ അസുഖത്തെ തുടർന്ന് ദീർഘനാളായി അദ്ദേഹം ചികിത്സയിലായിരുന്നു.

കൽപ്പാത്തി ചാത്തപുരം, സി.എസ് മഹാദേവ അയ്യരുടേയും സി.എസ് സരസ്വതിയുടേയും മകനായി 1919 ജൂലൈ ഒന്നിനാണ് സിഎം സുന്ദരം ജനിച്ചത്. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് ഹയർസെക്കന്ററി സ്കൂൾസർട്ടിഫിക്കറ്റ് കരസ്ഥമാക്കി. കോളേജ് വിദ്യാഭ്യാസക്കാലത്തുതന്നെ വിദ്യാർത്ഥികോൺഗ്രസിന്റെ പ്രവർത്തകനായി. വിദ്യാഭ്യാസത്തിനു ശേഷം ജോലി തേടി മുംബൈയിൽ എത്തിയപ്പോഴും കോൺഗ്രസ് വളണ്ടിയറായി പ്രവർത്തിച്ചു. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിൽ പങ്കെടുത്ത അദ്ദേഹം പിന്നീട് സോഷ്യലിസ്റ്റ് ചേരിയിലേക്ക് മാറി. ജയപ്രകാശ് നാരായണൻ, ഡോ. റാം മോഹൻ എന്നിവരോടൊപ്പം പ്രവർത്തിച്ചു. പിന്നീട് പ്രവർത്തനമേഖല ട്രേഡ് യൂണിയൻ രംഗത്തേക്ക് മാറ്റി. 1952 ൽ ജന്മനാട്ടിൽ തിരിച്ചെത്തി. അകമലവാരം, എമൂർ ദേവസ്വം, മലയടിവാരം മലമ്പുഴ എന്നിവിടങ്ങളിലെ അധഃസ്ഥിതരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു. 1968 ൽ പാലക്കാട് നഗരസഭാ വൈസ് ചെയർമാനായി. 1977, 1980, 1982 വർഷങ്ങളിൽ പി.എസ്.പി സ്ഥാനാർത്ഥിയായും 1987 ൽ യു.ഡി.എഫ് സ്വതന്ത്രനായും 1991, 1996 വർഷങ്ങളിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായും പാലക്കാട് മണ്ഡലത്തിൽ മത്സരിച്ചു. 1996 ൽ ഒഴികെ ബാക്കി എല്ലാ പ്രവാശ്യവും ജയിച്ചു. 1982 മുതൽ 1987 വരെ തദ്ദേശസ്വയംഭരണ - ദേവസ്വം മന്ത്രിയായി. 1981 മുതൽ 1982 വരെ ഇടക്കാല സർക്കാരിലും മന്ത്രിയായി. 1996 ൽ പൂർണമായും രാഷ്ട്രീയത്തിൽ നിന്ന് പിന്മാറി.

# കേരളസർക്കാർ

നം. 23997/ആർ.എ.1/08/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 7-4-2008

## സർക്കുലർ

വിഷയം: ഗ്രാമപഞ്ചായത്തുകളിലെ അനധികൃത നിർമ്മാണം നോട്ടീസ് നൽകുന്നതു സംബന്ധിച്ച്

സൂചന: 1. 6-6-2007ലെ ജി.ഒ. (എം.എസ്) 150/2007/എൽ.എസ്. ജി.ഡി.നമ്പരായുള്ള ഉത്തരവ്.
2. 20-06-2007ലെ 24136/ആർ.എ.1/07/ത.സ്വ.ഭവ. നമ്പരായുള്ള സർക്കുലർ

സൂചന (1) ലെ സർക്കാർ ഉത്തരവോടെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയിട്ടുണ്ട്. പഞ്ചായത്തിനുവേണ്ടി പ്രത്യേക കെട്ടിട നിർമ്മാണ നിയമം സർക്കാർ തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുന്നതുവരെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമം ബാധകമായിരിക്കുമെന്ന് സൂചന (2) ൽ പ്രത്യേകം പ്രതിപാദിച്ചിരുന്നു. പഞ്ചായത്തുകളിൽ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയിരുന്നത് പഞ്ചായത്ത് ആക്ട് സെക്ഷൻ 274 ന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പഞ്ചായത്ത് സെക്രട്ടറിമാർ മുനിസിപ്പാലിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത് നിയമവിരുദ്ധമാണ്. 06-06-07ന് മുൻപ് കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയ പഞ്ചായത്തുകളിലെ സെക്രട്ടറിമാർ പോലും മേൽപ്പറഞ്ഞ ഗൗരവമായ വീഴ്ച വരുത്തിക്കൊണ്ടാണ് അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അനധികൃത നിർമ്മാണത്തിനെതിരെ കക്ഷികൾക്കു നൽകുന്ന പ്രൊവിഷണൽ ഓർഡർ 1994ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406 (1) ഉം (2) ഉം വകുപ്പ് പ്രകാരവും കൺഫർമേഷൻ ഓർഡർ 1994ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406(3)-ാം വകുപ്പു പ്രകാരവുമാണ് പല പഞ്ചായത്തുകളിലും സെക്രട്ടറിമാർ നൽകുന്നതെന്ന് കാണുവാൻ സാധിച്ചു. അത് നിയമാനുസൃതമല്ല. അപ്രകാരം നോട്ടീസ് നൽകിയിട്ടുള്ള പക്ഷം അത് തിരുത്തേണ്ടതും കേരളാ പഞ്ചായത്ത് ആക്ട് സെക്ഷൻ 235 ഡബ്ല്യു പ്രകാരം, നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തിന്റെ പണി പൊളിച്ചുകളയുന്നതിനും മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. (പൊവിഷണൽ ഓർഡറിന്റേയും കൺഫർമേഷൻ ഓർഡറിന്റെയും കോപ്പി അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.)

കൺഫർമേഷൻ ഓർഡർ നൽകിയ ശേഷം നടപടികൾ യാതൊന്നും സ്വീകരിക്കാതെ ധാരാളം കെട്ടിടങ്ങൾ പഞ്ചായത്തുകളിൽ ഇപ്പോൾ നിലനിൽക്കുന്നതായി കാണുന്നു. പഞ്ചായത്ത് ആക്ട് സെക്ഷൻ 235 ഡബ്ളിയു (5) പ്രകാരം സർക്കാരിന് പ്രസ്തുത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് ഏർപ്പാട് ചെയ്യുന്നതിനുള്ള വ്യവസ്ഥയും ഇപ്പോൾ നിലവിലുണ്ട്. അതിനാൽ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉടൻ തന്നെ നേരിട്ടു ചെയ്യേണ്ടതും അല്ലാത്ത പക്ഷം 3 മാസമായിട്ടും നടപടി സ്വീകരിക്കാത്ത കെട്ടിടത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

**.....ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് / നടപടികൾ**

.............................................ഗ്രാമപഞ്ചായത്ത് ..............................ാം വാർഡിൽ ശ്രീ./ശ്രീമതി. ........................................ നടത്തുന്ന അനധികൃത നിർമ്മാണം നിറുത്തി വച്ച് പൊളിച്ച് നീക്കുന്നതിന് നിർദ്ദേശിച്ചു ഉത്തരവു പുറപ്പെടുവിക്കുന്നു.

.......................................................................................

നം: സ്ഥലം: തീയതി:

.......................................................................................

പരാമർശം: 1)
2)

## ഉത്തരവ്

............................................... ഗ്രാമ പഞ്ചായത്തിലെ .................................ാം വാർഡിൽ .................................വില്ലേജിൽ .................................. സർവേ നംപരിൽ ശ്രീ./ശ്രീമതി. താഴെ കാണിച്ചിരിക്കുന്ന വിധത്തിലുള്ള നിർമ്മാണം കേരള പഞ്ചായത്ത് രാജ് ആക്ടിലും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി നടത്തുന്നതായി/ നടത്തിയതായി ബോദ്ധ്യപ്പെട്ടിരിക്കുന്നു. നിയമാനുസൃതമുള്ള അനുമതി വാങ്ങാതെ /അനധികൃതമായി/അനുമതിയിൽ നിന്ന് വ്യതിചലിച്ച് നിയമം ലംഘിച്ച് നടത്തുന്ന നിർമ്മാണം ഈ ഉത്തരവു കിട്ടി ഉടനടി നിർത്തി വച്ച്, പൊളിച്ചു മാറ്റേണ്ടതാണ് എന്ന് കേരളാ പഞ്ചായത്ത് രാജ് ആക്ട് 235 W (1) വകുപ്പ് അനുസരിച്ച് ഇതിനാൽ താൽക്കാലിക ഉത്തരവു പുറപ്പെടുവിക്കുന്നു.

### നിർമ്മാണത്തിന്റെ വിവരം:

CRZ/KMBR/TP Scheme/.........................എന്നിവയിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ........................... സ്ഥലത്തെ .................. സർവെ നമ്പരിലെ താഴെപ്പറയുന്ന ലംഘനങ്ങളുള്ള നിർമ്മാണങ്ങൾ പൊളിച്ചു മാറ്റേണ്ടതാണ്.

| നിർമ്മാണം | ലംഘനങ്ങൾ |
|---|---|

ഈ ഉത്തരവു നടപടി അനുസരിക്കാത്ത പക്ഷം ടി ആക്ട് 235(W)(2), (3), (4) വകുപ്പുകളിൽ വിവരിക്കുന്ന പ്രകാരം ശ്രീ./ശ്രീമതി .............................. പേരിൽ മേൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

സെക്രട്ടറി

ശ്രീ./ശ്രീമതി................................................
പകർപ്പ്:

**...............................................ഗ്രാമപഞ്ചായത്ത്**

തീയതി:

നം:

1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് (1994ലെ 13-ാം ആക്ട് 235 W(1) വകുപ്പ് അനുസരിച്ചുള്ള

## നോട്ടീസ്

കേരള പഞ്ചായത്ത് രാജ് ആക്ട് 235 W(1) വകുപ്പ് അനുസരിച്ചുള്ള താൽക്കാലിക ഓർഡർ ഇതു സഹിതം അയയ്ക്കുന്നു. പ്രസ്തുത ഓർഡർ സ്ഥിരീകരിക്കാതിരിക്കുവാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. വീഴ്ച വരുത്തുന്ന പക്ഷം യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ മേൽ നടപടികൾ തുടരുന്നതായിരിക്കുമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സെക്രട്ടറി

ശ്രീ./ശ്രീമതി..................................
........................................................

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.